

# കാൽവരിക്കപ്പുറം

ഡോ. മൈക്കിൾ കാരിമറ്റം



# കാൽവരിക്കപ്പുറം

ഡോ. മൈക്കിൾ കാരിമറ്റം

കാൽവരിയും മരണവും ഒരു കടന്നുപോകലിന്റെ പ്രതീകമായി നിലകൊള്ളുന്നു. കാൽവരിക്കപ്പുറമാണ് നിത്യജീവൻ. യേശുവിന്റെ കുരിശുമരണത്തെ ഉയർത്തപ്പെടൽ എന്നാണ് യോഹന്നാൻ വിശേഷിപ്പിക്കുന്നത്. "ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും. അവൻ ഇതു പറഞ്ഞത് താൻ ഏതുവിധത്തിലുള്ള മരണമാണ് വരിക്കാൻ പോകുന്നത് എന്നു സൂചിപ്പിക്കാനാണ് " (യോഹ 2,32-33). കുരിശിലൂടെ പിതാവിലേക്ക് ഉയർത്തപ്പെട്ടവൻ തന്റെ അനുയായികളെയും പിതാവിലേക്ക് ആകർഷിക്കും.

ഈ വാഗ്ദാനം അനുസ്മരിക്കാനും അതിന് അനുസൃതമായി ജീവിതം ക്രമീകരിക്കാനും പ്രത്യേകമായി മാറ്റിവച്ചിരിക്കുന്ന അവസരമാണ് ഏഴാഴ്ച ദീർഘിക്കുന്ന നോമ്പുകാലം. നോമ്പിന്റെയും പെസഹായുടെയും വിവിധ വശങ്ങളും അവ ഉണർത്തുന്ന പ്രതീക്ഷയും ആവശ്യപ്പെടുന്ന ഒരുക്കവും ഗ്രഹിക്കാൻ സഹായിക്കുന്ന 50 ലഘുധ്യാനങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. നോമ്പുകാലത്തു മാത്രമല്ല, എന്നും പ്രസക്തമാണ് ഇവിടെ പ്രതിപാദിക്കുന്ന വിഷയങ്ങൾ. മരണം ഒരു കടന്നുപോകലാണെന്നും പിതാവിന്റെ ഭവനത്തിൽ യേശു ഒരുക്കിയ വാസസ്ഥലത്തേക്കുള്ള പ്രവേശനമാണെന്നും "കാൽവരിക്കപ്പുറം" അനുസ്മരിപ്പിക്കുന്നു.

atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600
+91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

ISBN: 978-81-961765-6-3

₹ 170 Also available at: amazon.in & atmabooks.com

Scripture

# കാൽവരിക്കപ്പുറം

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയിൽ ബൈബിൾ അപ്പോസ്റ്റൊലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

**ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ**

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ
13. പാതയിൽ പ്രകാശം
14. പ്രത്യാശയിൽ സന്തോഷം
15. ദൈവം, ദൈവപുത്രൻ, ദൈവമാതാവ്
16. മോശയെപ്പോലൊരു പ്രവാചകൻ
17. ഇപ്പോഴെങ്കിലും
18. സഹായകൻ
19. തിരുനാളുകൾ
20. അബ്ബാ - യേശു പഠിപ്പിച്ച പ്രാർത്ഥന
21. World of Spirits
22. Prophet Like Moses
23. Change the Track
24. Abba - The Prayer Jesus Taught
25. Social Justice in the Bible

# കാൽവരിക്കപ്പുറം

ഡോ. മൈക്കിൾ കാരിമറ്റം

atmabooks@gmail.com

Malayalam
Kalvarikkappuram
(Scripture)
Author: Dr. Michael Karimattam
Copyright:  Author

Layout: Sheeja M
Cover Design: Sreejith George

First Published: April 2023
ISBN: 978-81-961765-6-3

Printed, Published & Distributed by

pavan atma®
book with a soul

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91  9746440800
E-mail: atmabooks@gmail.com
www.atmabooks.com

# താളുകളിൽ


| | | |
|---|---|---|
| | ആമുഖം | 07 |
| 1. | പേത്തർത്താ – കാർണിവൽ | 09 |
| 2. | അമ്പതുനോമ്പ് | 11 |
| 3. | നോമ്പ് | 14 |
| 4. | വിഭൂതി | 17 |
| 5. | ഉപവാസം | 20 |
| 6. | മരുഭൂമി | 23 |
| 7. | മരുഭൂമി – സ്വയം കണ്ടെത്തൽ | 25 |
| 8. | മരുഭൂമി – സംരക്ഷണം | 27 |
| 9. | മരുഭൂമി – പ്രലോഭനം | 29 |
| 10. | അപ്പത്തിന്റെ പ്രലോഭനം | 31 |
| 11. | അപ്പം – ആർത്തി | 33 |
| 12. | അപ്പം: അധ്വാനം, പങ്കുവയ്ക്കൽ | 35 |
| 13. | പ്രലോഭനം 2 – അത്ഭുതം | 37 |
| 14. | വഴിതെറ്റിക്കുന്ന അത്ഭുതങ്ങൾ | 39 |
| 15. | പ്രലോഭനം 3 – അധികാരം | 41 |
| 16. | അനുതാപം | 43 |
| 17. | പാപബോധം | 45 |
| 18. | പാപം – നിയമലംഘനം | 48 |
| 19. | പാപം – വിവിധ മാനങ്ങൾ | 50 |
| 20. | മാനസാന്തരം | 53 |
| 21. | മടങ്ങിവരൂ | 55 |
| 22. | അനുഷ്ഠാനങ്ങൾ പോരാ | 57 |
| 23. | ജീവിതനവീകരണം സുപ്രധാനം | 59 |
| 24. | പുതിയ ജീവിതക്രമം | 61 |

| | | |
|---|---|---|
| 25. | ദൈവപ്രീതിക്ക് | 63 |
| 26. | ദൈവം നരഭോജിയോ? | 65 |
| 27. | ബലി - സ്നേഹത്തിന്റെ പാരമ്യം | 67 |
| 28. | സജീവബലി | 69 |
| 29. | ക്ഷമിക്കുന്ന സ്നേഹം | 71 |
| 30. | ധർമ്മദാനം | 73 |
| 31. | പ്രാർത്ഥന പ്രകടനമാകരുത് | 75 |
| 32. | ഓർമ്മിക്കുക | 77 |
| 33. | സഹനങ്ങളെ ഭയപ്പെടരുത് | 79 |
| 34. | ഉണരുക | 81 |
| 35. | ഔദ്ധത്യം വെടിയുക | 83 |
| 36. | ക്രൂശിതന്റെ വിലാപം | 85 |
| 37. | പിതാവേ ക്ഷമിക്കണമേ | 88 |
| 38. | ഇന്ന് പറുദീസായിൽ | 91 |
| 39. | ഇതാ, നിന്റെ അമ്മ | 93 |
| 40. | എനിക്കു ദാഹിക്കുന്നു | 95 |
| 41. | എല്ലാം പൂർത്തിയായി | 97 |
| 42. | അങ്ങയുടെ കരങ്ങളിൽ | 99 |
| 43. | രാജകീയ നഗരപ്രവേശം | 101 |
| 44. | ദേവാലയ ശുദ്ധീകരണം | 104 |
| 45. | ഫലം തരാത്ത അത്തിവൃക്ഷം | 107 |
| 46. | അനുകരിക്കേണ്ട മാതൃക | 109 |
| 47. | പുതിയ പെസഹാ | 112 |
| 48. | കുരിശിലെ നിലവിളി | 114 |
| 49. | ദൈവത്തിന്റെ മൗനം | 116 |
| 50. | ക്രിസ്തോസ് അനെസ്തെ! | 118 |

# ആമുഖം

**"ഈ ലോകംവിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള തന്റെ മണിക്കൂറായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് യേശു അറിഞ്ഞു"** (യോഹ 13.1).

അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് വാഗ്ദത്ത ഭൂമിയുടെ സ്വാതന്ത്ര്യത്തിലേക്ക് കടന്നുപോയതിന്റെ ഓർമ്മ ഇസ്രായേൽക്കാർ ആണ്ടുതോറും ആഘോഷിച്ചിരുന്ന ഏറ്റം വലിയ തിരുനാളായിരുന്നു പെസഹാ. കടന്നുപോകൽ എന്നാണ് പെസഹാ എന്ന വാക്കിനർത്ഥം. ഈജിപ്തുകാരുടെ ആദ്യജാതന്മാരെ വധിച്ച സംഹാരദൂതൻ തങ്ങളുടെ ഭവനങ്ങളെ തൊടാതെ കടന്നുപോയതും ഈ തിരുനാളിൽ അവർ അനുസ്മരിച്ചു; പെസഹാക്കുഞ്ഞാടിനെ ബലികഴിച്ച്, അതിന്റെ മാംസം ഭക്ഷിച്ചുകൊണ്ട് ആചരിച്ചു. ആഘോഷിച്ചു.

ഈ പശ്ചാത്തലത്തിലാണ് യേശു പെസഹാ ആഘോഷിച്ചതും തന്റെ മരണവും ഉത്ഥാനവും വഴി പെസഹായ്ക്കുതന്നെ പുതിയ അർത്ഥവും മാനവും നല്കിയതും. ക്രിസ്തുവിശ്വാസികൾ ആഘോഷിക്കുന്ന ഏറ്റം വലിയ തിരുനാളാണ് പെസഹാ. അതിനൊരുക്കമായി ഏഴാഴ്ച ദീർഘിക്കുന്ന നോമ്പാചരിക്കുന്നു. നോമ്പാചരണവും പെസഹാ ആഘോഷവും ഈ ലോകജീവിതം പരിമിതവും വലിയൊരു കടന്നുപോകലിനുള്ള ഒരുക്കവും ആണെന്ന് വിശ്വാസികളെ അനുസ്മരിപ്പിക്കുന്നു.

യേശുവിന്റെ കുരിശുമരണം അവസാനമായിരുന്നില്ല, അത് ഒരു കടന്നുപോകലായിരുന്നു. പിതാവിന്റെ അടുക്കലേക്കുള്ള കടന്നുപോകൽ. കുരിശുമരണത്തിലൂടെ പിതാവിന്റെ കരങ്ങളിൽ യേശു തന്റെ ജീവൻ സമർപ്പിച്ചു. പിതാവ് പുനരുത്ഥാനത്തിലൂടെ

യേശുവിനെ മഹത്വത്തിലേക്കുയർത്തി. മനുഷ്യവതാരവേളയിൽ മാറ്റിവച്ച ദൈവികമഹത്വം വീണ്ടും സ്വീകരിക്കുന്നതാണ് യേശുവിന്റെ മഹത്വീകരണം (ഫിലി 2,6-11).

കാൽവരിയും മരണവും ഒരു കടന്നുപോകലിന്റെ പ്രതീകമായി നിലകൊള്ളുന്നു. കാൽവരിക്കപ്പുറമാണ് നിത്യജീവൻ. യേശുവിന്റെ കുരിശുമരണത്തെ ഉയർത്തപ്പെടൽ എന്നാണ് യോഹന്നാൻ വിശേഷിപ്പിക്കുന്നത്. "*ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും. അവൻ ഇതു പറഞ്ഞത് താൻ ഏതുവിധത്തിലുള്ള മരണമാണ് വരിക്കാൻ പോകുന്നത് എന്നു സൂചിപ്പിക്കാനാണ്*" (യോഹ 2,32-33). കുരിശിലൂടെ പിതാവിലേക്ക് ഉയർത്തപ്പെട്ടവൻ തന്റെ അനുയായികളെയും പിതാവിലേക്ക് ആകർഷിക്കും.

ഈ വാഗ്ദാനം അനുസ്മരിക്കാനും അതിന് അനുസൃതമായി ജീവിതം ക്രമീകരിക്കാനും പ്രത്യേകമായി മാറ്റിവച്ചിരിക്കുന്ന അവസരമാണ് ഏഴാഴ്ച ദീർഘിക്കുന്ന നോമ്പുകാലം. നോമ്പിന്റെയും പെസഹായുടെയും വിവിധ വശങ്ങളും അവ ഉണർത്തുന്ന പ്രതീക്ഷയും ആവശ്യപ്പെടുന്ന ഒരുക്കവും ഗ്രഹിക്കാൻ സഹായിക്കുന്ന 50 ലഘുധ്യാനങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. നോമ്പുകാലത്തു മാത്രമല്ല, എന്നും പ്രസക്തമാണ് ഇവിടെ പ്രതിപാദിക്കുന്ന വിഷയങ്ങൾ. മരണം ഒരു കടന്നുപോകലാണെന്നും പിതാവിന്റെ ഭവനത്തിൽ യേശു ഒരുക്കിയ വാസസ്ഥലത്തേക്കുള്ള പ്രവേശനമാണെന്നും "കാൽവരിക്കപ്പുറം" അനുസ്മരിപ്പിക്കുന്നു. (19.2.2023 - 9.4.2023 ദീപിക ദിനപത്രത്തിലൂടെ പ്രസിദ്ധീകരിച്ചതാണ് ഈ ലഘുവിചിന്തനങ്ങൾ.)

# 1

## പേത്തർത്താ - കാർണിവൽ

**“യോനാനഗരത്തിൽ കടന്ന് ഒരു ദിവസത്തെ വഴി നടന്നു. അനന്തരം, അവൻ വിളിച്ചുപറഞ്ഞു, നാല്പതുദിവസം കഴിയുമ്പോൾ നിനെവേ നശിപ്പിക്കപ്പെടും. നിനെവേയിലെ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ചു. അവർ ഒരു ഉപവാസം പ്രഖ്യാപിച്ചു. ചെറിയവരും വലിയവരും ഒന്നുപോലെ ചാക്കുടുത്തു. ഈ വർത്ത നിനെവേ രാജാവു കേട്ടു. അവൻ സിംഹാസനത്തിൽനിന്ന് എഴുന്നേറ്റ് രാജകീയ വസ്ത്രം മാറ്റി, ചാക്കുടുത്ത് ചാരത്തിൽ ഇരുന്നു. അവൻ നിനെവേ മുഴുവൻ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. .... ഓരോരുത്തരും താന്താങ്ങളുടെ ദുർമ്മാർഗത്തിൽനിന്നും അക്രമങ്ങളിൽനിന്നും പിന്തിരിയട്ടെ...”** (യോനാ 3,4–9).

മാനവ രക്ഷയുടെ അടിസ്ഥാനമായ യേശുക്രിസ്തുവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന പെസഹാത്തിരുനാളിനൊരുക്കമായി നോമ്പാചരിക്കുന്ന കാലം ഈ വർഷം ഫെബ്രുവരി 20ന് ആരംഭിക്കുകയാണ്. ഏഴ് ആഴ്ച ദീർഘിക്കുന്ന ഈ നോമ്പുകാലത്തിന്റെ അർത്ഥവും ആചാരാനുഷ്ഠാനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദീകരിക്കുന്ന ചെറിയ ലേഖനങ്ങൾ ഈ നോമ്പുകാലം മുഴുവൻ ഓരോ ദിവസം പ്രസിദ്ധീകരിക്കുന്നു. അതിന്റെ തുടക്കമാണിത്.

നോമ്പാരംഭം കുറിക്കുന്ന ദിവസത്തെ പേത്തർത്താ എന്നാണ് പൗരസ്ത്യ ക്രിസ്ത്യാനികൾ വിശേഷിപ്പിക്കുന്നത്. പേത്തുർത്താ എന്നും പറയും. വേർതിരിക്കുക, മാറ്റിനിർത്തുക എന്നൊക്കെ അർത്ഥമുള്ള ‘പത്താർ’ എന്ന ക്രിയാധാതുവിൽ

നിന്നു രൂപംകൊണ്ട ഒരു സുറിയാനി നാമമാണ് പേത്തർത്താ. 'അവസാനിപ്പിക്കൽ, മാറ്റിവയ്ക്കൽ, തിരിഞ്ഞുനോക്കൽ' എന്നൊക്കെ ഈ വാക്കിന് അർത്ഥമുണ്ട്. ഇതുവരെ അനുവർത്തിച്ചുവന്ന, ഒരുപക്ഷേ ദൈവത്തിന് സ്വീകാര്യമല്ലാത്ത, ആഘോഷങ്ങളുടെയും ആർഭാടങ്ങളുടെയും സുഖലോലുപതയുടെയുമായ ജീവിതശൈലി അവസാനിപ്പിച്ച്, ഒരു പുതിയ ജീവിതത്തിനു തുടക്കം കുറിക്കണം എന്ന് ഈ വാക്ക് അനുസ്മരിപ്പിക്കുന്നു.

പാശ്ചാത്യസഭയിലും പാശ്ചാത്യസംസ്കാരം നിലനില്ക്കുന്ന ഇടങ്ങളിലും കാർണിവൽ എന്ന പേരിലാണ് നോമ്പാരംഭം അറിയപ്പെടുന്നത്. ഈ വാക്കിന്റെ ഉറവിടമായി രണ്ടു ലത്തീൻ വാക്കുകൾ എടുത്തുകാട്ടാറുണ്ട്. "കാർണെം ലെവാരെ" (Carnem Levare) എന്നതാണ് ആദ്യത്തേത്. മാംസം എടുത്തു മാറ്റുക എന്നർത്ഥം. "കാർണെ വാലെ" (Carne Vale) എന്നതാണ് രണ്ടാമത്തെ വ്യാഖ്യാനം. "മാംസമേ വിട" എന്നർത്ഥം. രണ്ടിന്റെയും അർത്ഥം ഫലത്തിൽ ഒന്നുതന്നെ. നോമ്പുകാലത്ത് മത്സ്യമാംസാദികളും മദ്യവും ഉല്ലാസാഘോഷങ്ങളും എല്ലാം ഒഴിവാക്കണം. അതിന് ഒരുക്കമായി വീട്ടിൽ ബാക്കിയിരിക്കുന്ന, നോമ്പുകാലത്ത് നിഷിദ്ധമായ ഭക്ഷണപാനീയങ്ങൾ വെറുതെ കളയാതിരിക്കാൻവേണ്ടി, തിന്നും കുടിച്ചും തീർക്കുന്നു. അതോടൊപ്പം കോമാളിവേഷം കെട്ടിയും, നൃത്തം ചെയ്തും, ഘോഷയാത്രകൾ നടത്തിയും എല്ലാം ആഘോഷിക്കുന്നു. ചിലപ്പോഴൊക്കെ ഈ ആഘോഷങ്ങൾ സഭ്യതയുടെ അതിരുകൾ കടക്കാറുണ്ട്. കാർണിവൽ എന്നാൽ എന്തും അനുവദനീയമായ ഒരവസരം എന്ന ചിന്തയും പലേടത്തും നിലനിൽക്കുന്നുണ്ട്.

പേത്തർത്തായും കാർണിവലും ലക്ഷ്യംവയ്ക്കുന്നത് മനുഷ്യന്റെ അധമ വാസനകളെ കയറൂരിവിടുകയല്ല, മറിച്ച് ദൈവഹിതമനുസരിച്ച് ജീവിതം ക്രമപ്പെടുത്താൻ, വഴിതെറ്റിയിട്ടുണ്ടെങ്കിൽ അനുതപിച്ച് തിരിച്ചുവരാനുള്ള ഒരുക്കത്തിന് ആഹ്വാനം ചെയ്യുകയാണ്. ദൈവത്തിന്റെ തിരുവചനത്തിന് കാതോർക്കാം. നിനെവേയിലെ മനുഷ്യർ യോനാപ്രവാചകന്റെ വാക്കുകേട്ട് മനസുമാറ്റി പ്രായശ്ചിത്തം അനുഷ്ഠിച്ചത് ഏവർക്കും ഒരു മാതൃകയാകട്ടെ.

## 2

# അമ്പതുനോമ്പ്

**"യേശു പരിശുദ്ധാത്മാവു നിറഞ്ഞവനായി ജോർദ്ദാനിൽ നിന്നു മടങ്ങി. ആത്മാവ് അവനെ മരുഭൂമിയിലേക്കു നയിച്ചു. അവൻ പിശാചിനാൽ പരീക്ഷിക്കപ്പെട്ട് നാല്പതുദിവസം അവിടെ കഴിഞ്ഞുകൂടി. ആ ദിവസങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചില്ല"** (ലൂക്കാ 4,1-2).

ആരാധനക്രമവത്സരത്തിലെ ഏറ്റം പ്രധാന തിരുനാളായ പെസഹാ ആഘോഷിക്കുന്നതിന് ഒരുക്കമായി നടത്തുന്ന നോമ്പാചരണത്തെ അമ്പതുനോമ്പ് എന്നാണ് പൊതുവേ വിശേഷിപ്പിക്കുക. "വലിയനോമ്പ്" എന്നും വിളിക്കാറുണ്ട്. കത്തോലിക്കാസഭയിൽ പുരാതനകാലം മുതലേ അനേകം നോമ്പാചരണങ്ങൾ നിലവിലിരുന്നു. യോനാ പ്രവാചകന്റെ പ്രസംഗംകേട്ട് അനുതപിച്ച നിനെവേക്കാർ രാജകല്പനയനുസരിച്ച് ഉപവസിച്ചതിനെ അനുസ്മരിക്കുന്ന മൂന്നുനോമ്പ്, പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാളായ ഡിസംബർ 8ന് ഒരുക്കമായി ആചരിക്കുന്ന 8 നോമ്പ്, മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളായ ആഗസ്റ്റ് 15ന് ഒരുക്കമായി ആചരിക്കുന്ന 15 നോമ്പ്, യേശുവിന്റെ ജനനത്തിരുനാളിന്റെ തുടക്കമായി ആചരിക്കുന്ന 25 നോമ്പ് മുതലായവ ഉദാഹരണങ്ങൾ. ഇവയേക്കാൾ എല്ലാം കൂടുതൽ ദീർഘിക്കുന്നതിനാൽ വലിയ നോമ്പ് എന്നു വിളിക്കുന്നു.

അമ്പതുനോമ്പ് എന്നു വിളിക്കുന്നെങ്കിലും യഥാർത്ഥത്തിൽ നാല്പതുദിവസമാണ് നോമ്പാചരണമായി കരുതുന്നത്.

എന്താണ് 40 ദിവസത്തിന്റെ പ്രത്യേകത, എന്തുകൊണ്ട് "അമ്പതു നോമ്പ്" എന്നു പറയുന്നു എന്നീ ചോദ്യങ്ങൾ പ്രസക്തമാണ്. ആദ്യമേ നാല്പതുദിവസത്തിന്റെ കാര്യം പരിഗണിക്കാം.

ഏറ്റം ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത്, പരസ്യജീവിതത്തിന് ഒരുക്കമായി യേശു 40 ദിവസം ഉപവസിച്ചു എന്ന മത്തായി, മർക്കോസ്, ലൂക്കാ എന്നീ സമാന്തര സുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിരിക്കുന്ന സംഭവമാണ്. ഒന്നും ഭക്ഷിക്കാതെ നിരന്തരമായ പ്രാർത്ഥനയിൽ യേശു ചിലവഴിച്ച ആ നാല്പതു ദിവസത്തെ അനുസ്മരിച്ച് ഇന്നു ക്രൈസ്തവർ നാല്പതു ദിവസം ഉപവസിക്കുന്നു. ഇതിന് പുറമേ, പഴയനിയമത്തിലെ പല സംഭവങ്ങളും നാല്പതിന്റെ പ്രാധാന്യം എടുത്തുകാട്ടുന്നുണ്ട്. കാളക്കുട്ടിയുടെ സ്വർണ്ണവിഗ്രഹം ഉണ്ടാക്കി ആരാധിച്ച് ദൈവകോപത്തിനിരയായ ജനത്തിനുവേണ്ടി മാപ്പിരന്നു പ്രാർത്ഥിച്ചുകൊണ്ട് മോശ സീനായ്മലയിൽ നാല്പതുദിനരാത്രങ്ങൾ ചിലവഴിച്ചു. അവൻ ആ നാളുകളിൽ ഒന്നും ഭക്ഷിച്ചില്ല, പാനം ചെയ്തതുമില്ല (പുറ 34, 28). കാർമ്മൽ മലയിലെ ബലിയർപ്പണത്തിനുശേഷം ജെസബെൽ രാജ്ഞിയെ ഭയന്ന് ഓടിയ ഏലിയാ പ്രവാചകൻ, മരുഭൂമിയിൽവച്ചു ലഭിച്ച അപ്പത്തിന്റെയും വെള്ളത്തിന്റെയും ശക്തിയാൽ നാല്പതു ദിനരാത്രങ്ങൾ യാത്ര ചെയ്ത് സീനായ് മലയിലെത്തി (1 രാജാ 19). ഇതിനെല്ലാം ഉപരി, വാഗ്ദത്തഭൂമിയിലേക്കുള്ള യാത്രയിൽ ഇസ്രായേൽ ജനം നാല്പതുവർഷം മരുഭൂമിയിൽ അലഞ്ഞു. ഇതിന്റെയെല്ലാം ഓർമ്മയാണ് നാല്പതു ദിവസം ഉപവസിക്കുന്നതിലൂടെ ആചരിക്കുന്നത്.

എപ്രകാരമാണ് 40 ദിവസം നിശ്ചയിക്കുക എന്നതും ശ്രദ്ധേയമാണ്. പേത്തർത്താ ഞായർ മുതൽ ഉത്ഥാന ഞായർ വരെ ദീർഘിക്കുന്ന ഏഴ് ആഴ്ചകളാണ് ഉപവാസക്കാലം. ഞായറാഴ്ചകൾ ഉപവാസത്തിൽനിന്ന് ഒഴിവാക്കപ്പെടുന്നു. അപ്പോൾ 7X6=42 ദിവസം എന്നുവരുന്നു. പൗരസ്ത്യസഭകളിൽ ദുഃഖവെള്ളിയും ദുഃഖശനിയും അതികഠിനമായ ഉപവാസത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ദിവസങ്ങളായി പരിഗണിച്ച്, മറ്റു ദിവസങ്ങളിൽ നിന്നു മാറ്റുന്നതിനാൽ 40 എന്ന സംഖ്യ കിട്ടുന്നു. പാശ്ചാത്യ സഭകളിൽ ആദ്യ ആഴ്ചയിലെ തിങ്കൾ - ചൊവ്വ കാർണിവൽ ദിവസങ്ങളായി പരിഗണിച്ച് ബുധനാഴ്ച നോമ്പാരംഭിക്കുന്നതിനാലും 40 എന്ന സംഖ്യ കിട്ടുന്നു.

ഇനി അമ്പതുനോമ്പിന്റെ, കാര്യം. പൗരസ്ത്യസഭകളിൽ, പ്രത്യേകിച്ചും സീറോമലബാർ സഭയിൽ ഞായറാഴ്ചയടക്കം എല്ലാ ദിവസങ്ങളും നോമ്പിന്റെ ദിവസങ്ങളാണ്. പേത്തുർത്ത ഞായറിൽ തുടങ്ങി ഉത്ഥാന ഞായറിൽ അവസാനിക്കുമ്പോൾ 50 ദിവസങ്ങളാകുന്നു.

പരസ്യജീവിതത്തിനൊരുക്കമായി യേശു മരുഭൂമിയിൽ ചില വഴിച്ച 40 ദിവസമാണ് ഇതിൽ ഏറ്റം പ്രധാനം. അതുതന്നെ ആയിരിക്കണം ഇന്ന് നോമ്പാചരണത്തിന് മാതൃകയും പ്രചോദനവും. പരിശുദ്ധാത്മാവിന്റെ പ്രേരണകൾക്കു കാതോർക്കുക. ദൈവത്തോടും സഹോദരങ്ങളോടും സൗഹൃദത്തിൽ, ഒരുമിച്ചു വസിക്കുക. അതാണ് നോമ്പിന്റെയും ഉപവാസത്തിന്റെയും മുഖ്യമായ അർത്ഥവും ലക്ഷ്യവും.

3

## നോമ്പ്

**"കർത്താവ് അരുളിച്ചെയ്യുന്നു: ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടും കൂടെ നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചുവരുവിൻ. നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്. നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്കു തിരിച്ചുവരുവിൻ"** (ജോയേൽ 2, 12-13).

മിക്കവാറും എല്ലാ മതങ്ങളും നോമ്പ് ആചരിക്കാറുണ്ട്. ഹിന്ദുമതത്തിലും ഇസ്ലാംമതത്തിലും വിവിധങ്ങളായ ആചാരാനുഷ്ഠാനങ്ങളോടുകൂടിയ നോമ്പാചരണങ്ങളുണ്ട്. ക്രൈസ്തവരുടെ ഇടയിലും വ്യത്യസ്തങ്ങളായ നോമ്പുകൾ ആചരിക്കാറുണ്ട്. എന്താണ് നോമ്പ്, എന്താണിതിന്റെ ആചാരാനുഷ്ഠാനങ്ങൾ, ലക്ഷ്യങ്ങൾ എന്നു ചിന്തിക്കുക ആവശ്യമാണ്.

നോമ്പ് എന്ന വാക്കിൽത്തന്നെ തുടങ്ങാം. "നോവുക" എന്ന ക്രിയയുമായി ബന്ധപ്പെട്ടതാണ് നോമ്പ് എന്ന വാക്ക്. നൊയ്+അൻപ് എന്ന രണ്ടുവാക്കുകൾ കൂടിച്ചേർന്ന് നോയമ്പ്, അതു ലോപിച്ച് നോമ്പ്, ഉണ്ടായി. നോമ്പു നോല്ക്കുക എന്നും പറയും. വാക്കിന്റെ ഉല്പത്തിയിൽനിന്ന് ലഭിക്കുന്ന അർത്ഥം "നൊന്തു സ്നേഹിക്കുക" എന്നത്രെ. സ്നേഹത്തിന്റെ ആഴം അളക്കാനുള്ള മാനദണ്ഡമാണ് സഹനം. "*തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു*" (യോഹ 3,16) എന്നു പറയുമ്പോൾ ഈ ആശയം വ്യക്തമാകുന്നു. "*സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ*

*വലിയ സ്നേഹമില്ല*" (യോഹ 15, 13) എന്ന ഗുരുവചനവും, സ്നേഹവും നോമ്പും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു.

വാക്കിന്റെ ഉറവിടം തേടുമ്പോൾ കിട്ടുന്ന അർത്ഥം ഇതാണെ ങ്കിലും നോമ്പ് എന്നു കേൾക്കുമ്പോൾ മനസിൽ തെളിയുന്ന ചിത്രം ചില ആചാരാനുഷ്ഠാനങ്ങളുടേതാണ്. മാംസം, മത്സ്യം, മുട്ട തുടങ്ങിയ ചില ആഹാരങ്ങൾ വർജ്ജിക്കുക, ചില പ്രത്യേക തരം വസ്ത്രം ധരിക്കുക, ദേഹത്ത് ഭസ്മം പൂശുക, ഒരു ദിവസ ത്തേക്കോ അനേകം ദിവസങ്ങളിലേക്കോ ഭക്ഷണം വേണ്ടെന്നു വയ്ക്കുക, തീർത്ഥാടനം നടത്തുക, ഇതെല്ലാമാണ് നോമ്പാച രണം എന്നു കേൾക്കുമ്പോൾ ചിന്തയിലേക്കു കടന്നുവരുന്നത്. അതോടൊപ്പം ചില പ്രാർത്ഥനകൾ ഉരുവിടുക, സ്വന്തം ശരീ രത്തെ വേദനിപ്പിക്കുന്ന ചില ആചാരങ്ങൾ, ഉദാ: ചെരുപ്പില്ലാതെ നടക്കുക, മുള്ളരഞ്ഞാണം ധരിക്കുക, സ്വന്തം ശരീരത്തിൽ അടി ക്കുക, മുറിവേല്പിക്കുക, എന്നിങ്ങനെ നോമ്പുമായി ബന്ധപ്പെട്ട നിരവധി ആചാരങ്ങൾ ഇന്നും പല മതങ്ങളിലും നില നില്ക്കുന്നു.

ഇസ്രായേൽ ജനം വെട്ടുക്കിളി ശല്യം എന്ന ഒരു മഹാമാരി നേരിട്ട അവസരത്തിൽ ജോയേൽ പ്രവാചകൻ വഴി ദൈവം നല്കിയ ആഹ്വാനമാണ് ആരംഭത്തിൽ ഉദ്ധരിച്ചത്. ഉപവാസം, വിലാപം, നെടുവീർപ്പ് മുതലായ ബാഹ്യപ്രവൃത്തികൾ ആഴ മേറിയ ആത്മീയ ഭാവങ്ങളുടെ പ്രകടനങ്ങളാകണം. പുരോഹി തന്മാരുടെ നേതൃത്വത്തിൽ ജനം ഒന്നടങ്കം കർത്താവിന്റെ മുമ്പിൽ വിലപിക്കണം, യാചിക്കണം, നോമ്പാചരണത്തിന്റെ വിവിധ ഭാവങ്ങൾ ഇവിടെ തെളിയുന്നു.

ഈ ആചാരങ്ങളും അനുഷ്ഠാനങ്ങളും വലിയൊരു മാന സാന്തരത്തിന്റെ, അഥവാ ഹൃദയപരിവർത്തനത്തിന്റെ അടയാള ങ്ങളായിരിക്കണം. അതാണ് "*വസ്ത്രമല്ല ഹൃദയമാണ് കീറേ ണ്ടത്*" എന്നു പറയുന്നതിലൂടെ അർത്ഥമാക്കുന്നത്. ചെയ്തു പോയ തെറ്റുകളെ ഓർത്തു ഹൃദയംനൊന്തു കരയുക, വഴിമാറി നടന്നെങ്കിൽ നേരായ വഴി കണ്ടുപിടിച്ച് നടക്കാൻ ശ്രമിക്കുക.

ദേശീയ പ്രതിസന്ധിയുടെ അവസരത്തിൽ ജോയേൽ പ്രവാ ചകനിലൂടെ ദൈവം നല്കിയ ആഹ്വാനം ഇന്ന് ഏറെ പ്രസക്ത മായിരിക്കുന്നു. അന്നത്തെ വെട്ടുക്കിളിയുടെ സ്ഥാനത്ത് ഇന്ന്

മറ്റനേകം മഹാമാരികൾ. ഏതെങ്കിലും ഒരു രാജ്യത്തെയോ ഭൂപ്രദേശത്തെയോ മാത്രമല്ല, ഈ ഭൂഗോളത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന കോവിഡ് 19 അവയിൽ ഒന്നുമാത്രം.

ഇവിടെ നോമ്പാചരണം ഏറെ പ്രസക്തമാകുന്നു. ഏതാനും ചില ബാഹ്യാനുഷ്ഠാനങ്ങളിൽ ഒതുക്കാതെ യഥാർത്ഥമായൊരു ഹൃദയപരിവർത്തനത്തിലേക്കു നയിക്കുന്നതാകണം നോമ്പാചരണം. നൊന്തു സ്നേഹിക്കുക, ദൈവത്തെയും സഹജീവികളെയും ഈ പ്രപഞ്ചത്തെ മുഴുവനും സ്നേഹിക്കാൻ, സ്നേഹത്തിന്റെ പേരിൽ ആവശ്യമായി വരുന്ന സഹനങ്ങൾ ഏറ്റെടുക്കാൻ, ഈ വലിയനോമ്പ് ആഹ്വാനം ചെയ്യുന്നു. സ്നേഹത്തിന്റെ ആഴം അളക്കുന്ന മാനദണ്ഡം സഹനമാണെന്ന് നോമ്പാചരണം അനുസ്മരിപ്പിക്കുന്നു, അനുസ്മരിക്കണം, അനുസരിക്കണം.

# 4

## വിഭൂതി

**"തിന്നരുത് എന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കു കേട്ടു നീ തിന്നതുകൊണ്ട് നീ മൂലം മണ്ണു ശപിക്കപ്പെടുന്നതായിരിക്കും. ആയുഷ്ക്കാലം മുഴുവൻ കഠിനാധ്വാനം കൊണ്ട് നീ അതിൽനിന്നു കാലയാപനം ചെയ്യും..... മണ്ണിൽനിന്ന് എടുക്കപ്പെട്ട നീ മണ്ണിനോടു ചേരുന്നതുവരെ, നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കും. നീ പൊടിയാണ്, പൊടിയിലേക്കുതന്നെ നീ മടങ്ങും"** (ഉൽപ 3, 17-19).

തലയിൽ ചാരം പൂശിയോ നെറ്റിയിൽ ചാരംകൊണ്ടു കുരിശു വരച്ചോ വലിയനോമ്പാചരണം തുടങ്ങിയതിനെ വിഭൂതി തിരുനാൾ എന്നു വിശേഷിപ്പിക്കുന്നു. ചാരം അഥവാ ഭസ്മം എന്നാണ് "വിഭൂതി" എന്ന വാക്കിനർത്ഥം. ലത്തീൻ ആരാധനക്രമപ്രകാരം ബുധനാഴ്ചയാണ് വിഭൂതി ആചരിക്കുക. പൗരസ്ത്യസഭകളിൽ പൊതുവേ തിങ്കളാഴ്ചയും. നോമ്പാരംഭിക്കുന്ന വിശ്വാസികളുടെ മേൽ കുരിശുവരച്ചുകൊണ്ട് പുരോഹിതൻ പറയുന്ന വാക്കുകൾ തന്നെ ഈ തിരുനാളിന്റെയും ആചാരത്തിന്റെയും അർത്ഥം വ്യക്തമാക്കുന്നു. "*നീ പൊടിയാണ്. പൊടിയിലേക്കുതന്നെ നീ മടങ്ങും.*"

ഇത് ഒരു ഓർമ്മപ്പെടുത്തലാണ്. നാം ആരെന്നും നമ്മുടെ അവസ്ഥയും അന്ത്യവും എന്തെന്നും നമ്മെ ഓർമ്മപ്പെടുത്തുന്ന ശക്തവും വ്യക്തവുമായ ഒരു ആചാരം. ഭൂമിയിലെ പൂഴികൊണ്ട് മെനഞ്ഞെടുത്ത രൂപത്തിൽ ദൈവത്തിന്റെ ശ്വാസം നിറഞ്ഞപ്പോഴാണ് മനുഷ്യൻ ഉണ്ടായത് എന്ന് മനുഷ്യസൃഷ്ടിയുടെ വിവരണത്തിൽ പറഞ്ഞുവച്ചതിന്റെ (ഉൽപ 2, 7) തുടർച്ചയാണിത്.

മനുഷ്യന്റെ മഹത്വവും ഒപ്പം നിസ്സാരതയും എടുത്തുകാട്ടുന്ന രണ്ടു പ്രതീകങ്ങൾ - ദൈവത്തിന്റെ ശ്വാസവും മണ്ണിലെ പൊടിയും; മർത്യതയും അവർത്യതയും സൂചിപ്പിക്കുന്ന പ്രതീകങ്ങൾ. പൂഴി മനുഷ്യനായത് ദൈവത്തിന്റെ ശ്വാസം മൂലമാണ്. ദൈവവു മായുള്ള ഈ നാഭീ-നാള ബന്ധമാണ് മനുഷ്യമഹത്വത്തിന്റെ നിദാനം. ആ ബന്ധം വിഛേദിച്ചാൽ മനുഷ്യൻ മണ്ണിലേക്കു മടങ്ങും, മണ്ണായിത്തീരും.

ദൈവത്തിന്റെ ശ്വാസമാണ് തന്റെ ജീവൻ നിലനിർത്തുന്നത് എന്ന് അനുസ്മരിപ്പിക്കാൻ വേണ്ടി നല്കിയതായിരുന്നു നന്മ തിന്മയുടെ അറിവിന്റെ വൃക്ഷത്തിലെ ഫലം ഭക്ഷിക്കരുത് എന്ന കല്പന (ഉൽപ 2,17). മരവും പഴവും പ്രലോഭകനായ സർപ്പവും എല്ലാം പ്രതീകങ്ങളാണ്; കഥാരൂപത്തിൽ ആഴമേറിയ ഒരു സത്യം അവതരിപ്പിക്കാനായി ഉപയോഗിക്കുന്ന പ്രതീകങ്ങൾ (ഉൽപ 3,1-7). താൻ ദൈവമല്ല, ദൈവത്തിന്റെ മുഖം വഹിക്കുന്ന (ഉൽപ 1,26), ദൈവത്തിന്റെ ശ്വാസം ഉള്ളിൽ ത്രസിക്കുന്ന, സൃഷ്ടിയാണ് എന്ന കാര്യം ഓർക്കണം, അംഗീകരിക്കണം, അത നുസരിച്ചു ജീവിക്കണം. ഈ പ്രപഞ്ചത്തിൽ ദൈവത്തിന്റെ പ്രതിനിധിയായി, ദൈവത്തിന്റെ തോട്ടത്തിലെ വേലക്കാരനും കാവൽക്കാരുമായി വർത്തിക്കണം.

പക്ഷേ വേലക്കാരൻ ഉടമയാകാൻ ശ്രമിച്ചു. കാവൽക്കാരൻ വേലി പൊളിച്ചു. വിലക്കപ്പെട്ട പഴം തിന്ന മനുഷ്യൻ തന്റെ ഉറവി ടവും ലക്ഷ്യവും മറന്നതിന്റെ ഫലമാണ് വിഭൂതിയിലൂടെ അനു സ്മരിപ്പിക്കുന്നത്. നീ മണ്ണാണ്. മണ്ണിലേക്കുതന്നെ മടങ്ങും. ഈ യാഥാർത്ഥ്യത്തെക്കുറിച്ച് ആഴമേറിയ അവബോധം നല്കുന്നതി നുവേണ്ടിയാണ് തലയിൽ ചാരം പൂശുന്നതും നെറ്റിയിൽ കരിക്കു രിശു വരയ്ക്കുന്നതും.

ഓശാന ഞായറാഴ്ച യേശുവിന്റെ രാജത്വം പ്രഘോഷിച്ചു കൊണ്ടു നടത്തിയ പ്രദക്ഷിണത്തിൽ ഉപയോഗിച്ച കുരിശോല സൂക്ഷിച്ചുവയ്ക്കും. അതു കത്തിച്ച ചാരമാണ് വിഭൂതിക്കായി ഉപയോഗിക്കുക. ചാരം തലയിൽ കുരിശാകൃതിയിൽ ഇടുകയോ, അല്ലെങ്കിൽ എണ്ണയിൽ ചാലിച്ച് നെറ്റിയിൽ കുരിശുവരയ്ക്കു കയോ ചെയ്യാം. രണ്ടാമത്തേതാണ് നമ്മുടെ നാട്ടിൽ പ്രചാരത്തി ലിരിക്കുന്ന ആചാരം. രണ്ടിന്റേയും അർത്ഥം ഒന്നുതന്നെ.

ദൈവത്തിന്റെ ശ്വാസത്താൽ, ആത്മാവിനാൽ, ദൈവമക്കളായി ദത്തെടുക്കപ്പെട്ടവരാണ് നാം എന്ന് ഓർമ്മിക്കണം. എന്റെ ജീവിതത്തെ നയിക്കുന്നത് ദൈവത്തിന്റെ ആത്മാവായിരിക്കണം. ദൈവാത്മാവിന്റെ പ്രചോദനങ്ങൾക്കു ഞാൻ കാതോർക്കണം. അനുസരിക്കണം. ശരീരവും അതിന്റെ ആസക്തികളും നശ്വരമാണ്. ശരീരത്തിന്റെ ഇഛകളെ ആത്മാവിന്റെ ശക്തിയാൽ ഞാൻ കീഴടക്കണം. എങ്കിലേ ഈ മർത്യശരീരം മണ്ണടിയുമ്പോഴും ഞാൻ എന്ന വ്യക്തി ദൈവത്തോടൊന്നിച്ച് എന്നേക്കും സന്തോഷത്തോടെ ജീവിക്കൂ!

മണ്ണിലേക്കു മടങ്ങുന്ന ശരീരം വീണ്ടും ഉയിർത്തെഴുന്നേല്ക്കും എന്നും വിഭൂതി നമ്മേ അനുസ്മരിപ്പിക്കുന്നുണ്ട്. അതിന്റെ അടയാളമാണ് നെറ്റിയിൽ വരയ്ക്കുന്ന കുരിശ്. പാപത്തിന്റെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കും മഹത്വത്തിലേക്കും മനുഷ്യനെ ഉയർത്തിയത് യേശുവിന്റെ കുരിശുമരണം വഴിയാണ്. ആ കുരിശിന്റെ മുദ്ര പേറുമ്പോൾ, പാപത്തിന്റെ വഴികൾ ഉപേക്ഷിച്ച്, ദൈവമക്കളുടെ ജീവിതശൈലി അനുവർത്തിക്കണം എന്ന് ഓർമ്മപ്പെടുത്തുന്ന ദിവസമാണ് വിഭൂതിതിരുനാൾ. പൊടിയിലേക്കു മടങ്ങുന്ന നീ വീണ്ടും അമർത്യനായി ഉയിർത്തെഴുന്നേല്ക്കും എന്നും ഓർമ്മിക്കണം.

# 5

## ഉപവാസം

**"സീയോനിൽ കാഹളം മുഴക്കുവിൻ ഉപവാസം പ്രഖ്യാപിക്കുവിൻ മഹാസഭ വിളിച്ചുകൂട്ടുവിൻ സമൂഹത്തെ വിശുദ്ധീകരിക്കുവിൻ. ശ്രേഷ്ഠന്മാരെ വിളിച്ചുകൂട്ടുവിൻ. കുട്ടികളെയും മുലകുടിക്കുന്ന ശിശുക്കളെയും ഒന്നിച്ചുകൂട്ടുവാൻ മണവാളൻ തന്റെ മണവറയും മണവാട്ടി തന്റെ ഉറക്കറയും വിട്ടു പുറത്തുവരട്ടെ. കർത്താവിന്റെ ശുശ്രൂഷകരായ പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും മധ്യേനിന്ന് കരഞ്ഞുകൊണ്ടു പ്രാർത്ഥിക്കട്ടെ: കർത്താവേ, അങ്ങയുടെ ജനത്തെ ശിക്ഷിക്കരുതേ!"** (ജോയേൽ 2,15-17).

നോമ്പാചരണത്തിന്റെ ഒരു മുഖ്യഘടകമാണ് ഉപവാസം. അടുത്തു വസിക്കുക, അടുത്തായിരിക്കുക എന്നാണല്ലോ ഉപവാസം എന്ന വാക്കിന്റെ വാച്യാർത്ഥം. നാലുതരത്തിലുള്ള ബന്ധങ്ങൾ സൂചിപ്പിക്കുന്നതാണ് ഈ വാക്ക്. ആരോടൊക്കെ അടുത്തായിരിക്കണം എന്ന് ഓർമ്മിപ്പിക്കുന്ന നാലു കാര്യങ്ങൾ, 1. അയല്ക്കാരനോട്, 2. പ്രപഞ്ചത്തോട്, 3. എന്നോട്, 4. ദൈവത്തോട് അടുത്തായിരിക്കണം. ഈ നാലു ബന്ധങ്ങളാണ് എന്നെ ഞാനാക്കുന്നത്. ഈ ബന്ധങ്ങളിൽ വിള്ളൽ വീണിട്ടുണ്ടെങ്കിൽ പരിഹരിക്കണം.

നമ്മൾ ആരും തനിച്ചല്ല. ഒരു മനുഷ്യനും ഏകനായിപ്പോകരുത്. മനുഷ്യസമൂഹത്തിന്റെ ഭാഗമാണ് ഓരോ വ്യക്തിയും. ജാതി-മത-വർണ്ണ-വർഗ്ഗ-പാർട്ടി-തൊഴിൽ വ്യത്യാസങ്ങൾക്കെല്ലാം ഉപരി നാം എല്ലാവരും മനുഷ്യരാണ്. ഒരേ മനുഷ്യ

പ്രകൃതിയിലും മനുഷ്യസമൂഹത്തിലും പങ്കുകാർ, ഒരേ ദൈവത്തിന്റെ മുഖം വഹിക്കുന്നവർ. അടുത്തുനില്ക്കുന്നത് ശത്രുവല്ല, സഹോദരനാണ് എന്ന് എപ്പോൾ മനസിലാകുമോ അപ്പോഴാണ് രാത്രി അവസാനിച്ച് പകൽ തുടങ്ങുന്നത് എന്ന പുരാതനമായ ഭാരതീയ കാഴ്ചപ്പാട് ഇവിടെ പ്രസക്തമാകുന്നു. അയല്ക്കാരനെ ശത്രുവായി കാണുന്ന വഴിതെറ്റിയ തത്വചിന്തകൾ പരിത്യജിച്ച്, എല്ലാവരെയും സ്നേഹിതരും സഹോദരങ്ങളുമായി പരിഗണിച്ച് സ്വീകരിക്കാൻ ഉപവാസം നമ്മെ അനുസ്മരിപ്പിക്കുന്നു. "*സഹോദരന്മാർ ഏക മനസ്സായി ഒരുമിച്ചു വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്*" (സങ്കീ. 133,1) എന്ന സങ്കീർത്തനവചനം ഉപവാസത്തിന്റെ ഈ ഒരു മാനം വ്യക്തമാക്കുന്നു.

നാമെല്ലാം ഈ സൃഷ്ടപ്രപഞ്ചത്തിന്റെ ഭാഗമാണ്. നമ്മൾ ആരും ഈ ഭൂമിയുടെ അധിപന്മാരല്ല; ഇവിടത്തെ കൃഷിക്കാരും കാവല്ക്കാരുമാണ്. "*ഏദേൻതോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി*" (ഉൽപ 2,16) എന്ന തിരുവചനം ഈ പ്രപഞ്ചത്തിൽ മനുഷ്യനുള്ള സ്ഥാനവും ഉത്തരവാദിത്വവും എന്തെന്ന് പഠിപ്പിക്കുന്നു. മനുഷ്യന് ഇഷ്ടംപോലെ ചൂഷണം ചെയ്യാനും നശിപ്പിക്കാനുമായി കിട്ടിയിരിക്കുന്ന ഒരു വസ്തുവല്ല പ്രപഞ്ചം. മനുഷ്യന്റെ നിലനില്പും സുസ്ഥിതിയും ഈ പ്രപഞ്ചത്തിന്റേതന്നെ സന്തുലിതാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. ഇടയൻ ആടുകളെ എന്നപോലെ, കർഷകൻ കൃഷിഭൂമിയെ എന്നപോലെ, മനുഷ്യൻ ഈ പ്രപഞ്ചത്തോടു വർത്തിക്കണം. മക്കൾ അമ്മയെ എന്നപോലെ മനുഷ്യൻ മാതൃഭൂമിയെ സ്നേഹിക്കണം. ആദരിക്കണം. അടുത്തു വസിക്കണം.

ഞാൻ ആരെന്നും, എന്റെ ഉറവിടവും ലക്ഷ്യവും എന്തെന്നും അറിയണം. അംഗീകരിക്കണം. എന്നോടുതന്നെ ഐക്യത്തിൽ കഴിയണം. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട്, ദൈവത്തിന്റെ മകൻ/മകൾ ആണ് ഞാൻ. എനിക്കൊരു ലക്ഷ്യമുണ്ട്. എന്നേക്കും സന്തോഷമായി ദൈവത്തോടൊന്നിച്ചു വസിക്കുക. അതിനായി ഞാൻ എന്നെത്തന്നെ ഒരുക്കണം. നാശത്തിലേക്കു നയിക്കുന്ന ആസക്തികളെ തിരിച്ചറിഞ്ഞ് നിയന്ത്രിക്കണം. എന്റെ ഉള്ളിൽ നടക്കുന്ന നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനത്തിൽ നന്മ തിരഞ്ഞെടുത്ത്, തിന്മയെ കീഴടക്കണം. എന്റെ സത്വം

തിരിച്ചറിഞ്ഞ്, അംഗീകരിച്ച്, എന്നോടുതന്നെ സമാധാനത്തിൽ കഴിയണം. ഇതാണ് ഉപവാസത്തിന്റെ മൂന്നാമത്തെ ഘടകം.

ഇതിനേക്കാൾ എല്ലാം പ്രധാനപ്പെട്ടതും ഇവയുടെയെല്ലാം അടിസ്ഥാനവുമാണ് നാലാമത്തെ ഘടകം. ഞാനും ദൈവവുമായുള്ള ബന്ധം. ദൈവമാണ് എല്ലാറ്റിന്റെയും ഉറവിടം, എല്ലാറ്റിന്റെ ലക്ഷ്യവും ദൈവം തന്നെ. അവിടുത്തെ തിരുഹിതമാണ് എല്ലാവർക്കും എല്ലാറ്റിനും ജീവിതനിയമം. ഈ സത്യം അംഗീകരിക്കുക ദൈവഹിതം ജീവിതനിയമമായി സ്വീകരിക്കുക തന്നെ യഥാർത്ഥ ഉപവാസം.

ഏറ്റം പ്രധാനപ്പെട്ട കല്പന ഏത് എന്ന ചോദ്യത്തിന് യേശു നല്കിയ മറുപടിയിൽ (മത്താ 22,37-39) സ്നേഹം എന്ന പ്രമാണത്തിന്റെ അതുല്യ പ്രാധാന്യം വ്യക്തമാകുന്നു. അടുത്തു വസിക്കാനുള്ള അവസരമാണ് ഉപവാസം. അതിനെ ഏതാനും ചടങ്ങുകൾ മാത്രമായി വെട്ടിച്ചുരുക്കരുത്. ഭക്ഷണം ത്യജിക്കുന്നതിനെയാണല്ലോ സാധാരണ "ഉപവാസം" എന്ന വാക്കുകൊണ്ട് മനസിലാക്കുക. അത് ഒരുനേരത്തെ ഭക്ഷണം ഉപേക്ഷിക്കുന്നതാവാം, ഒരു ദിവസം മുഴുവനോ അനേകദിവസങ്ങളോ ആകാം. ഇതെല്ലാം അടയാളങ്ങളാണ്. യഥാർത്ഥ ഉപവാസത്തിനു സഹായകമാകാം. എന്നാൽ ദൈവത്തോടും സഹജീവികളോടും സൃഷ്ടപ്രപഞ്ചത്തോടും എന്നോടുതന്നെയും അടുത്തു വസിക്കുന്നതാണ് ഉപവാസം. അതാണ് യഥാർത്ഥ സന്തോഷത്തിനും സമാധാനത്തിനും നിദാനം എന്നും നോമ്പുകാലം ഓർമ്മപ്പെടുത്തുന്നു.

## 6

# മരുഭൂമി

**"ഉടനെ ആത്മാവ് അവനെ മരുഭൂമിയിലേക്കു നയിച്ചു. സാത്താനാൽ പരീക്ഷിക്കപ്പെട്ട നാല്പതുദിവസം അവൻ മരുഭൂമിയിൽ വസിച്ചു. അവൻ വന്യമൃഗങ്ങളോടുകൂടി ആയിരുന്നു. ദൈവദൂതന്മാർ അവനെ ശുശ്രൂഷിച്ചു"** (മർക്കോ. 1,12-13).

പരസ്യജീവിതത്തിന് ഒരുക്കമായി യേശു നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ചിലവഴിച്ചതിന്റെ ഓർമ്മ ആചരിച്ചുകൊണ്ടാണ് ക്രൈസ്തവർ വലിയ നോമ്പാചരിക്കുന്നത്. ഈ നോമ്പാചരണം ഒരു മരുഭൂമിയനുഭവത്തിനു സഹായകമാകണം. എന്താണ് മരുഭൂമിയുടെ പ്രത്യേകത? എന്തിനാണ് യേശു മരുഭൂമിയിലേക്കു പോയത്?

മരുഭൂമിയുടെ ഏറ്റം വ്യക്തവും ശ്രദ്ധേയവുമായ സവിശേഷത ഏകാന്തതയാണ്. "*ശൂന്യത ഓരിയിടുന്ന മണലാരണ്യം*" (നിയ 30,12) എന്നു ബൈബിൾ വിശേഷിപ്പിക്കുമ്പോൾ മരുഭൂമിയുടെ ഈ പ്രത്യേകതയ്ക്ക് ഊന്നൽ നല്കുന്നതായി കാണാം. ഇസ്രായേൽ ജനം മരുഭൂമിയിൽ അനുഭവിച്ച ഏകാന്തതയെക്കുറിച്ചുള്ള ഒരു പരാമർശമാണിത്. യേശു തന്റെ പരസ്യജീവിതം തുടങ്ങുന്നതിനുമുമ്പ് ഏകാന്തതയിൽ, പിതാവിന്റെ ഹിതം തേടിയതും അതു നിവർത്തിക്കാൻ തന്നെത്തന്നെ ഒരുക്കിയതും മരുഭൂമിയുടെ ഏകാന്തതയിലാണ്.

തങ്ങളുടെ ആദ്യത്തെ പ്രേഷിതദൗത്യം വിജയപ്രദമായി പൂർത്തിയാക്കിയ ആഹ്ലാദത്തോടെ തിരിച്ചെത്തിയ ശിഷ്യന്മാരോട് യേശു പറഞ്ഞു, "*നിങ്ങൾ ഒരു വിജനസ്ഥലത്തേക്കു*

*വരുവിൻ. അല്പം വിശ്രമിക്കാം.*" ഈ ക്ഷണത്തിന്റെ സാഹചര്യം പ്രത്യേകം ശ്രദ്ധിക്കണം. അനേകം ആളുകൾ അവിടെ വരുകയും പോവുകയും ചെയ്തിരുന്നു. ഭക്ഷണം കഴിക്കാൻപോലും അവർക്ക് ഒഴിവു കിട്ടിയിരുന്നില്ല (മർക്കോ 6,31).

സുവിശേഷപ്രഘോഷണത്തിന്റെ തിരക്കിൽ സുപ്രധാന കാര്യങ്ങൾ മറന്നുപോകാൻ തുടങ്ങിയപ്പോഴാണ് എന്നും പ്രസക്തമായ ഈ ആഹ്വാനം. എപ്പോഴും തിരക്കിലാണ് നമ്മൾ. ഒന്നിനും സമയം തികയുന്നില്ല. വിശ്രമം എന്തെന്നറിയാത്ത ഒരു ജീവിതം. 24/7 എന്ന നിലപാടും മനോഭാവവും ഒരു വീണ്ടു വിചാരത്തിനു വിഷയമാക്കണം എന്ന് മരുഭൂമി നമ്മെ അനു സ്മരിപ്പിക്കുന്നു. തിരക്കു കൂടുന്നതുകൊണ്ട് എന്താണ് എനിക്കു സംഭവിക്കുന്നത് എന്നും ചിന്തിക്കാൻ അല്പം സമയം മാറ്റി വയ്ക്കണം.

ഏകാന്തതയിൽ എന്നെത്തന്നെ കണ്ടെത്താൻ, എന്റെ ആഗ്ര ഹങ്ങൾ, ആസക്തികൾ, ഭയങ്ങൾ, ഉൽക്കണ്ഠകൾ എല്ലാം നേരിട്ടു കാണാൻ ശ്രമിക്കണം. അവയെക്കുറിച്ച് വ്യക്തമായൊരു അവബോധം ഉണ്ടാകണം. ഒരു വിജനസ്ഥലത്തേക്കു വരുവിൻ എന്ന യേശുവിന്റെ ആഹ്വാനം സ്വീകരിക്കണം. വിജനസ്ഥലം തേടി അകലെയെങ്ങും അലയേണ്ടാ. എന്റെ ഉള്ളിലേക്കു കട ക്കുക. പുറംവാതിലുകൾ അടയ്ക്കുക. എന്റെ ഉള്ളിൽ വസിക്കുന്ന ദൈവത്തിന്റെ സാന്നിധ്യം തിരിച്ചറിയുക. അവിടുത്തെ തിരു മുമ്പിൽ, എന്നെത്തന്നെ കാണാൻ, വിലയിരുത്താൻ ശ്രമിക്കുക. നോമ്പുകാലത്തെ മരുഭൂമിയനുഭവത്തിന്റെ ഒരു ലക്ഷ്യമിതാണ്. സ്വയം കണ്ടെത്തൽ, ആത്മവിശകലനം. അനുദിന ജീവിതത്തിന്റെ വ്യഗ്രതയിലും ബഹളങ്ങളിലും നിന്ന് അല്പം മാറിനില്ക്കുക. ദൈവത്തോടൊന്നിച്ചായിരിക്കുക. അതിനു നോമ്പുകാലം സഹാ യിക്കണം.

# 7

## മരുഭൂമി - സ്വയം കണ്ടെത്തൽ

**"കർത്താവിന്റെ ദൂതൻ ഷൂറിലേക്കുള്ള വഴിയിൽ, ഒരു നീരുറവയുടെ അടുത്തുവച്ച് അവളെ കണ്ടെത്തി. ദൂതൻ അവളോടു ചോദിച്ചു: സാറായിയുടെ ദാസിയായ ഹാഗാറേ, നീ എവിടെനിന്നു വരുന്നു? എങ്ങോട്ടു പോകുന്നു?"** (ഉൽപ 16,7–8).

വന്ധ്യയായ സാറാ ദാസിയായ ഹാഗാറിനെ വാടക ഗർഭപാത്രമായി ഉപയോഗിച്ചതാണ്. താൻ ഗർഭിണിയായി എന്നറിഞ്ഞ ഹാഗാർ വന്ധ്യയും വൃദ്ധയുമായ സാറായിയെ അവജ്ഞയോടെ വീക്ഷിച്ചു. ക്രുദ്ധയായ സാറായി ഭർത്താവിന്റെ അനുവാദത്തോടെ അവളെ വീട്ടിൽനിന്ന് ഇറക്കിവിട്ടു. യജമാനൻ അബ്രാഹത്തിന്റെ സന്തതിയെ ഗർഭത്തിൽ വഹിക്കുന്ന ഹാഗാർ മരുഭൂമിയിൽ അലഞ്ഞു, എങ്ങോട്ടെന്നറിയാതെ, നിന്ദിതയും നിരാശ നിറഞ്ഞവളുമായി. ഉൽക്കണ്ഠയും ഭയവും അവളെ വേട്ടയാടി. നീരുറവയുടെ അരുകിൽ തളർന്നിരിക്കുന്ന ഹാഗാറിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട ദൂതന്റെ ചോദ്യം മരുഭൂമിയനുഭവത്തിന്റെ ഒരു പ്രത്യേകമാനം വ്യക്തമാക്കുന്നു.

ഹാഗാറിനെ ഗാഢമായൊരു ആത്മശോധനയ്ക്കു പ്രേരിപ്പിക്കുന്നതാണ് ചോദ്യം. പേരുവിളിച്ചുകൊണ്ടാണ് തുടക്കം. "സാറായിയുടെ ദാസിയായ ഹാഗാർ". സ്വത്വം വെളിപ്പെടുത്തുന്നതും നിർവ്വചിക്കുന്നതുമാണല്ലോ പേര്. താൻ ആരാണ് എന്ന അവബോധമാണ് മരുഭൂമിയനുഭവത്തിൽനിന്ന് ആദ്യമേ ഉണ്ടാകുന്നത്. ഇവിടെ ഹാഗാർ ഒരു ദാസിയാണ്. എങ്ങനെ അവൾ ദാസിയായി, ആരാണവളെ ദാസിയാക്കിയത് എന്നൊന്നും

വിശുദ്ധ ഗ്രന്ഥം പറയുന്നില്ല. ഇപ്പോൾ അവൾ ദാസിയാണ്. അത് തിരിച്ചറിയണം. അംഗീകരിക്കണം.

തുടർന്നുള്ള രണ്ടു ചോദ്യങ്ങളും അതിപ്രധാനം തന്നെ. നീ എവിടെനിന്ന് വരുന്നു? എങ്ങോട്ടു പോകുന്നു? ആദ്യത്തെ ചോദ്യത്തിനുത്തരം അവൾക്കറിയാം. യജമാനത്തിയായ സാറാ യിൽനിന്ന് ഒളിച്ചോടിയതാണ്. എങ്ങോട്ട് എന്നറിയില്ല. ദൂതൻ അവൾക്കു നല്കുന്ന നിർദേശം - മടങ്ങിപ്പോവുക. ഗർഭിണിയായ അവൾക്കു സംരക്ഷണം ആവശ്യമാണ്. അത് അബ്രാഹത്തിന്റെ ഭവനത്തിൽ ലഭിക്കും.

ഹാഗാറിനോടു ദൂതൻ ചോദിച്ച ചോദ്യം ഇന്ന് ഞാൻ എന്നോടുതന്നെ ചോദിക്കണം. നോമ്പുകാലത്തിന്റേയും മരു ഭൂമിയനുഭവത്തിന്റേയും ഒരു ലക്ഷ്യം ഇതാണ്, വ്യക്തവും സൂക്ഷ്മ വുമായൊരു ആത്മശോധന. ആരാണ് ഞാൻ? എന്നെക്കുറിച്ച്, എന്റെ തനതാത്മകതയെക്കുറിച്ച്, സ്വത്വത്തെക്കുറിച്ച് വ്യക്തമായ അവബോധം എനിക്കുണ്ടാകണം. ആരെങ്കിലും തന്നതും ഇന്ന് ഞാൻ അറിയപ്പെടുന്നതുമായ പേരിനപ്പുറത്ത്, ഞാൻ ആരെന്ന അന്വേഷണം ആവശ്യമാണ്. സ്വയം കണ്ടെത്തലിനു പ്രേരിപ്പിക്കു ന്നതാണ് മരുഭൂമിയിലെ ഏകാന്തത.

അതോടൊപ്പം മറ്റു രണ്ടു ചോദ്യങ്ങളും പ്രസക്തമാണ്. ആദ്യത്തെ ചോദ്യത്തിന് ഉത്തരം നല്കാൻ അവ സഹായിക്കും. എവിടെയാണെന്റെ തുടക്കം? എന്താണെന്റെ ലക്ഷ്യം? ഞാൻ അനാഥനല്ല, ലക്ഷ്യമറിയാതെ, ജീവിതപാതയിൽ തപ്പിത്തടയുന്ന നിഴലുമല്ല, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടി ക്കപ്പെട്ട (ഉൽപ 1,26), ദൈവത്തിന്റെ കൈകളിൽ സുരക്ഷിതനായ (ഏശ 43,1-3; 49,15-16), ദൈവത്തിനു പ്രിയങ്കരനായ മകൻ /മക ളാണു ഞാൻ. ഈ ആത്മാവബോധം ശക്തപ്പെടുത്താൻ നോമ്പു കാലം സഹായകമാകണം.

# 8

## മരുഭൂമി - സംരക്ഷണം

**“അവിടുന്ന് അവനെ മരുഭൂമിയിൽ, ശൂന്യത ഓരിയിടുന്ന മണലാരണ്യത്തിൽ കണ്ടെത്തി; അവനെ വാരിപ്പുണർന്നു; താൽപര്യപൂർവ്വം പരിചരിച്ച്, തന്റെ കണ്ണിലുണ്ണിയായി സൂക്ഷിച്ചു. കൂട് ചലിപ്പിക്കുകയും കുഞ്ഞുങ്ങളുടെ മുകളിൽ ചിറകടിക്കുകയും വിരിച്ച ചിറകുകളിൽ കുഞ്ഞുങ്ങളെ വഹിക്കുകയും ചെയ്യുന്ന കഴുകനെപ്പോലെ അവനെ നയിച്ചതു കർത്താവാണ്”** (നിയ 32, 10-11).

ദൈവത്തിന്റെ സംരക്ഷണം ഇസ്രായേൽ ജനം ഏറ്റവും അധികം അറിഞ്ഞതും അനുഭവിച്ചതും നാല്പതുവർഷം ദീർഘിച്ച മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ ആയിരുന്നു. വഴിയും നിഴലുമില്ലാത്ത, ചുട്ടുപൊള്ളിക്കുന്ന മരുഭൂമിയിലൂടെ അവർ വാഗ്ദത്തഭൂമിയെ ലക്ഷ്യംവച്ചു യാത്ര ചെയ്തു. പകൽ മേഘത്തൂണും രാത്രി അഗ്നിസ്തംഭവുമായി ദൈവം അവരെ വഴിനടത്തി. മുകളിൽ മേഘമായി തണൽ വിരിച്ചു. ആകാശത്തിൽ നിന്ന് മന്ന വർഷിച്ച് അവരുടെ വിശപ്പടക്കി, പാറയിൽനിന്നു നീരൊഴുക്കി ദാഹം ശമിപ്പിച്ചു. സ്വന്തമായി ഒന്നും ഇല്ലാത്ത നിസ്സഹായാവസ്ഥയിൽ ദൈവം അവർക്കു എല്ലാമായി. വഴിയും നിഴലും ലക്ഷ്യവും ലക്ഷ്യപ്രാപ്തിക്കാവശ്യമായതും എല്ലാം നല്കി പരിപാലിച്ച അനുഭവം. ഇതാണ് ഇസ്രായേൽ ജനത്തിന്റെ പൈതൃകത്തിലെ ഒരു പ്രധാന ഘടകം.

ഈ സംരക്ഷണം അനുസ്മരിപ്പിക്കുന്ന ഒരു പ്രതീകമാണ് മരുഭൂമിയിൽ കരയുന്ന കുഞ്ഞിനെ, വാരിപ്പുണർന്ന് സ്വന്തമായി സ്വീകരിക്കുന്ന പിതാവിന്റെ ചിത്രം. കുഞ്ഞിനെ പറക്കാൻ പഠിപ്പി

ക്കുന്ന കഴുകന്റെ ചിത്രം മരുഭൂമിയനുഭവത്തിന്റെ മറ്റൊരു മാനം പ്രകടമാക്കുന്നു. തൂവൽ മുളച്ചെങ്കിലും പറക്കാൻ അറിയാത്ത, ഭയക്കുന്ന, കുഞ്ഞിനെ തള്ളക്കഴുകൻ പറക്കാൻ പഠിപ്പിക്കുന്ന തിന്റെ ചിത്രം മനോഹരമാണ്. കൂട് ചലിപ്പിക്കുകയും പിന്നീട് കൂടിന്റെ കമ്പുകൾ ഒന്നൊന്നായി വലിച്ചുനീക്കുകയും ചെയ്യുന്ന തള്ളക്കഴുകന്റെ പ്രവൃത്തി മനസിലാക്കാൻ കുഞ്ഞിനു പ്രയാസ മുണ്ട്. അള്ളിപ്പിടിച്ചിരിക്കുന്ന അവസാനത്തെ കമ്പും വലിച്ചു കളയുമ്പോൾ പിടിച്ചുനില്ക്കാൻ ഒന്നുമില്ലാതെ കല്ലുപോലെ താഴേക്കു വീഴുന്ന കുഞ്ഞു കരുതും എല്ലാം അവസാനിച്ചെന്ന്. പക്ഷേ താഴേക്കു വീഴുന്ന കുഞ്ഞിനുമുമ്പേ ഊളിയിട്ട് പറക്കുന്ന തള്ളക്കഴുകൻ വിരിച്ച ചിറകിൽ കുഞ്ഞിനെ വഹിക്കുന്നു. പല തവണ ഈ പ്രക്രിയ ആവർത്തിക്കുമ്പോൾ കുഞ്ഞ് ചിറകുവിരിച്ചു വീശി പറക്കാൻ പഠിക്കുന്നു. കുഞ്ഞിന് അപ്പോൾ ബോധ്യമാകും എന്തായിരുന്നു ക്രൂരതയെന്നു കരുതിയ ഈ പ്രക്രിയയുടെ ലക്ഷ്യം എന്ന്.

ഏതാണ്ട് ഇതുപോലെയാണ് ദൈവം ഇസ്രായേൽ ജന ത്തിന്റെ ചരിത്രത്തിൽ ഇടപെട്ടത്. ഇസ്രായേലിന്റെ മാത്രമല്ല, ഓരോ ജനതയുടെയും വ്യക്തിയുടെയും ജീവിതത്തിലും ദൈവം ഇപ്രകാരം ഇടപെടുന്നു, എന്റെയും. ഈ ഒരു അവബോധത്തി ലേക്കു നയിക്കുന്നതാകണം നോമ്പുകാലത്തെ മരുഭൂമിയനുഭവം. ജീവിതത്തിൽ ആകസ്മികമായി ഒന്നും സംഭവിക്കുന്നില്ല. ദുരിത ങ്ങൾ, അത്യാഹിതങ്ങൾ എന്നൊക്കെ കരുതുന്നവ ദൈവിക പരി പാലനയിൽ ആശ്രയിക്കാനും അതനുഭവിക്കാനുമുള്ള അവസര ങ്ങളാകണം.

"*നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളെ, ഒരു പിതാവു പുത്രനെയെന്നപോലെ വഹിച്ചിരുന്നത് മരുഭൂമിയിൽവച്ച് നിങ്ങൾ കണ്ടതാണല്ലോ*" (നിയ 1, 31). ദൈവത്തിന്റെ പിതൃസഹജമായ വാത്സല്യവും സരംക്ഷണവും അനുഭവിച്ചറിയാൻ ഈ നോമ്പു കാലം സഹായിക്കട്ടെ.

9

## മരുഭൂമി - പ്രലോഭനം

**"നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളെ എളിമപ്പെടുത്താനും തന്റെ കല്പനകൾ അനുസരിക്കുമോ ഇല്ലയോ എന്നറിയാൻ നിങ്ങളെ പരീക്ഷിച്ച് നിങ്ങളുടെ ഹൃദയവിചാരങ്ങൾ മനസ്സിലാക്കാനുംവേണ്ടി ഈ നാല്പതുസംവത്സരം മരുഭൂമിയിലൂടെ നിങ്ങളെ നയിച്ച വഴിയെല്ലാം നിങ്ങൾ ഓർക്കണം"** (നിയ 8,2).

സംരക്ഷണത്തിന്റെ മാത്രമല്ല, പ്രലോഭനങ്ങളുടേയും ഇടമാണ് മരുഭൂമി. ഇസ്രായേൽ ജനത്തിന്റെ മരുഭൂമിയാത്ര നിരവധിയായ പ്രലോഭനങ്ങളുടെയും വീഴ്ചകളുടെയും, തുടർന്ന് അനുതാപത്തിന്റെയും വിലാപത്തിന്റെയും അവസരവുമായിരുന്നു. ജനത്തിന്റെ വിശ്വാസവും വിശ്വസ്തതയും അനുസരണവും അളക്കുന്നതിന് ദൈവം നല്കിയ അവസരങ്ങൾ ഏറെ ഉണ്ടായി. അതിനെ പരീക്ഷകൾ എന്നു വിശേഷിപ്പിക്കാം. അറിവും കഴിവും പരിശോധിക്കുന്നതിനുവേണ്ടിയാണല്ലോ പരീക്ഷകൾ. മരുഭൂമിയിൽ അവർ അനുഭവിച്ച വിശപ്പും ദാഹവും അലഞ്ഞുതിരിയലും എല്ലാം ഇപ്രകാരമുള്ള പരീക്ഷകളായിരുന്നു. എന്നാൽ പലപ്പോഴും പരീക്ഷകൾ പ്രലോഭനങ്ങളായി മാറി.

ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കാനും ദൈവത്തെയും അവിടുത്തെ പദ്ധതികളെയും ചോദ്യം ചെയ്യാനും നിഷേധിക്കാനും ഉണ്ടാകുന്ന പ്രേരണകളാണ് പ്രലോഭനങ്ങൾ. ദൈവം അയച്ച പരീക്ഷകൾ പ്രലോഭനങ്ങളായി മാറി. അങ്ങനെ മരുഭൂമി ശക്തമായ പ്രലോഭനങ്ങളുടെ ഇടമായിത്തീർന്നു. പ്രലോഭനങ്ങൾ പ്രതിഷേധങ്ങൾക്കു വഴിതെളിച്ചു. അതു വിശ്വാസത്യാഗത്തിനുതന്നെ കാരണമായി.

ഈജിപ്തുകാരുടെ ക്രൂരതനിമിത്തം നിലവിളിച്ച ഒരുപറ്റം അടിമകളെ ശക്തമായ കരം നീട്ടി മോചിപ്പിച്ച്, അത്ഭുതകരമായി കടൽ വിഭജിച്ച്, വരണ്ടഭൂമിയിലൂടെ കടത്തി, മരുഭൂമിയിലൂടെ നയിച്ച്, സീനായ് മലയുടെ അടിവാരത്ത് എത്തിച്ച ദൈവം അവരുമായി ഒരു ഉടമ്പടി ചെയ്തു. അവരെ സ്വന്തം ജനമായി, രാജകീയ പുരോഹിതരായി സ്വീകരിച്ചു (പുറ 19,8).

ഉടമ്പടി സ്വീകരിക്കാനായി മലകയറിയ മോശ തിരിച്ചുവരാൻ വൈകി. ജനം അക്ഷമരും അസ്വസ്ഥരുമായി. അവർ തങ്ങൾക്കായി ഒരു ദൈവത്തെ മെനഞ്ഞെടുക്കാൻ തീരുമാനിച്ചു. പ്രധാന പുരോഹിതൻ അഹറോൻ നേതൃത്വം നല്കി. അവരുടെ സ്വർണ്ണാഭരണങ്ങൾ ഉരുക്കി കാളക്കുട്ടിയെ വാർത്തെടുത്തു (പുറ 32, 1-6).

അഹറോൻ വാർത്തെടുത്ത സുവർണ്ണ വിഗ്രഹം എന്നും പ്രസക്തമായൊരു പ്രതീകമാണ്; ഒരു ഓർമ്മപ്പെടുത്തലും. മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ ദൈവഹിതത്തിന് കാതോർക്കാൻ കഴിയണം. യാചനകൾക്ക് ഉടനെ മറുപടി കിട്ടിയില്ലെങ്കിൽ ക്ഷമയോടെ കാത്തിരിക്കണം. ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളും നഷ്ടങ്ങളും സഹനങ്ങളുമെല്ലാം പരീക്ഷണങ്ങളായി സ്വീകരിക്കണം. അവ പ്രലോഭനങ്ങളായിത്തീരാൻ അനുവദിക്കരുത്. പ്രലോഭനങ്ങളെ തിരിച്ചറിയാനും തിരസ്കരിക്കാനും ദൈവത്തോടു വിശ്വസ്ത പുലർത്താനും നോമ്പുകാലം സഹായകമാകട്ടെ.

# 10

## അപ്പത്തിന്റെ പ്രലോഭനം

**"യേശു നാല്പതുദിനരാത്രങ്ങൾ ഉപവസിച്ചു. അപ്പോൾ അവനു വിശന്നു. പ്രലോഭകൻ അവനെ സമീപിച്ചു പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാകാൻ പറയുക. അവൻ പ്രതിവചിച്ചു. മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവ ത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്"** (മത്താ 4,2-4).

സാത്താൻ എന്നും പിശാചെന്നും വിളിക്കുന്ന തിന്മയുടെ ശക്തിയെ യേശു പരാജയപ്പെടുത്തുന്നതിന്റെ ചിത്രമാണ് മരുഭൂമിയിലെ പ്രലോഭനങ്ങളിലൂടെ സുവിശേഷങ്ങൾ അവതരിപ്പിക്കുന്നത്. പരിശുദ്ധാത്മാവാണ് യേശുവിനെ മരുഭൂമിയിലേക്കു നയിച്ചതും പ്രലോഭകന്റെമേൽ വിജയം വരിക്കാൻ സഹായിച്ചതും. ആത്മാവിന്റെ ശക്തിയും പ്രവർത്തനവും പ്രകടമാക്കുന്നതാണ് യേശുവിന്റെ പ്രതികരണവും മറുപടിയും.

തികച്ചും സ്വാഭാവികമായി തോന്നാവുന്ന ആശയം. കല്ലുകളെ അപ്പമാക്കി വിശപ്പടക്കുക, അങ്ങനെ താൻ ദൈവപുത്രനാണെന്നു തെളിയിക്കുക. ഇതാണ് പ്രലോഭനത്തിന്റെ ഏറ്റവും പ്രകടമായ വശം. ജോർദാനിൽവച്ചു മുഴങ്ങിയ ദൈവത്തിന്റെ പ്രഖ്യാപനത്തെ സത്യമെന്നു തെളിയിക്കാനുള്ള അവസരമായി ഇതിനെ അവതരിപ്പിക്കുന്നു.

എന്നാൽ ഈ പ്രേരണയിൽ ഒളിഞ്ഞിരിക്കുന്ന പ്രലോഭനങ്ങൾ യേശുവിന്റെ മറുപടി വെളിപ്പെടുത്തുന്നു. മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നത്. അപ്പം വേണ്ടാ എന്നല്ല, അതി

നേക്കാൾ പ്രധാനമാണ് ദൈവത്തിന്റെ വചനം. പഴയനിയമത്തിൽ നിന്ന് കടമെടുത്തതാണ് ഈ മറുപടി (നിയ 8,2–3). അപ്പം ദൈവത്തിന്റെ ദാനമാണ്. എന്നാൽ മനുഷ്യൻ അപ്പത്തിനടിമയാകരുത്.

അപ്പം ഇവിടെ ഒരു പ്രതീകമായി മാറുന്നു, മനുഷ്യന്റെ ഭൗതികമായ എല്ലാ ആവശ്യങ്ങളുടേയും പ്രതീകം. അതേസമയം ഭൗതികതയ്ക്കുപരി ഒരാധ്യാത്മികതയുണ്ടെന്ന് യേശുവിന്റെ മറുപടി അനുസ്മരിപ്പിക്കുന്നു. മരുഭൂമിയിൽവച്ച് മന്നാ നല്കി ജനത്തെ പരിപാലിച്ച ദൈവത്തിനു മനുഷ്യനെ സംബന്ധിച്ച വലിയ പദ്ധതികളുണ്ട്. അതു ശാരീരികാവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിൽ ഒതുങ്ങുന്നതല്ല. ദൈവത്തിന്റെ വചനം മനുഷ്യന്റെ യഥാർത്ഥ സ്വത്വത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

അധ്വാനിക്കാതെ അപ്പം ഉണ്ടാക്കാനും അപ്പത്തെ മറ്റുള്ളവരുടെമേൽ ആധിപത്യം സ്ഥാപിക്കാനുള്ള ഉപകരണമായി ഉപയോഗിക്കാനും ഈ പ്രലോഭനം പ്രേരിപ്പിക്കുന്നു. എന്നും പ്രസക്തമായൊരു പ്രമേയമാണിത്. വിശക്കുന്നവനെ അപ്പം കൊടുത്തു അടിമയാക്കുന്ന പ്രക്രിയ ഇന്നും നിലനില്ക്കുമ്പോൾ യേശു നേരിട്ട ആദ്യത്തെ പ്രലോഭനം ഇന്നും എത്ര പ്രസക്തം എന്നു വ്യക്തമാകുന്നു.

അപ്പം എല്ലാവർക്കും ആവശ്യമാണ്. നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം സമ്പാദിക്കാനുള്ള കല്പന (ഉൽപ 3,15) എല്ലാവർക്കും ബാധകമാണ്. മറ്റുള്ളവന്റെ വിയർപ്പിന്റെ ഫലംകൊണ്ട് സമ്പന്നരാകുന്ന മനോഭാവങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും പ്രതിക്കൂട്ടിലാക്കുന്നതാണ് യേശുവിന്റെ മറുപടി. മനുഷ്യനെ ദൈവമക്കളാക്കി പരിവർത്തിപ്പിക്കുന്ന, പരിപാലിക്കുന്ന ദൈവവചനം എന്നും ഒരു ഓർമ്മപ്പെടുത്തലായിരിക്കണം. എന്നാൽ ഇതുമാത്രമല്ല അപ്പത്തിന്റെ പ്രലോഭനം.

## 11

# അപ്പം - ആർത്തി

**"ഇസ്രായേല്യരും സങ്കടം പറച്ചിൽ തുടർന്നു. ആരാണു ഞങ്ങൾക്കു ഭക്ഷിക്കാൻ മാംസം തരുക? ..... ഇവിടെ ഞങ്ങളുടെ പ്രാണൻ പോകുന്നു. ഈ മന്നായല്ലാതെ മറ്റൊന്നും കാണാനില്ല"** (സംഖ്യ 11,3-16).

വിശന്നുപൊരിഞ്ഞപ്പോൾ കിട്ടിയ മന്നാ അവർക്കു തേൻ പോലെ മധുരിച്ചു (പുറ 16,31). അതിനെ മാലാഖമാരുടെ അപ്പം (സങ്കീ 78, 25) എന്നു അവർ വിശേഷിപ്പിച്ചു. എന്നാൽ സാവകാശം അവർക്കു മടുത്തു. അപ്പത്തിനു രുചിപോരാ. ദൈവം ആകാശത്തു നിന്നു വർഷിച്ച മാലാഖമാരുടെ അപ്പം ഇപ്പോൾ വിലകെട്ട അപ്പ മായി (സംഖ്യ 21, 5). കൂടുതൽ രുചികരമായ ഭക്ഷണം വേണം. ഈജിപ്തിൽവച്ച് ആസ്വദിച്ച രുചികരമായ ആഹാരത്തിന്റെ ഓർമ്മയിൽ അവരുടെ നാവിൽ വെള്ളമൂറി. മറ്റെല്ലാം മറന്നു. ചാട്ടവാറും ചുടുചോരയും എല്ലാം മറന്നു. ഇറച്ചിവേണം അവർക്ക്. അതിനുവേണ്ടിയായി മുറവിളിയും പ്രതിഷേധവും.

ദൈവം അവരുടെ മുറവിളി കേട്ടു, ഉടനെ ഉത്തരവും നല്കി. "*കർത്താവു നിങ്ങൾക്ക് മാംസം തരും. നിങ്ങൾ ഭക്ഷിക്കുകയും ചെയ്യും. ഒന്നോ രണ്ടോ അഞ്ചോ പത്തോ ഇരുപതോ ദിവസ ത്തേക്കല്ല നിങ്ങൾ അതു തിന്നുക. നിങ്ങളുടെ മൂക്കിലൂടെ പുറത്തുവന്ന് ഓക്കാനം വരുന്നതുവരെ ഒരു മാസത്തേക്ക് നിങ്ങൾ അതു ഭക്ഷിക്കും*" (സംഖ്യ 11, 19-20). കർത്താവു വാക്കു പാലിച്ചു. കാറ്റിന്റെ ചിറകിൽ കോടിക്കണക്കിന് കാടപ്പക്ഷികൾ വന്നു, അവരുടെ പാളയത്തിനുചുറ്റും രണ്ടുമുഴം ഘനത്തിൽ മൂടിക്കി

ടന്നു. ആർത്തിയോടെ അവർ വാരിക്കൂട്ടി കൊന്നുതിന്നു. തിന്നു തിന്ന് ഓക്കാനിച്ച്, ഛർദിയിൽ കിടന്നു ചത്തു. അങ്ങനെ ആ സ്ഥലത്തിന് "കിബ്രോത്ത് ഹത്താവാ" എന്ന പേരുണ്ടായി. ആർത്തിയുടെ താഴ്വര എന്നോ അത്യാഗ്രഹികളുടെ ശവപ്പറമ്പ് എന്നോ അതിനെ വിവർത്തനം ചെയ്യാം.

ഇതും മരുഭൂമി നല്കുന്ന ഒരു പാഠമാണ്. എത്ര കിട്ടിയാലും മതിയാകാതെ വീണ്ടും വീണ്ടും വാരിക്കൂട്ടാനുള്ള പ്രവണതയ്ക്കു ലഭിക്കുന്ന ഈ ശിക്ഷ എന്നത്തേക്കാൾ ഏറെ ഇന്നു പ്രസക്ത മായിരിക്കുന്നു. ലോകജനതയുടെ മുന്നിൽ ഒരു ഭാഗം ദിവസം ഒരുനേരം പോലും വിശപ്പടക്കാൻ വേണ്ടത്ര ആഹാരം ലഭി ക്കാതെ നരകിക്കുമ്പോൾ, ലക്ഷക്കണക്കിന് ആളുകൾ പ്രതി വർഷം പട്ടിണിമൂലം മരിക്കുമ്പോൾ, ഒരു ചെറിയ ന്യൂനപക്ഷം സ്വത്തുമുഴുവൻ കയ്യടക്കി സുഖിക്കുന്നു. പുതിയ പുതിയ ആവശ്യ ങ്ങൾ സൃഷ്ടിച്ച് അഭിരമിക്കുന്നു. ചുരുക്കം പേരുടെ ആർത്തി അനേകരെ പട്ടിണിമരണത്തിലേക്കു തള്ളിവിടുന്നു. ശതകോടീ ശ്വരന്മാരുടെ എണ്ണം പെരുകുമ്പോൾ കോടിക്കണക്കിനു ജനങ്ങൾ ദാരിദ്ര്യത്തിലും പട്ടിണിയിലും നരകിക്കുന്നു. അപ്പം സൂചിപ്പി ക്കുന്ന ആർത്തിയുടെ ഒരു വശമാണിത്.

മറുഭാഗത്ത് അമിതാഹാരവും ധൂർത്തും കയറൂരി വിടുന്ന ആസക്തികളും മനുഷ്യരെ രോഗികളും നിരാശരുമാക്കുന്നു. ആർത്തിയുടെ ശവക്കുഴികൾ പെരുകുന്നു. അലസതയും അമിതാ ഹാരവും മൂലം അമിത വണ്ണവും വിവിധ രോഗങ്ങളും ബാധി ക്കുന്ന ന്യൂനപക്ഷതത്തിനും കിബ്രോത്ത് ഹത്താവാ ഒരു ഓർമ്മപ്പെടുത്തലാകണം. "*ഭക്ഷണവും വസ്ത്രവും ഉണ്ടെങ്കിൽ അതുകൊണ്ട് തൃപ്തിപ്പെടാം*" (1 തിമോ 6,8) എന്ന പൗലോസ് അപ്പസ്തോലന്റെ ഉപദേശം ആർത്തിയുടെ സംസ്കാരത്തിന് മൂക്കുകയർ ഇടാൻ പ്രേരിപ്പിക്കണം. നോമ്പുകാലം അതിന് സഹായകമാകട്ടെ.

## 12

# അപ്പം: അധ്വാനം, പങ്കുവയ്ക്കൽ

**"അവരോട് അവന് അനുകമ്പ തോന്നി. കാരണം അവർ ഇടയ നില്ലാത്ത ആട്ടിൻപറ്റംപോലെ ആയിരുന്നു. അവൻ പറഞ്ഞു, നിങ്ങൾ തന്നെ അവർക്കു ഭക്ഷിക്കാൻ കൊടുക്കുവിൻ."** (മർക്കോ 6, 34-38).

കല്ലുകളെ അപ്പമാക്കാൻ വിസമ്മതിച്ച യേശുവിന് വിശന്നു വലഞ്ഞ ജനത്തോട് അനുകമ്പ തോന്നി. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് ആയിരങ്ങളുടെ വിശപ്പടക്കി. നാലു സുവിശേഷക ന്മാരും രേഖപ്പെടുത്തിയിരിക്കുന്ന ഏക അത്ഭുതമാണിത്. അപ്പ ത്തെക്കുറിച്ചുള്ള ബൈബിളിന്റെ പഠനങ്ങളിൽ സുപ്രധാനമായ ഒന്ന് ഈ അത്ഭുതത്തിന്റെ വിവരണത്തിൽ കാണാം.

യേശുവിന്റെ അനുകമ്പയിലാണു തുടക്കം. "ഇടയനില്ലാത്ത ആട്ടിൻപറ്റം" എന്ന് സുവിശേഷകൻ ജനക്കൂട്ടത്തിനു നല്കുന്ന വിശേഷണം സവിശേഷ ശ്രദ്ധയർഹിക്കുന്നു. നേതാക്കന്മാരാണ് ഇടയന്മാർ. പുരോഹിതരും ലേവായരും ഫരിസേയരും നിയമ ജ്ഞരും സദുക്കായരും പിന്നെ രാഷ്ട്രീയനേതാക്കളായ ഹേറോ ദേസ് പക്ഷക്കാരും എല്ലാം അവിടെ ഉണ്ടായിരുന്നു. എന്നാൽ ഇടയന്മാർ തങ്ങളെത്തന്നെ പോറ്റാനല്ലാതെ ജനക്കൂട്ടത്തിന് ആവശ്യമായതു നല്കാൻ ശ്രദ്ധിച്ചില്ല. ഇവിടെയാണ് നല്ല ഇടയൻ എന്ന സ്വയം വിശേഷിപ്പിച്ച യേശുവിന്റെ ഒരു പ്രത്യേകത വെളി വാകുന്നത്. കരുണ, അനുകമ്പ.

പ്രലോഭകൻ മുന്നോട്ടുവച്ച അത്ഭുതമല്ല, തന്റെ ദൈവ പുത്രത്വം തെളിയിക്കാനുള്ള അടയാളവുമല്ല ഇവിടെ പ്രേരക ശക്തി. മറിച്ച് വിശക്കുന്നവരോടുള്ള അനുകമ്പ. കല്ലുകൾ

ധാരാളമുള്ള സ്ഥലത്താണ് ജനക്കൂട്ടം യേശുവിനെ കണ്ടുമുട്ടി യത്. എന്നാൽ കല്ലുകളെ അപ്പമാക്കുന്ന മാന്ത്രികവിദ്യയല്ല യേശു പ്രയോഗിക്കുന്നത്. എളുപ്പമാർഗ്ഗത്തിൽ അപ്പം സമ്പാദിക്കാൻ അവൻ പഠിപ്പിക്കുന്നുമില്ല.

ആഹാരം കൊടുക്കണം. അതു ശിഷ്യരുടെ കടമയാണ്. അഞ്ചപ്പവും രണ്ടു മീനും മാത്രം കൈവശമുള്ള അവർ എങ്ങനെ ആയിരങ്ങൾക്കു ഭക്ഷണം നല്കും. ഇവിടെയാണ് നിർണ്ണായക മായ ദൈവിക ഇടപെടൽ. ഉള്ളതുമുഴുവൻ കൊണ്ടുവരുക. പോരാ ത്തതു ദൈവം തരും. കൃതജ്ഞതാസ്തോത്രം ചെയ്ത് ആശീർവ്വ ദിച്ചു മുറിച്ച് നല്കിയ അപ്പം എപ്പോഴെന്നറിയില്ല പെരുകി, അവ രുടെ കുട്ടകളിൽ അപ്പം വർദ്ധിച്ചുകൊണ്ടേയിരുന്നു. അവസാനം പന്ത്രണ്ടുപേർക്കും ഓരോ കുട്ട നിറയെ ബാക്കിയും കിട്ടി.

ഒന്നും മാറ്റിവയ്ക്കാതെ ഉള്ളതു മുഴുവൻ പങ്കുവയ്ക്കാനുള്ള ആഹ്വാനമാണ് അപ്പത്തിന്റെ പ്രമേയത്തിലൂടെ നല്കുന്ന മറ്റൊരു പാഠം. അധ്വാനിച്ച് അപ്പം ഉല്പാദിപ്പിക്കണം. എന്നാൽ എന്റേത് എന്നു പറഞ്ഞു സൂക്ഷിച്ചുവയ്ക്കാതെ വിശക്കുന്നവരുമായി പങ്കു വയ്ക്കാൻ തയ്യാറാകണം, ആദിമക്രൈസ്തവസമൂഹം ചെയ്തതു പോലെ (അപ്പ 3,43-48; 4,32-34). കല്ലുകളെ അപ്പമാക്കുന്ന ജാല വിദ്യയല്ല, അധ്വാനിച്ചും പങ്കുവച്ചും പ്രകടമാക്കുന്ന ദൈവാശ്രയ ബോധവും സഹോദരസ്നേഹവുമാണ് ആവശ്യം. അതിനായുള്ള ഒരാഹ്വാനമായി നോമ്പുകാലത്തെ പരിഗണിക്കണം.

# 13

## പ്രലോഭനം 2 - അത്ഭുതം

**"അനന്തരം പിശാച് അവനെ വിശുദ്ധനഗരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി ദേവാലയത്തിന്റെ അഗ്രത്തിൽ കയറ്റിനിർത്തിയിട്ടു പറഞ്ഞു, നീ ദൈവപുത്രനെങ്കിൽ താഴേക്കു ചാടുക. നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാർക്കു കല്പന നല്കും. നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളും എന്ന് എഴുതപ്പെട്ടിരിക്കുന്നു. യേശു പറഞ്ഞു: നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നും എഴുതപ്പെട്ടിരിക്കുന്നു."** (മത്താ 4,5-7).

ജനശ്രദ്ധ പിടിച്ചുപറ്റാൻ ഉതകുന്ന ഒരു മഹാത്ഭുതമാണ് ഇവിടെ പ്രലോഭകൻ ആവശ്യപ്പെടുന്നത്. യഹൂദരുടെ വിശ്വാസമനുസരിച്ച് ഈ പ്രലോഭനത്തിന് ഒരു പശ്ചാത്തലമുണ്ട്. അഗ്നിത്തേരിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ഏലിയാ പ്രവാചകൻ യുഗാന്തം വിളംബരം ചെയ്യാനായി വീണ്ടും വരും. അപ്പോൾ അവൻ ദേവാലയഗോപുരത്തിനു മുകളിലാകും പ്രത്യക്ഷനാവുക. ജനങ്ങൾക്കെല്ലാം അത് ഒരു അടയാളമായിരിക്കും. ഇപ്രകാരം ഒരു ദൃശ്യമാണ് ഇവിടെ പ്രലോഭകൻ നിർദ്ദേശിക്കുന്നത്.

ദേവാലയമുറ്റത്തു തിങ്ങിക്കൂടി നില്ക്കുന്ന ജനക്കൂട്ടത്തിന്റെ നടുവിലേക്ക് ദേവാലയഗോപുരത്തിന്റെ മുകളിൽനിന്നു ചാടി ഒരു കേടും കൂടാതെ നില്ക്കുന്നതു കാണുമ്പോൾ ജനങ്ങളെല്ലാം അവനെ മിശിഹായും രക്ഷകനും ആയി അംഗീകരിക്കും. ഇതു തന്നെ രക്ഷയുടെ മാർഗ്ഗം. പരസ്യജീവിതം തുടങ്ങാൻപോകുന്ന യേശുവിന്റെ മുമ്പിൽ തെളിയുന്ന ഒരു വഴിയാണിത്. മഹാത്ഭുത

ത്തിലൂടെ ജനശ്രദ്ധ പിടിച്ചുപറ്റുക, ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുക.

പ്രതീകാത്മകഭാഷയിൽ ഇവിടെ അവതരിപ്പിക്കുന്ന അത്ഭുതത്തിന്റെ പ്രമേയം യേശുവിന്റെ ജീവിതകാലത്ത് അനേകം തവണ ആവർത്തിക്കുകയുണ്ടായി. യഹൂദനേതാക്കന്മാർ യേശുവിനോടു പറഞ്ഞു. "*ഗുരോ നിന്നിൽനിന്ന് ഒരടയാളം കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു*" (മത്താ 12,38). ഏഴപ്പംകൊണ്ട് നാലായിരം പേരെ തീറ്റി തൃപ്തിയാക്കിയതിന് തൊട്ടുപിന്നാലെ "*ഫരിസേയർ വന്ന് അവനുമായി തർക്കിക്കാൻ തുടങ്ങി. അവർ അവനെ പരീക്ഷിച്ചുകൊണ്ട് സ്വർഗ്ഗത്തിൽനിന്ന് ഒരടയാളം ആവശ്യപ്പെട്ടു*" (മർക്കോ 8,11). അപ്പത്തിന്റെ അത്ഭുതം കാണുകയും തിന്നു തൃപ്തരാവുകയും ചെയ്തിട്ടും, മതിയാവാതെ നേതാക്കന്മാർ ചോദിച്ചു: "*ഞങ്ങൾ കണ്ടു വിശ്വസിക്കേണ്ടതിന് എന്തടയാളമാണു നീ നല്കുക?*" (യോഹ 6,30). അവസാനം കുരിശിൽനിന്ന് ഇറങ്ങിവരാൻ വെല്ലുവിളിച്ചവരും (മത്താ 27,40) ആവശ്യപ്പെട്ടത് ഒരത്ഭുതമാണ്.

ഇതെല്ലാം പ്രലോഭനങ്ങളായി യേശു തിരിച്ചറിഞ്ഞു, തള്ളിക്കളഞ്ഞു. യേശു പ്രവർത്തിച്ച അത്ഭുതങ്ങൾ ജനശ്രദ്ധ പിടിച്ചുപറ്റുന്ന മായാജാലങ്ങളായിരുന്നില്ല. ദൈവത്തിന്റെ കരുണയും ശക്തിയും പ്രകടമാക്കുന്ന അടയാളങ്ങളായിരുന്നു. അതിൽ ഏറ്റം വലിയ അടയാളമാണ് യേശുവിന്റെ കുരിശുമരണവും പുനരുത്ഥാനവും. അതിന്റെ ഓർമ്മയാചരിക്കുന്നതിനുള്ള ഒരുക്കമാണ് നോമ്പുകാലം. അത്ഭുതങ്ങൾക്കുവേണ്ടിയുള്ള അമിതദാഹത്തെ പ്രലോഭനങ്ങളായി തിരിച്ചറിയാൻ നോമ്പുകാലം സഹായിക്കണം. ദേവാലയ ഗോപുരത്തിൽനിന്നും താഴേക്കു ചാടിയല്ല കുരിശിൽ മുകളിലേക്കുയർന്നാണ് യേശു ദൈവപുത്രത്വം വെളിപ്പെടുത്തിയത്.

# 14

## വഴിതെറ്റിക്കുന്ന അത്ഭുതങ്ങൾ

**"കള്ളക്രിസ്തുമാരും വ്യാജപ്രവാചകന്മാരും പ്രത്യക്ഷപ്പെടും. സാധ്യമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെ വഴിതെറ്റിക്കുന്നതിന് അടയാളങ്ങളും അത്ഭുതങ്ങളും അവർ പ്രവർത്തിക്കും. നിങ്ങൾ ജാഗരൂകരായിരിക്കുവിൻ."** (മർക്കോ 13,22-23).

യേശു അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു. അത് ഏതെങ്കിലും വെല്ലുവിളിക്ക് ഉത്തരമായോ ജനശ്രദ്ധ പിടിച്ചുപറ്റാൻ വേണ്ടിയോ ആയിരുന്നില്ല. യേശു പ്രവർത്തിച്ച അത്ഭുതങ്ങൾ ദൈവത്തിന്റെ കരുണയുടെയും കരുതലിന്റെയും കരുത്തിന്റെയും പ്രകടനങ്ങളായിരുന്നു. അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചെങ്കിലും അതൊന്നും അധികമാരെയും വിശ്വാസത്തിലേക്കു നയിച്ചില്ല എന്ന് അനല്പമായ ദുഃഖത്തോടെ യോഹന്നാൻ രേഖപ്പെടുത്തുന്നുണ്ട്. "*അവൻ വളരെ അടയാളങ്ങൾ അവരുടെ മുമ്പാകെ പ്രവർത്തിച്ചെങ്കിലും അവർ അവനിൽ വിശ്വസിച്ചില്ല.*" (യോഹ 12,37).

അതേസമയം, തെറ്റായ പ്രബോധനങ്ങളുമായി വരുന്ന വ്യാജ പ്രവാചകന്മാരും, അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കാൻ സാധ്യതയുണ്ട്; അതിനാൽ ജാഗ്രത പാലിക്കണം എന്നു യേശുതന്നെ മുന്നറിയിപ്പും നല്കിയിട്ടുണ്ട്. അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് വിശുദ്ധിയുടെയും ദൈവത്തോടുള്ള വിശ്വസ്തതയുടെയും അടയാളം ആയിരിക്കണമെന്നില്ല.

"*അന്ന് പലരും എന്നോടു ചോദിക്കും: കർത്താവേ, കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും നിന്റെ നാമത്തിൽ*

*പിശാചുക്കളെ പുറത്താക്കുകയും നിന്റെ നാമത്തിൽ നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ ഞാൻ അവരോടു പറയും: നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. അനീതി പ്രവർത്തിക്കുന്നവരേ നിങ്ങൾ എന്നിൽനിന്ന് അകന്നു പോകുവിൻ.*" (മത്താ 7, 22-23).

എന്നും പ്രസക്തമായൊരു താക്കീതും മുന്നറിയിപ്പുമാണിത്. അത്ഭുതങ്ങൾ എന്നു തോന്നുന്നതെല്ലാം യഥാർത്ഥത്തിൽ ദൈവികശക്തിയും കരുണയും വെളിപ്പെടുത്തുന്ന അടയാളങ്ങൾ ആകണമെന്നില്ല. അത്ഭുതപ്രവർത്തകരും പ്രത്യേകസിദ്ധികളുള്ള സിദ്ധന്മാരും ഇന്നു ധാരാളമുണ്ട്. അനേകർക്ക് അവർ നന്മ ചെയ്യുന്നുമുണ്ട്. എന്നാൽ അത്ഭുതങ്ങൾ തേടിയുള്ള പ്രയാണം പലപ്പോഴും പ്രലോഭകന്റെ വലയിൽ വീഴാൻ ഇടയാക്കും എന്നതും മറക്കാനാവില്ല. വ്യക്തികളും പ്രാർത്ഥന-ധ്യാനകേന്ദ്രങ്ങളും ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പാലിക്കണം. ആൾക്കൂട്ടത്തെ ആകർഷിക്കാനുള്ള മാർഗ്ഗമായി അത്ഭുതങ്ങളെ കാണരുത്.

മറ്റുള്ളവരുടെ മുമ്പിൽ വലിയവരാകാനുള്ള ശ്രമവും ഈ പ്രലോഭനത്തിന്റെ പരിധിയിൽ പെടും. ഏറ്റം വലിയ ദേവാലയ ഗോപുരം, ഏറ്റം ഗംഭീരമായ തിരുനാളാഘോഷം, ഗിന്നസ് ബുക്കിൽ ഇടംതേടുന്ന പ്രദക്ഷിണങ്ങൾ, ആഡംബരക്കാറുകൾ, വീടുകൾ, വിരുന്നുകൾ എല്ലാം സ്വന്തം വലുപ്പം കാണിക്കാൻ ഉപയോഗിക്കുന്ന മാർഗ്ഗങ്ങളാവാം. അതും പ്രലോഭനമായി തിരിച്ചറിയണം. വിശ്വാസത്തിന്റെ പേരിൽ അനാവശ്യമായ സാഹസങ്ങൾക്കു മുതിരുന്നതും പ്രലോഭനംതന്നെ. ഇവയൊക്കെ തിരിച്ചറിഞ്ഞ് തിരസ്കരിക്കാൻ നോമ്പുകാലം ആഹ്വാനം ചെയ്യുന്നു. കാതോർക്കാം.

## 15

# പ്രലോഭനം 3 - അധികാരം

**"പിശാച് വളരെ ഉയർന്ന ഒരു മലയിലേക്ക് അവനെ കൂട്ടിക്കൊണ്ടുപോയി, ലോകത്തിലെ എല്ലാ രാജ്യങ്ങളും, അവയുടെ മഹത്വവും അവനെ കാണിച്ചുകൊണ്ട്, അവനോടു പറഞ്ഞു, നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്കു ഞാൻ നല്കും. യേശു കല്പിച്ചു: സാത്താനേ ദൂരെപ്പോവുക. എന്തെന്നാൽ, നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം. അവനെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു"** (മത്താ 4,8-10).

പ്രലോഭകൻ ഇവിടെ മുഖംമൂടി മാറ്റി, തന്റെ തനിനിറം പ്രകടമാക്കുന്നു. ലോകം മുഴുന്റെയും അധികാരിയാണ് താൻ. തനിക്കിഷ്ടമുള്ളവർക്കു താൻ അധികാരം നല്കും. ഒന്നേ ചെയ്യേണ്ടതുള്ളു, തനിക്കു സ്വയം അടിയറവയ്ക്കണം, കുമ്പിട്ട് ആരാധിക്കണം. അധികാരത്തെ സംബന്ധിച്ച യേശുവിന്റെ കാഴ്ചപ്പാടിനു കടകവിരുദ്ധമാണ് ഈ നിലപാട്. മറ്റുള്ളവരുടെമേൽ ആധിപത്യം സ്ഥാപിക്കുന്ന അധികാരശൈലി ക്രിസ്തുവിന്റേതല്ല. "*നിങ്ങൾ അങ്ങനെ ആയിരിക്കരുത്. നിങ്ങളിൽ വലിയവൻ ആകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം*" (മത്താ 20, 26-27).

പ്രലോഭകൻ മുന്നോട്ടുവയ്ക്കുന്നത് പൈശാചിക അധികാരത്തിലുള്ള പങ്കുചേരലാണ്. അതു പരസ്യമായും വ്യക്തമായും ദൈവത്തെ തള്ളിപ്പറയലാണ്, ഭൗതികാധികാരത്തിനും, അതിൽ നിന്നു ലഭിക്കുന്ന സൗകര്യങ്ങൾക്കും ആനുകൂല്യങ്ങൾക്കും

വേണ്ടി ദൈവത്തെയും അവിടുത്തെ നിയമങ്ങളെയും തിരസ്ക രിച്ച്, പൈശാചികശക്തിക്ക് സ്വയം അടിയറവയ്ക്കലാണ്.

അധികാരത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് എന്നും പ്രസക്ത മാണ്. ദൈവം ആരെയും അടിമയാക്കുകയില്ല. ഓരോ മനുഷ്യ വ്യക്തിയും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടി ക്കപ്പെട്ടവനാണ്. അവൻ ആരുടെയും അടിമയാകരുത്; ആരും ആരെയും അടിമയാക്കുകയും അരുത്. ദൈവത്തെ മാത്രമേ ആരാ ധിക്കാവൂ. ദൈവാരാധന അടിമത്തത്തിന്റേയല്ല, ദൈവമക്കളുടെ മഹത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അടയാളമാണ്.

ഇന്നു സകല മേഖലകളിലും നിറഞ്ഞുനില്ക്കുന്ന, അധികാര ത്തിനുവേണ്ടിയുള്ള ത്വര പൈശാചിക പ്രലോഭനമായി തിരിച്ചറി യണം. രാഷ്ട്രീയ, സാമൂഹിക, മതാത്മക മേഖലകളിൽ എല്ലാം പ്രസക്തമാണ് ഈ പ്രലോഭനം. എന്തു വില കൊടുത്തും, വഞ്ച നയും വ്യാജവും വഴിയും, അധികാരം പിടിച്ചെടുക്കാനുള്ള ശ്രമം പൈശാചികമായി തിരിച്ചറിഞ്ഞ്, തിരസ്കരിക്കണം. അധികാരം ആധിപത്യത്തിനുള്ള അവകാശമല്ല, സേവനത്തിനുള്ള കടമയാ ണെന്നു മനസിലാക്കണം. "നിങ്ങൾ അങ്ങനെയാകരുത്" എന്ന താക്കീത് പ്രത്യേകം ശ്രദ്ധിക്കണം.

പൊതുസമൂഹത്തിലും മതമേഖലയിലും നിലനില്ക്കുന്ന ശ്രേണിബദ്ധമായ അധികാരസംവിധാനവും ഇവിടെ പ്രതിക്കൂട്ടി ലാകുന്നു. അധികാരശ്രേണിയിൽ ഉയരുംതോറും ആധിപത്യവും അഹംഭാവവും ധാർഷ്ഠ്യവും വർദ്ധിക്കുന്ന മനോഭാവം പൈശാ ചികമാണ്. ഏറ്റം വലിയവൻ ഏറ്റം ചെറിയവനാകണം. ജീവിത ശൈലിയിലും പെരുമാറ്റത്തിലും ബന്ധങ്ങളിലും എല്ലാം ഈ മനോഭാവം പ്രകടമാകണം. ഇല്ലെങ്കിൽ പൈശാചികാധികാരമാ യിരിക്കും കയ്യാളുന്നത് എന്നും മറക്കാതിരിക്കാം. നിന്റെ ദൈവ മായ കർത്താവിനെ ആരാധിക്കണം. അങ്ങനെ മാത്രമേ പൂജി ക്കാവൂ.

## 16

# അനുതാപം

**"യോഹന്നാൻ ബന്ധനസ്ഥനായപ്പോൾ യേശു ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലിയിലേക്കു വന്നു. അവൻ പറഞ്ഞു: സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ"** (മർക്കോ 1,14–15).

നോമ്പാചരണത്തിന്റെ ഒരു അവശ്യഘടകമാണ് അനുതാപം. ചെയ്തുപോയ തെറ്റിനെക്കുറിച്ചുള്ള അവബോധമാണ് അനുതാപത്തിലേക്കു നയിക്കുന്നത്. നാല്പതുദിവസം ദീർഘിച്ച മരുഭൂമിയിലെ ഉപവാസത്തിനുശേഷം സ്വന്തം നാടായ ഗലീലിയിലേക്കു തിരിച്ചുവന്ന യേശു പ്രഘോഷിച്ച സന്ദേശം മർക്കോസ് നാലു വാക്കുകളിൽ ചുരുക്കി പറയുന്നു; രണ്ട് പ്രസ്താവനകളും തുടർന്ന് രണ്ട് ആഹ്വാനങ്ങളും. വാക്കും പ്രവൃത്തിയും സർവ്വോപരി സ്വന്തം ജീവിതവും വഴി യേശു നല്കിയ സുവിശേഷത്തിന്റെ രത്നച്ചുരുക്കമാണ് ഈ നാലു വാക്കുകൾ.

നൂറ്റാണ്ടുകളായി ഇസ്രായേൽ ജനം കാത്തിരുന്ന രക്ഷയുടെ സമയം പൂർത്തിയായി. ദൈവരാജ്യം ഇതാ വാതില്ക്കൽ എത്തിയിരിക്കുന്നു. ഇതാണ് പ്രസ്താവനകൾ. ദൈവം തന്റെ ഹിതം ഭൂമിയിൽ നടപ്പിലാക്കുന്ന അവസ്ഥയെ ദൈവരാജ്യം അഥവാ ദൈവഭരണം എന്നു വിശേഷിപ്പിക്കുന്നു. ദൈവരാജ്യാനുഭവം സ്വന്തമാക്കണമെങ്കിൽ രണ്ടു കാര്യങ്ങൾ ആവശ്യമാണ്. അനുതപിക്കണം. സുവിശേഷത്തിൽ വിശ്വസിക്കണം. യേശുവിനെ ദൈവപുത്രനും രക്ഷകനുമായി സ്വീകരിച്ച് ഏറ്റു പറയുന്നതാണ്

വിശ്വാസം. അതിന് അവശ്യം വേണ്ട മനോഭാവമാണ് അനുതാപം.

സ്നാപക യോഹന്നാനും അവനുമുമ്പേ വന്ന നിരവധി പ്രവാചകന്മാരും ആവർത്തിച്ച ആഹ്വാനമാണ് അനുതപിക്കുവിൻ! കടന്നുപോന്ന വഴികൾ പരിശോധിക്കണം. ദൈവകല്പനകളുടെ പശ്ചാത്തലത്തിൽ സ്വന്തം ജീവിതത്തെ അപഗ്രഥിക്കണം. എവിടെയാണ് വഴിതെറ്റിയത് എന്നു മനസിലാക്കണം, ഏറ്റുപറയണം. ഇതാണ് അനുതാപത്തിന്റെ ഒരു മാനം.

ഇപ്രകാരമുള്ള അനുതാപത്തിന് പ്രത്യേകമായി ആഹ്വാനം ചെയ്യുന്നതാണ് നോമ്പുകാലം. അനുതാപത്തിന്റെ അനേകം അടയാളങ്ങൾ ബൈബിളിൽ കാണാം. വസ്ത്രം വലിച്ചുകീറുക, കീറിയ വസ്ത്രം ധരിക്കുക, ചാക്കുടുക്കുക, ചാരത്തിൽ ഇരിക്കുക, തലയിൽ ചാരം വിതറുക, ഉച്ചത്തിൽ വിലപിക്കുക, ഭക്ഷണം ഉപേക്ഷിക്കുക, ദേഹത്തു മുറിവുണ്ടാക്കുക എന്നിങ്ങനെ നിരവധി ആചാരാനുഷ്ഠാനങ്ങൾ അനുതാപത്തിന്റെ പ്രകടനങ്ങളാണ്.

പ്രവാസത്തിൽനിന്നു മടങ്ങിവന്ന നിയമജ്ഞനായ എസ്രാ, ഇസ്രായേൽ ജനങ്ങൾക്കിടയിൽ നിലവിലിരുന്ന മിശ്രവിവാഹങ്ങളെക്കുറിച്ചു കേട്ടപ്പോൾ പ്രതികരിച്ചവിധം ഒരു ഉദാഹരണമാണ്. "*ഇതുകേട്ടു ഞാൻ വസ്ത്രവും മേലങ്കിയും കീറി, മുടിയും താടിയും വലിച്ചുപറിച്ചു... കീറിയ വസ്ത്രവും മേലങ്കിയുമായി മുട്ടിന്മേൽവീണ്, എന്റെ ദൈവമായ കർത്താവിന്റെ നേർക്ക് കൈകളുയർത്തി പ്രാർത്ഥിച്ചു...*" (എസ്രാ 9,3-5).

ചെയ്തുപോയ പാപങ്ങളെക്കുറിച്ച് അവബോധമുണ്ടാകുക, പാപങ്ങൾ ഏറ്റുപറഞ്ഞ് മാപ്പിരക്കുക, പരിഹാരമായി ത്യാഗങ്ങൾ അനുഷ്ഠിക്കുക, ദൈവത്തിന്റെ കരുണയ്ക്കുവേണ്ടി യാചിക്കുക. ഇതൊക്കെ നോമ്പാചരണത്തിന്റെ ഭാഗങ്ങളാണ്. ഉപവാസം, പ്രാർത്ഥന, ധർമ്മദാനം എന്ന മൂന്നു കാര്യങ്ങൾ നോമ്പിന്റെ മൂന്നു തൂണുകളായി കരുതപ്പെടുന്നു. സഭാപിതാക്കന്മാരും മാർപ്പാപ്പാമാരും ആവർത്തിച്ച് ഇതിനായി ആഹ്വാനം ചെയ്യുന്നു. കാതോർക്കാം.

# 17

## പാപബോധം

**“ഞാൻ കർത്താവിനെതിരായി പാപം ചെയ്തുപോയി, ദാവീദു പറഞ്ഞു”** (2 സാമു 12,13).

അനുതാപത്തിന്റെ കാലഘട്ടമാണ് നോമ്പുകാലം. ചെയ്തു പോയ തെറ്റുകളോർത്തു ദുഃഖിക്കുക, തെറ്റ് സമ്മതിച്ചു ഏറ്റു പറയുക, കർത്താവിന്റെ കരുണയ്ക്കും മാപ്പിനുംവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കുക, ഇതെല്ലാം അനുതാപത്തിന്റെ ഭാഗംതന്നെ. അനുതാപത്തിന്റെ ഒരു ഉത്തമമാതൃകയാണ് ദാവീദുരാജാവ്. പാപബോധമാണ് അനുതാപത്തിലേക്കു നയിക്കുന്നത്.

പിതാവായ ജെസ്സെയുടെ എട്ടു മക്കളിൽ ഏറ്റം ഇളയവൻ. അപ്പന്റെ ആടുകളെ മേയിച്ചുനടന്നവൻ. ജ്യേഷ്ഠന്മാർ സാവൂൾ രാജാവിനുവേണ്ടി യുദ്ധം ചെയ്യുന്ന സൈനികരായിരുന്നപ്പോൾ ദാവീദ് ഇടയന്റെ ജോലിയിൽ വ്യാപൃതനായിരുന്നു. അവിടെ നിന്ന് ദൈവം അവനെ വിളിച്ചു. പടിപടിയായി ഉയർത്തി. ശത്രുക്കളിൽനിന്നു സംരക്ഷിച്ചു. അവസാനം പന്ത്രണ്ടു ഗോത്രങ്ങൾ അടങ്ങുന്ന ഇസ്രായേൽ ജനം മുഴുവന്റെയും രാജാവാക്കി. അധികാരം, സമ്പത്ത്, സ്ഥാനമാനങ്ങൾ, അനേകം ഭാര്യമാർ, സുഖസൗകര്യങ്ങൾ എല്ലാം ലഭിച്ചു. ദൈവം തന്റെ ദത്തുപുത്രനായി സ്വീകരിക്കുന്നു എന്ന് രാജാഭിഷേകവേളയിൽ പ്രവാചകൻ വഴി അരുളിചെയ്തു (സങ്കി 2,7; 2 സാമു 7,14).

ഇതെല്ലാമായിട്ടും കാലിടറി. കുളിക്കുന്ന സ്ത്രീയുടെ നഗ്നസൗന്ദര്യത്തിൽ ആകൃഷ്ടനായി. തുടർന്ന് വ്യഭിചാരം, കൊലപാതകം, കുഞ്ഞിന്റെ പൈതൃകം ഏറ്റെടുക്കാൻ വിസമ്മതിച്ച

തന്റെ വിശ്വസ്ത സൈനികനും ബത്ഷേബായുടെ ഭർത്താവുമായ ഊറിയായെ തന്ത്രപൂർവ്വം കൊലപ്പെടുത്തി, യുദ്ധത്തിൽ സംഭവിച്ച മരണമായി അതിനെ ചിത്രീകരിച്ചു. മരിച്ച സൈനികനോടുള്ള ആദരവും കരുതലും പ്രകടമാക്കാൻ എന്നോണം, വിലാപദിനങ്ങൾ കഴിഞ്ഞപ്പോൾ ആളയച്ച് ബത്ഷേബായെ വരുത്തി, ഭാര്യയായി സ്വീകരിച്ചു. എല്ലാം ഭദ്രം. രാജാവിന്റെ ചെയ്തികളെ ചോദ്യംചെയ്യാൻ ആരും ധൈര്യപ്പെട്ടില്ല. താൻ ചെയ്തതിൽ എന്തെങ്കിലും തെറ്റോ കുറ്റമോ ഉള്ളതായി ദാവീദും കരുതിയില്ല. ഈ സാഹചര്യത്തിലാണ് പാറയെ തകർക്കുന്ന കൂടംപോലെ, ദഹിപ്പിക്കുന്ന അഗ്നിപോലെ, ശക്തമായ ദൈവവചനവുമായി നാഥാൻ പ്രവാചകൻ കടന്നുവന്നത്.

രാജ്യത്തെവിടെയോ നടന്ന ഒരനീതിയായി നാഥാൻ ഒരാടിന്റെ കഥപറഞ്ഞു. ആയിരം ആടുണ്ടായിരുന്ന ധനികന്റെ വീട്ടിൽ വിരുന്നുകാരൻ വന്നപ്പോൾ ദരിദ്രനായ അയല്ക്കാരന്റെ ഏകപെണ്ണാട്ടിൻകുട്ടിയെ കശാപ്പുചെയ്ത് കറിയൊരുക്കി. രാജാവും സമുന്നത ന്യായാധിപനുമായ ദാവീദിന്റെ ധാർമ്മികരോഷം സടകുടഞ്ഞെണീറ്റു. ശിക്ഷാവിധി ഉടനെ വന്നു: "***ആ മനുഷ്യൻ മരിക്കണം***" (2 സാമു 12,5). കർത്താവിന്റെ നാമത്തിൽ ആണയിട്ടുറപ്പിച്ച വിധിവാചകം. തന്റെമേൽത്തന്നെയാണ് പ്രസ്താവിച്ചത് എന്ന് അടുത്തനിമിഷം അയാൾ അറിഞ്ഞു.

"***ആ മനുഷ്യൻ നീ തന്നെ***" (2 സാമു 12,7). ദൈവം നല്കിയ അനുഗ്രഹങ്ങളെ അക്കമിട്ടു നിരത്തിയതിനുശേഷമാണ് വിധിപ്രസ്താവം. "*എന്തുകൊണ്ട് നീ എന്നെ അനുസരിക്കാതെ, എന്റെ മുമ്പാകെ ഈ തിന്മ ചെയ്തു? അമ്മോന്യരുടെ വാൾകൊണ്ട് ഹിത്യനായ ഊറിയായെ നീ കൊല്ലിച്ചു. അവന്റെ ഭാര്യയെ നീ അപഹരിച്ചു. എന്നെ നിരസിച്ച്, ഊറിയായുടെ ഭാര്യയെ നീ സ്വന്തമാക്കിയതുകൊണ്ട് നിന്റെ ഭവനത്തിൽനിന്നു വാൾ ഒഴിയുകയില്ല*" (2 സാമു 12,9-10). ഒഴിഞ്ഞുമാറാൻ കഴിയാത്തവിധം കുറ്റം തെളിയിച്ചുകഴിഞ്ഞു. ശിക്ഷാവിധിയും പ്രഖ്യാപിച്ചു. അവസാനം ഒരു ശിക്ഷയും കൂടി. "*ഈ പ്രവൃത്തികൊണ്ട് നീ കർത്താവിനെ അവഹേളിച്ചതിനാൽ നിന്റെ കുഞ്ഞു മരിച്ചുപോകും*" (2 സാമു 12,12).

ദൈവം തനിക്കു നല്കിയ അനുഗ്രഹങ്ങളുടെ, അവയിലൂടെ പ്രകടമായ ദൈവസ്നേഹത്തിന്റെ ആഴങ്ങളെക്കുറിച്ചുള്ള അവ

ബോധമാണ് അനുതാപത്തിലേക്കു നയിക്കുന്നത്. താൻ ആരായിരുന്നെന്നും ഇന്നത്തെ അവസ്ഥയിൽ എങ്ങനെ എത്തിയെന്നും തിരിച്ചറിയുമ്പോഴാണ് താൻ ചെയ്ത തെറ്റിന്റെ കാഠിന്യം മനസിലാകുക. ദൈവസ്നേഹത്തെക്കുറിച്ച്, ദൈവികപരിപാലനയെക്കുറിച്ചുള്ള അവബോധമാണ് അനുതാപത്തിലേക്കു നയിക്കുന്നത്. "*ഞാൻ കർത്താവിനെതിരേ പാപം ചെയ്തുപോയി*" (2 സാമു 12,13). ഇതാണ് അനുതാപത്തിന്റെ ഉത്തമമായ പ്രകടനം.

സഹോദരങ്ങളോട്, സഹജീവികളോട് ചെയ്യുന്ന ഏതു തെറ്റും ദൈവത്തിനെതിരേ ചെയ്യുന്ന പാപമാണ് എന്ന അവബോധം ദാവീദിന്റെ ഈ പാപസങ്കീർത്തനത്തിൽ തെളിയുന്നു. ഏവർക്കും അനുകരണീയമായ മാതൃക. അയല്ക്കാരനെതിരേ ചെയ്യുന്ന ഏതു തെറ്റും ദൈവത്തിനെതിരെ ചെയ്യുന്ന പാപമാണ് എന്ന ബോധ്യം അനുതാപത്തിലേക്കു നയിക്കണം. നോമ്പാചാരണത്തിന്റെ അവശ്യഘടകമാണ് അനുതാപം.

# 18

## പാപം - നിയമലംഘനം

**"പാപം ചെയ്യുന്നവൻ നിയമം ലംഘിക്കുന്നു. പാപം നിയമ ലംഘനമാണ്"** (1 യോഹ 3,4).

കർശനമായ ആത്മശോധനയിലൂടെ സ്വന്തം പാപങ്ങൾ തിരിച്ചറിഞ്ഞ് അനുതപിക്കാനും ഏറ്റുപറഞ്ഞ് മോചനം പ്രാപിക്കാനും പരിഹാരം അനുഷ്ഠിക്കാനുമായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന ദിവസങ്ങളാണ് നോമ്പുകാലം. ഇവിടെ എന്താണ് പാപം എന്ന ചോദ്യം ഏറെ പ്രസക്തമാകുന്നു. ഇതിനുള്ള ഉത്തരം ഒറ്റവാക്യത്തിൽ യോഹന്നാൻ നല്കുന്നുണ്ട്. **പാപം നിയമലംഘനമാണ്**.

നിയമലംഘനം രണ്ടുവിധത്തിലാകാം. അരുത് എന്ന് നിയമം വിലക്കുന്ന കാര്യങ്ങൾ ചെയ്യുന്നതാണ് പാപത്തിന്റെ ഒരു മാനം. ദൈവം ഇസ്രായേൽ ജനവുമായി ചെയ്ത സീനായ് ഉടമ്പടിയുടെ നിബന്ധനകളായ പത്തു പ്രമാണങ്ങൾ ഒന്നൊഴിയെ ഒമ്പതും വിലക്കുകളാണ്. വിഗ്രഹാരാധനയരുത്, ദൈവദൂഷണമരുത്, സാബത്തിൽ ജോലിയരുത്, കൊല്ലരുത്, വ്യഭിചാരമരുത്, മോഷ്ടിക്കരുത്, കള്ളം പറയരുത്, മോഹിക്കരുത് എന്നിങ്ങനെ എല്ലാം വിലക്കുകൾ. മാതാപിതാക്കന്മാരെ ആദരിക്കണം എന്ന പ്രമാണം മാത്രമാണ് വിലക്കില്ലാതെ കല്പനയുടെ രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. അരുത് എന്ന് വിലക്കുന്ന കാര്യം ചെയ്യുന്നതിനെയാണ് പാപം എന്നു പൊതുവേ വിശേഷിപ്പിക്കുക.

ചെയ്യണം എന്ന് കല്പിക്കുന്നതു ചെയ്യാതിരിക്കുന്നത് പാപത്തിന്റെ മറ്റൊരുമാനം. ഇതിനെ 'കടം' എന്നാണു പൊതുവേ വിശേഷിപ്പിക്കുക. ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറുക,

ഏല്പിക്കപ്പെട്ടിരിക്കുന്ന കടമകൾ നിർവ്വഹിക്കാതിരിക്കുക. ഇതാണ് കടം. ഈ അർത്ഥത്തിലാണ് സീറോ മലബാർ ആരാധന ക്രമത്തിൽ "പാപകടങ്ങൾ" എന്ന പദപ്രയോഗം.

പാപം നിയമലംഘനമാണ് എന്നുപറയുമ്പോൾ പാപത്തിന്റെ ഈ രണ്ടുമാനങ്ങളും ഒരുപോലെ ശ്രദ്ധേയമാകുന്നു. അരുത് എന്ന വിലക്കുകൾ ലംഘിക്കുന്നത് എളുപ്പത്തിൽ ശ്രദ്ധേയമാകും. എന്നാൽ ഉപേക്ഷമൂലം ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാതെ പോകുന്നത് അത്രതന്നെ എളുപ്പത്തിൽ ശ്രദ്ധിച്ചെന്നുവരില്ല. അതിൽ ദൈവത്തോടും സഹോദരങ്ങളോടും സൃഷ്ടപ്രപഞ്ചത്തോടും തന്നോടുതന്നെയുമുള്ള കടമകൾ എന്തെന്ന് വ്യക്തമായ അവബോധമുണ്ടാകണം.

അന്തിമവിധിയുടെ മാനദണ്ഡമായി യേശുനാഥൻ എടുത്തു കാട്ടിയ ആറുകാര്യങ്ങളും ഉപേക്ഷയുടെ പട്ടികയിൽ പെടുന്നു (മത്താ 25,41-43). വിശക്കുന്നവന് ആഹാരം നല്കാതിരിക്കുക തുടങ്ങി വിവിധങ്ങളായ ആവശ്യങ്ങൾ അനുഭവിക്കുന്നവരെ കഴിവിനൊത്ത് സഹായിക്കാതിരിക്കുന്നതെല്ലാം കടങ്ങളായി അവശേഷിക്കുന്നു. അവ ഏതൊക്കെയെന്ന് തിരിച്ചറിയാനും തിരുത്താനും നോമ്പുകാലം സഹായകമാകണം.

## 19

# പാപം - വിവിധ മാനങ്ങൾ

**"ദൈവമേ അങ്ങയുടെ കാരുണ്യത്തിനൊത്ത് എന്നോടു ദയതോന്നണമേ! അങ്ങയുടെ കാരുണ്യാതിരികത്തിനൊത്ത് എന്റെ അതിക്രമങ്ങൾ മായിച്ചുകളയണമേ. എന്റെ അകൃത്യം നിശ്ശേഷം കഴുകിക്കളയണമേ! എന്റെ പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ"** (സങ്കീ 51,1-2).

പാപങ്ങൾ ഏറ്റുപറഞ്ഞ് മാപ്പിരക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഏഴു സങ്കീർത്തനങ്ങൾ (6,30,38,51,102,130,143) "അനുതാപസങ്കീർത്തനങ്ങൾ" എന്നപേരിൽ അറിയപ്പെടുന്നു. പാപത്തിന്റെ വിവിധ മാനങ്ങളും അനുതാപത്തിന്റെ വിവിധ വശങ്ങളും മോചനത്തിനുവേണ്ടിയുള്ള യാചനകളുടെ വിവിധ ഭാവങ്ങളും ഈ സങ്കീർത്തനങ്ങളിൽനിന്ന് വ്യക്തമായി ഗ്രഹിക്കാനാവും.

ഈ ഏഴു സങ്കീർത്തനങ്ങളും നോമ്പുകാലത്തെ എല്ലാ ദിവസവും വായിച്ചു പ്രാർത്ഥിക്കുന്നവരുണ്ട്. ഓരോ ദിവസം ഇവയിൽ ഓരോ സങ്കീർത്തനം പ്രാർത്ഥനാവിഷയമാക്കുന്നവരുമുണ്ട്. ഇവയിൽ 51-ാം സങ്കീർത്തനമാണ് ഏറ്റം ദീർഘവും പാപത്തെയും അനുതാപത്തെയും കുറിച്ച് ഏറ്റം സമഗ്രമായ വീക്ഷണം അവതരിപ്പിക്കുന്നതുമായ സങ്കീർത്തനം.

നാഥാന്റെ കുറ്റാരോപണം ഉണർത്തിയ പാപബോധത്താൽ തകർന്ന ദാവീദിന്റെ ഹൃദയത്തിൽനിന്നു ഒഴുകിയതാണ് ഈ അനുതാപസങ്കീർത്തനം എന്ന് സങ്കീർത്തനത്തിന് ആമുഖമായി നല്കിയിരിക്കുന്ന കുറിപ്പ് വ്യക്തമാക്കുന്നു: "*ദാവീദ് ബത്ഷേ*

*ബായെ പ്രാപിച്ചതിനുശേഷം അവനെ നാഥാൻ പ്രവാചകൻ സന്ദർശിച്ചപ്പോൾ*" എന്ന ആമുഖവാക്യം സാഹചര്യത്തിന്റെ ഗൗരവം വ്യക്തമാക്കുന്നു. പാപത്തിന്റെ വിവിധ വശങ്ങളും ദൈവത്തിന്റെ സ്വഭാവസവിശേഷതകളും അനുതപിക്കുന്ന പാപിയുടെ യാചനകളും ഒരുമിച്ച് അവതരിപ്പിക്കുന്നതാണ് ആരംഭത്തിൽ ഉദ്ധരിച്ച രണ്ടു വാക്യങ്ങൾ.

പാപത്തെ സൂചിപ്പിക്കാൻ മൂന്നു പദങ്ങൾ ഇവിടെ ഉപയോഗിക്കുന്നു. "അതിക്രമങ്ങൾ" എന്നതാണ് ആദ്യം പ്രത്യക്ഷപ്പെടുന്ന പദം. "പെഷാ" എന്ന ഹീബ്രുവാക്കിന്റെ വിവർത്തനമാണിത്. അതിരു കടക്കുക, അതിർത്തി ലംഘിക്കുക എന്നർത്ഥമുള്ള "പാഷ" എന്ന ക്രിയാധാതുവിൽനിന്നാണ് "പെഷാ" എന്ന നാമത്തിന്റെ നിഷ്പത്തി. രാജാവിനു പ്രജകളുടെമേൽ അധികാരമുണ്ട്. എന്നാൽ ദാവീദിന്റെ പ്രവൃത്തി ഈ അതിരുകളെ മറികടക്കുന്നു. വ്യഭിചാരവും കൊലപാതകവും ഈ അതിർത്തി ലംഘനത്തിന്റെ ഉദാഹരണങ്ങളാണ്.

"അകൃത്യം" എന്നതാണ് രണ്ടാമത്തെ പദം. "ആവോൻ" എന്ന ഹീബ്രുമൂലം. അധർമ്മം, ശിക്ഷാർഹമായ കുറ്റകൃത്യം എന്നൊക്കെ ഇതിനെ വിവർത്തനം ചെയ്യാം. അരുതാത്തതു ചെയ്യുക. കരുണയില്ലാത്ത പ്രവർത്തനങ്ങൾ, മറ്റുള്ളവരുടെ അവകാശങ്ങളെ മാനിക്കാതിരിക്കുക, സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി അപരനെ നശിപ്പിക്കുക എന്നൊക്കെ ഇതിനർത്ഥമുണ്ട്. ഇതാണ് പാപത്തിന്റെ രണ്ടാമത്തെ മാനം.

"പാപം" എന്ന് വിവർത്തനം ചെയ്തിരിക്കുന്നത് ഹീബ്രുവിൽ "ഹത്താആ" എന്ന പദമാണ്. പാപത്തെ സൂചിപ്പിക്കാൻ ഏറ്റം കൂടുതൽ ഉപയോഗിച്ച പദമാണിത്. ലക്ഷ്യത്തിൽ എത്താൻ കഴിയാതെ വരുക. വഴിതെറ്റുക, തെറ്റു ചെയ്യുക എന്നൊക്കെ വാച്യാർത്ഥം. ദൈവനിശ്ചിതമായ ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയാതെ വഴിതെറ്റിപോകുന്നതിനെയാണിത് സൂചിപ്പിക്കുന്നത്. ഇതു മനുഷ്യർ തമ്മിലുള്ള ബന്ധത്തിൽ സംഭവിക്കുന്നതാവാം. സാവൂൾ ദാവീദിന്റെ മുമ്പിൽ കുറ്റം ഏറ്റുപറയുന്നത് ഉദാഹരണം. "*അപ്പോൾ സാവൂൾ പറഞ്ഞു, ഞാൻ തെറ്റുചെയ്തുപോയി. എന്റെ മകനേ ദാവീദേ, തിരിച്ചുവരിക. ഞാൻ ഇനി നിന്നെ ഉപദ്രവിക്കുകയില്ല*" (1 സാമു 26,2). ദൈവത്തോടുള്ള മനുഷ്യന്റെ

ബന്ധത്തിൽ സംഭവിക്കുന്നതുമാകാം. ഇസ്രായേൽ ജനത്തിന്റെ നിരവധിയായ കുറ്റകൃത്യങ്ങൾ അക്കമിട്ടു നിരത്തിയതിനുശേഷം ദൈവം ശിക്ഷാവിധി പ്രസ്താവിക്കുന്നത് ജെറമിയാ വിവരിക്കുമ്പോൾ ഈ മാനം വ്യക്തമാകുന്നു. "*പാപം ചെയ്തിട്ടില്ല എന്നു നീ പറഞ്ഞതുകൊണ്ട് ഞാൻ നിന്നെ കുറ്റം വിധിക്കും*" (ജറെ 2,35).

അതിരുകൾ മറികടക്കുന്ന അതിക്രമം, കടമകൾ മറക്കുന്ന കടം, ബന്ധങ്ങൾ തകർക്കുന്ന കുറ്റകൃത്യങ്ങൾ, ഉള്ളിൽ നിറയുന്ന ദുഷ്ടത, തിന്മ, പാതകം, സഹോദരനോടും, ദൈവത്തോടുമുള്ള ബന്ധങ്ങൾ തകർക്കുന്ന കുറ്റങ്ങൾ, ലക്ഷ്യം തെറ്റുന്ന, വഴിമാറി നടക്കുന്ന ഇടർച്ചകൾ, വീഴ്ചകൾ എന്നിങ്ങനെ നിരവധി മാനങ്ങൾ പാപത്തിനുണ്ട്. മതാത്മകതലത്തിൽ പൊതുവേ പാപം എന്നു പറയുമ്പോൾ ഈ അർത്ഥസൂചനകളൊക്കെ ആ പദത്തിനുണ്ടാകും. അതിനാൽ വിശദമായ ഒരു ആത്മശോധനയ്ക്ക് പ്രേരിപ്പിക്കുന്നതാണ് പാപം. ദൈവാവബോധം ഉണ്ടെങ്കിലേ പാപബോധം ഉണ്ടാകൂ. അതിലേക്കു നയിക്കുന്നതായിരിക്കണം നോമ്പാചരണം.

# 20

## മാനസാന്തരം

**"അപ്പോൾ മുതൽ യേശു പ്രസംഗിക്കാൻ തുടങ്ങി: "മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു"** (മത്താ 4,17).

അനുതാപത്തിനു പ്രത്യേക ഊന്നൽ നല്കുന്ന കാലമാണ് നോമ്പുകാലം. നോമ്പുകാലത്ത് മാത്രമല്ല, അനുദിന പ്രാർത്ഥനകളിലും വിശുദ്ധ ബലിയിലും എല്ലാം അനുതാപത്തിനു വലിയ പ്രാധാന്യം നല്കുന്നുണ്ട്. ചെയ്തുപോയ പാപങ്ങളെക്കുറിച്ച് വ്യക്തമായ അവബോധം, അതുളവാക്കുന്ന ദുഃഖം അഥവാ പശ്ചാത്താപം, പാപങ്ങൾ ഏറ്റുപറയാനും പ്രായശ്ചിത്തം അനുഷ്ഠിക്കാനുമുള്ള സന്നദ്ധത, ഇതൊക്കെയാണ് അനുതാപം എന്നതുകൊണ്ട് പൊതുവേ അർത്ഥമാക്കുക. എന്നാൽ ഇതുമാത്രം പോരാ. ഇവയേക്കാൾ എല്ലാം പ്രധാനമാണ് മാനസാന്തരം.

അനുതപിക്കുക, മാനസാന്തരപ്പെടുക എന്നീ രണ്ടു വാക്കുകൾ പലപ്പോഴും ഒരേ അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. അതിനാലാണ് മർക്കോ 1,15ൽ യേശുവിന്റെ ആഹ്വാനത്തെ "അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" എന്നു പി.ഒ.സി. ബൈബിളിൽ വിവർത്തനം ചെയ്തത്. എന്നാൽ മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന ''മെത്താനൊയേയിത്തെ'' (Metanoeite) എന്ന വാക്കിനു "മനസുമാറുക" എന്നാണർത്ഥം. പുതിയ ഒരു മനസ്, പുതിയൊരു മനോഭാവം ഉണ്ടാകണം. പാപബോധവും പശ്ചാത്താപവും പരിഹാരപ്രവൃത്തികളും എല്ലാം യഥാർത്ഥ മാനസാന്തരത്തിന്റെ അടയാളങ്ങളായിരിക്കണം.

തെറ്റ് മനസിലായിക്കഴിയുമ്പോൾ തിരുത്താൻ തയ്യാറാകണം.

വഴി തെറ്റിയാണ് യാത്ര ചെയ്യുന്നത് എന്ന ബോധ്യപ്പെട്ടയാൾ വഴിമാറണം, ശരിയായ വഴി തിരഞ്ഞെടുക്കണം. അതു ചെയ്യാതെ എത്ര വിലപിച്ചാലും, പ്രായശ്ചിത്തം അനുഷ്ഠിച്ചാലും ഫലമുണ്ടാകില്ല. "*നായ ഛർദ്ദിച്ചതു തന്നെ വീണ്ടും ഭക്ഷിക്കുന്നു, കുളിച്ച പന്നി ചളിക്കുണ്ടിൽ വീണ്ടും ഉരുളുന്നു*" (2 പത്രോ 2,22) എന്നു വിശുദ്ധ പത്രോസ് അനുസ്മരിപ്പിക്കുന്നത്, മാനസാന്തരം ഉണ്ടാകാത്ത അനുതാപപ്രകടനങ്ങളെക്കുറിച്ചാണ്.

യഥാർത്ഥ മാനസാന്തരം ഉണ്ടാകണമെങ്കിൽ എന്റെ സ്വത്വത്തെയും ലക്ഷ്യത്തെയും ആ ലക്ഷ്യം പ്രാപിക്കാൻ ആവശ്യമായ മാർഗ്ഗത്തെയും കുറിച്ച് വ്യക്തമായ അവബോധമുണ്ടാകണം. ദൈവത്തിന്റെ മുഖം വഹിക്കുന്ന, അവിടുത്തെ സ്നേഹത്തിനു പാത്രമായ മകൻ/മകൾ ആണു ഞാൻ. എന്നേക്കും ദൈവത്തോടൊന്നിച്ചായിരിക്കാൻവേണ്ടിയാണ് ഞാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവം നല്കിയിരിക്കുന്ന ജീവിതനിയമങ്ങൾക്കനുസരിച്ചുള്ള ജീവിതമാണ് എന്നെ ഈ ലക്ഷ്യത്തിലേക്കു നയിക്കുക. ഈ അവബോധം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ വീണ്ടെടുക്കണം. അതായിരിക്കണം നോമ്പാചരണത്തിന്റെ മുഖ്യലക്ഷ്യം.

## 21

# മടങ്ങിവരൂ

**"അവിശ്വസ്തരായ മക്കളേ, തിരിച്ചുവരുവിൻ ഞാൻ മാത്ര മാണ് നിങ്ങളുടെ നാഥൻ"** (ജറെ 3,14).

ആത്മശോധനയുടെയും അനുതാപത്തിന്റെയും ഒരു മടക്ക യാത്രയുടെയും അവസരമാണ് നോമ്പുകാലം. ഉടമ്പടിയുടെ കല്പനകൾ ലംഘിച്ച്, തന്നിൽനിന്നകന്നുപോയ ജനത്തെ തങ്ങളുടെ സ്രഷ്ടാവും രക്ഷകനും, നാഥനുമായ പിതാവുമായ തന്റെയടുക്കലേക്കു മടങ്ങിവരാനുള്ള ആഹ്വാനവുമായി ദൈവം അനേകം പ്രവാചകന്മാരെ അയച്ചു. മിക്കവാറും എല്ലാ പ്രവാ ചകന്മാരുടെയും സന്ദേശത്തിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നായിരുന്നു തിരിച്ചുവരാനുള്ള ക്ഷണം.

ദൈവം ഇസ്രായേലുമായി ചെയ്ത ഉടമ്പടിയെ ഒരു വിവാ ഹോടമ്പടിയോടാണ് പ്രവാചകന്മാർ ഉപമിച്ചത്, പ്രത്യേകിച്ചും ഹോസിയായും ജറെമിയായും. അതിനാൽ ഉടമ്പടി ലംഘനത്തെ വ്യഭിചാരമായി അവർ ചിത്രീകരിച്ചു. വിഗ്രഹാരാധന ഇതിന്റെ ഏറ്റം വ്യക്തമായ ഉദാഹരണം. ദൈവം നല്കിയ നിരവധിയായ അനുഗ്രഹങ്ങൾ ദുരുപയോഗിച്ച്, ഉടമ്പടി ലംഘനത്തിലൂടെ അവി ശ്വസ്തരായിത്തീർന്ന നമ്മെ ദൈവം പാപങ്ങൾ ക്ഷമിച്ച്, അവി ശ്വസ്തതയുടെ മുറിവുണ്ടാക്കി, വീണ്ടും സ്വന്തം ജനമായി സ്വീക രിക്കും. അതിനാവശ്യമായ മടക്കയാത്ര ദൈവം തന്നെ സാധ്യ മാക്കും.

*"ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേക്കു കൊണ്ടു വരും. അവളോടു ഞാൻ ഹൃദ്യമായി സംസാരിക്കും. ഈജിപ്തിൽ*

*നിന്നു പുറത്തു വന്നപ്പോഴെന്നതുപോലെ, അവിടെവച്ച് അവൾ എന്റെ വാക്കുകേൾക്കും*" (ഹോസി 2,14-15). ആദ്യ അനുഭവത്തിലേക്കു മടങ്ങിവരുക, ദൈവത്തിന്റെ കരുണയും കരുതലും വീണ്ടും അനുഭവിച്ചറിയുക, അവിടുത്തെ സംരക്ഷണത്തിൻ കീഴിൽ സ്വയം വിട്ടുകൊടുക്കുക, ഇതിനെല്ലാം ഒരു മടക്കയാത്ര ആവശ്യമാണ്. മടങ്ങിവരണമെങ്കിൽ എവിടെയാണ് വഴിതെറ്റിയത് എന്ന മനസിലാക്കണം.

ജറെമിയായിലൂടെ ദൈവം നല്കുന്ന ആഹ്വാനം ഇവിടെ പ്രസക്തമാകുന്നു: "*കർത്താവ് അരുളിച്ചെയുന്നു വഴിക്കവലകളിൽനിന്നു ശ്രദ്ധിച്ചു നോക്കുക. പഴയ പാതകൾ അന്വേഷിക്കുക. നേരായ മാർഗ്ഗം തേടി അതിൽ സഞ്ചരിക്കുക*" (ജറെ 6,16). ജീവിതവഴികളിലെ ചൂണ്ടുപലകകളാണ് ദൈവകല്പനകൾ. അവയ്ക്കുപകരം വഴിതെറ്റിക്കുന്ന പരസ്യപ്പലകകൾ വഴിയിൽ ധാരാളം കണ്ടെന്നുവരും. ധനവും സുഖവും, പേരും പ്രശസ്തിയും, അധികാരവും അംഗീകാരവും എല്ലാം സമൃദ്ധമായി വാഗ്ദാനം ചെയ്യുന്ന കപട പരസ്യങ്ങൾ. അവയുടെ മാസ്മരികതയിൽ മതിമയങ്ങി പിന്നീട് വ്യർഥതാബോധത്തിലും നിരാശയിലും അലയുമ്പോൾ കർത്താവു നയിക്കുന്ന വഴിയിലേക്കു മടങ്ങിവരണം. അതിനായി അവിടുത്തെ സ്വരത്തിനു കാതോർക്കണം. അവിടുത്തെ സ്നേഹവും കരുണയും അനുഭവിച്ചറിഞ്ഞ നാളുകൾ ഓർത്തെടുക്കണം.

ദൈവത്തിന്റെ പൈതൃകസ്നേഹം - അതാണ് മടക്കയാത്രയ്ക്കു പ്രേരകമായി നില്ക്കുന്ന ഏറ്റവും വലിയ വാഗ്ദാനം. അവിശ്വസ്തരായ മക്കളുടെ തിരിച്ചുവരവിനുവേണ്ടി കാത്തിരിക്കുന്ന പിതാവാണ് ദൈവം, ധൂർത്തപുത്രന്റെ മടങ്ങിവരവു കാത്തുനിന്ന പിതാവിനെപ്പോലെ (ലൂക്കാ 15,11-32). അതിനാൽ ഭയംവേണ്ട, നിരാശയരുത്. പിതാവിന്റെ ഭവനത്തിലേക്ക്, ഹൃദയത്തിലേക്കു മടങ്ങിവരാനുള്ള അവസരമാകട്ടെ നോമ്പുകാലം.

## 22

# അനുഷ്ഠാനങ്ങൾ പോരാ

**"നിങ്ങളുടെ നിരവധിയായ ബലികൾ എനിക്കെന്തിന്? മുട്ടാടുകളെക്കൊണ്ടു ദഹനബലികളും കൊഴുത്ത മൃഗങ്ങളുടെ മേദസ്സും എനിക്കു മതിയായി... നിങ്ങളുടെ അമാവാസികളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു. അവ എനിക്കു ഭാരമായിരിക്കുന്നു. അവ എനിക്കു ദുഃസഹമായിത്തീർന്നിരിക്കുന്നു"** (ഏശ 1,11-14).

ദൈവത്തെ പ്രസാദിപ്പിക്കാൻ, ദൈവപ്രീതി നേടാൻ, ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കാൻവേണ്ടി പഴയനിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്ന കാഴ്ചകളാണ് വിവിധങ്ങളായ ബലിയർപ്പണങ്ങളും ആഘോഷങ്ങളും. ലേവ്യരുടെ പുസ്തകം ഏതാണ്ട് മുഴുവനായും ഇവയെ സംബന്ധിച്ച പ്രബോധനങ്ങളും നിബന്ധനകളും അവതരിപ്പിക്കുന്നുണ്ട്. മൃഗബലി, ധാന്യബലി, പാനീയബലി എന്നിങ്ങനെ നിരവധി ബലികൾ. അനേകം തിരുനാളാഘോഷങ്ങൾ. ഇവയെല്ലാം ദൈവംതന്നെ ആവശ്യപ്പെട്ടിരുന്നതായി ബൈബിൾ ഗ്രന്ഥങ്ങളിൽ കാണാം.

ഏതെങ്കിലും തരത്തിലുള്ള ബലിയർപ്പണങ്ങളും കാണിക്കകളും ഉത്സവാഘോഷങ്ങളും മിക്കവാറും എല്ലാ മതങ്ങളിലും കാണാം. മതത്തിന്റെ തന്നെ ഏറ്റം പ്രധാനപ്പെട്ട പ്രവർത്തനങ്ങളായി ഇത്തരം അനുഷ്ഠാനങ്ങൾ കരുതപ്പെടുന്നു. വലിയ നോമ്പു തുടങ്ങുന്നതിനു തൊട്ടുമുമ്പുള്ള ആഴ്ചകളിൽ കത്തോലിക്കാസഭയിൽ വലിയ ഉത്സവാഘോഷങ്ങളായ പള്ളി പെരുന്നാളുകൾ നടക്കുന്നു.

ഇവയെല്ലാം ഒറ്റയടിക്കു തള്ളിപ്പറയുന്നതായി തോന്നാം

ആരംഭത്തിൽ ഉദ്ധരിച്ച പ്രവാചകവചനം. എന്തേ ഇങ്ങനെ ബൈബിളിൽത്തന്നെ ഒരു വൈരുധ്യം? ആചാരാനുഷ്ടാനങ്ങൾ ഒന്നും വേണ്ടെന്നാണോ പ്രവാചകന്മാർ പറയുന്നത്? എങ്കിൽ എന്താണതിനു കാരണം?

ആന്തരികത നഷ്ടപ്പെട്ട അനുഷ്ഠാനങ്ങളാണ് ദൈവം പ്രവാചകന്മാർ വഴി തള്ളിപ്പറയുന്നത്. സമ്പൂർണ്ണമായ ആത്മസമർപ്പണത്തിന്റെ അടയാളമായിരിക്കണം ബലിയർപ്പണം, പ്രത്യേകിച്ചും മൃഗബലികൾ. അതിന്റെ ഏറ്റം മഹത്തായ പ്രകടനമാണ് ബലിമൃഗത്തെ, അല്പം പോലും അവശേഷിപ്പിക്കാതെ പൂർണ്ണമായും ദഹിക്കുന്ന സമ്പൂർണ്ണ ദഹനബലി. ദൈവം നല്കിയ വിമോചനത്തിന്റെയും സംരക്ഷണത്തിന്റെയും, ഒപ്പം അവിടുന്നു നല്കിയ ഉടമ്പടിയുടെയും ഓർമ്മ പുതുക്കുകയും നിയമങ്ങൾ അനുസരിച്ചുകൊള്ളാം എന്ന വാഗ്ദാനം ആവർത്തിക്കുകയും ചെയ്യുന്ന അവസരങ്ങളാണ് ഉത്സവാഘോഷങ്ങൾ.

എന്നാൽ കാലക്രമത്തിൽ കാതൽ നഷ്ടപ്പെട്ട് പുറന്തോടു മാത്രം അവശേഷിക്കുന്ന വൻവൃക്ഷം പോലെയായി മതവും മതാനുഷ്ഠാനങ്ങളും, വ്രതങ്ങളെല്ലാം ലംഘിച്ചതിനുശേഷം മുറിക്കാത്ത മുടിമാത്രം സൂക്ഷിച്ച സാംസണെപ്പോലെ. അനുഷ്ഠാനങ്ങൾ മാത്രം ആരെയും രക്ഷിക്കുകയില്ല. എന്താണ് താൻ ആചരിക്കുന്ന അനുഷ്ഠാനകർമ്മങ്ങളുടെ അർത്ഥവും ലക്ഷ്യവും എന്ന് കർശനമായ ആത്മശോധനയ്ക്കുള്ള അവസരമാണ് നോമ്പുകാലം.

23

## ജീവിതനവീകരണം സുപ്രധാനം

**"നിങ്ങളെത്തന്നെ കഴുകി വൃത്തിയാക്കുവിൻ നിങ്ങളുടെ ദുഷ് കർമ്മങ്ങൾ എന്റെ സന്നിധിയിൽനിന്നു നീക്കിക്കളയുവിൻ. നിങ്ങളുടെ അകൃത്യങ്ങൾ അവസാനിപ്പിക്കുവാൻ നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ"** (ഏശ 1,16).

പാപമോചനവും ആത്മവിശുദ്ധീകരണവും തേടുന്ന കാലമാണ് നോമ്പുകാലം. അതിന്റെ ഭാഗമാണ് തീർത്ഥാടനവും തീർത്ഥസ്നാനവും. യോഹന്നാന്റെ വാക്കുകേട്ടു ഭയന്ന ജനം ആസന്നമായിരിക്കുന്ന ശിക്ഷാവിധിയിൽനിന്ന് രക്ഷ നേടാനായി ജോർദാനിൽ, സ്നാപകന്റെ അടുത്തുവന്നു നദിയിൽ മുങ്ങിയത് ഉദാഹരണമാണ്. ഇതുപോലെ മിക്കവാറും എല്ലാ മതങ്ങളിലുമുണ്ട് വിശുദ്ധ നദികളും പാപമോചനം തേടിയുള്ള മുങ്ങലും കുളിയും എല്ലാം.

ഇതിനു പുറമേ, പലതരത്തിലുള്ള ക്ഷാളനങ്ങൾ പാപമോചനത്തിനായി ബൈബിളിൽത്തന്നെ നിർദ്ദേശിച്ചിട്ടുണ്ട്, പ്രത്യേകിച്ചും ലേവ്യരുടെ പുസ്തകത്തിൽ. എന്നാൽ ഈ ആചാരങ്ങൾക്കൊന്നും ആത്മാവിനേറ്റ മുറിവുണക്കാനോ കഴുകി ശുദ്ധമാക്കാനോ കഴിയില്ല എന്ന് പ്രവാചകൻ തറപ്പിച്ചു പറയുന്നു. ബാഹ്യമായ ക്ഷാളനം കൊണ്ട് പുറം ശുദ്ധമാക്കാം. എന്നാൽ ഹൃദയം ശുദ്ധമാക്കാൻ ഇതുപോരാ. അതിനുവേണ്ടത് സമൂലമായ ജീവിതനവീകരണമാണ്.

"വരുവിൻ നമുക്കു രമ്യതപ്പെടാം" എന്ന ആഹ്വാനത്തോടെ പ്രവാചകൻ അവതരിപ്പിക്കുന്നത് സമൂലമായൊരു ജീവിതനവീ

കരണത്തിന്റെ ചിത്രമാണ്. "*നീതി അന്വേഷിക്കുവിൻ മർദ്ദനം അവസാനിപ്പിക്കുവിൻ അനാഥരോടു നീതി ചെയ്യുവിൻ. വിധവ കൾക്കുവേണ്ടി വാദിക്കുവിൻ*" (ഏശ 1,17). അനുദിന ജീവിത ത്തിൽ, മനുഷ്യരുടെ പരസ്പരബന്ധങ്ങളിൽ, സമൂലമായൊരു പരിവർത്തനം ഉണ്ടാകണം. അതിൽ ഏറ്റം പ്രധാനപ്പെട്ടതാ നീതി നിർവ്വഹണം. എന്താണ് നീതി എന്ന ചോദ്യത്തിന് റോമാക്കാർ നല്കിയ നീതിയുടെ നിർവ്വചനം വ്യക്തമായൊരു ഉത്തരം നല്കുന്നു. "ഓരോരുത്തർക്കും അർഹമായതു കൊടുക്കുക" (Unicuique suum എന്ന് ലത്തീനിൽ). ഇവിടെ മനുഷ്യജീവിത ത്തിലെ ചതുർവിധ ബന്ധങ്ങളെ പരിഗണിക്കപ്പെടണം. മനുഷ്യന് ദൈവത്തോടും, പ്രപഞ്ചത്തോടും സഹജീവികളോടും തന്നോടു തന്നെയുമുള്ള ബന്ധങ്ങളിൽ നീതി നിലനില്ക്കണം.

സഹജീവികളോടുള്ള ബന്ധങ്ങളിൽ "അനാഥരും വിധവ കളും" എന്ന പ്രതീകത്തിലൂടെ എടുത്തുകാട്ടുന്ന ഒരു ഗണം പ്രത്യേക പരിഗണനയർഹിക്കുന്നു. അവഗണിക്കപ്പെട്ടവർ, അവ കാശങ്ങൾ നിഷേധിക്കപ്പെട്ടവർ, അധഃകൃതർ, മർദ്ദിതർ, ചൂഷിതർ എന്നെല്ലാം വിശേഷിപ്പിക്കപ്പെടുന്നവർക്കു പ്രത്യേക പരിഗണന നല്കുന്നതായിരിക്കണം നീതിനിർവ്വഹണം. അപ്രകാരമൊരു പ്രവർത്തനത്തിനും ജീവിതശൈലിക്കും നോമ്പുകാലം പ്രേരിപ്പി ക്കുന്നു.

24

## പുതിയ ജീവിതക്രമം

**"ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കെട്ടുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന പെസഹാ? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴുഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?"** (ഏശ 58, 6-7).

വലിയ പ്രതീക്ഷകളോടെ ബാബിലോൺ പ്രവാസത്തിൽ നിന്നു മടങ്ങിവന്ന ജനത്തിന് പ്രവാചകന്മാർ വാഗ്ദാനം ചെയ്ത സമ്പത്തും സമൃദ്ധിയും സന്തോഷവും ഒന്നും ലഭിച്ചില്ല. മറിച്ച്, ദാരിദ്ര്യവും പട്ടിണിയും അവരെ ഞെരുക്കി (നെഹെ 5,1-5). സ്വന്തം നാട്ടിൽത്തന്നെ അനേകർ ആഹാരത്തിനുവേണ്ടി അടിമകളായി സ്വയം വില്ക്കാൻ നിർബ്ബന്ധിതരായി. അവരുടെ പ്രാർത്ഥനകളും ഉപവാസവും ഒന്നും ഉദ്ദേശിച്ച ഫലം കണ്ടില്ല. അവരുടെ ചോദ്യങ്ങൾ പ്രവാചകൻ എടുത്തു പറയുന്നു: "*ഞങ്ങൾ എന്തിനുപവസിച്ചു? അങ്ങ് അതു കാണുന്നില്ലല്ലോ! ഞങ്ങൾ എന്തിനു ഞങ്ങളെത്തന്നെ എളിമപ്പെടുത്തി? അങ്ങ് അത് ശ്രദ്ധിക്കുന്നില്ലല്ലോ*" (ഏശ 8,3).

ഈ ചോദ്യത്തിനുള്ള ഉത്തരമാണ് പ്രവാചകൻ നല്കുന്നത്. ഏതാനും അനുഷ്ഠാനങ്ങളിൽ ഒതുങ്ങിനില്ക്കുന്നതല്ല ദൈവം ആഗ്രഹിക്കുന്ന അനുതാപവും മാനസാന്തരവും. ഒരു ദിവസത്തേക്ക് ആഹാരം ഉപേക്ഷിച്ച് മുഖംവാടി, തലകുനിച്ചു നടക്കുന്ന

തല്ല, ചാക്കുടുത്ത് ചാരത്തിൽ കിടന്നു വിലപിക്കുന്നതുമല്ല ഉപവാസം. ജീവിതവീക്ഷണത്തിലും ജീവിതക്രമത്തിലും പരസ്പരബന്ധത്തിലും എല്ലാം സമഗ്രമായൊരു നവീകരണം ഉണ്ടാകണം. പരസ്പരം കുറ്റം പറയുന്ന ദുർഭാഷണം ഒഴിവാക്കണം, വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കണം. എല്ലാവർക്കും നീതി ലഭ്യമാകുന്നതിനുവേണ്ട ക്രിയാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടണം.

കർത്താവിനു പ്രീതികരമായ ജീവിതത്തിന്റെ അടയാളമാണ് ക്രിയാത്മകമായ സഹോദരസ്നേഹം. അന്തിമവിധിയുടെ മാനദണ്ഡമായി യേശു എടുത്തുകാട്ടിയ ആറു കാര്യങ്ങൾ (മത്താ 25, 31-46) ഇപ്രകാരം ഒരു നവീകരണത്തിന്റെ സ്വഭാവത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. സ്നേഹമാണ് ഏറ്റം വലിയ പ്രമാണം, ദൈവസ്നേഹവും പരസ്നേഹവും. എല്ലാറ്റിലും ഉപരിയായി ദൈവത്തെ സ്നേഹിക്കണം. അതിന്റെ ദൃശ്യമായ അടയാളവും പ്രകടനവുമായിരിക്കണം സഹോദരസ്നേഹം, യേശു നല്കിയ പുതിയ പ്രമാണമാണിത് (യോഹ 13,34).

ഇപ്രകാരമുള്ള പ്രവൃത്തിയില്ലാത്ത വിശ്വാസജീവിതം അർത്ഥശൂന്യമാണ്, ആചാരാനുഷ്ഠാനങ്ങൾ വ്യർത്ഥമായ സുരക്ഷിതത്വബോധം നല്കും എന്നതിനാൽ അപകടകരവും. "*ലൗകികസമ്പത്തുണ്ടായിരിക്കെ, ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരേ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും? കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല, നാം സ്നേഹിക്കേണ്ടത്, പ്രവൃത്തിയിലും സത്യത്തിലുമാണ്*" (1 യോഹ 3,17-18). ഈ ഉപദേശം നോമ്പുകാലത്തു മാത്രമല്ല, ജീവിതത്തിനു മുഴുവൻ മാർഗ്ഗദർശനം നല്കണം.

# 25

## ദൈവപ്രീതിക്ക്

**"കർത്താവിന്റെ മുമ്പിൽ എന്തു കാഴ്ചയാണു ഞാൻ കൊണ്ടു വരേണ്ടത്? ... മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്ന് നിനക്കു കാണി ച്ചുതന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, നിന്റെ ദൈവമായ കർത്താവിന്റെ മുമ്പിൽ വിനീതനായി ചരിക്കുക. ഇത ല്ലാതെ മറ്റെന്താണ് കർത്താവു നിന്നിൽനിന്നാവശ്യപ്പെടുന്നത്?"** (മിക്ക, 6,6-8).

ദൈവത്തെ പ്രസാദിപ്പിക്കുക, ദൈവപ്രീതിയും ദൈവാനുഗ്ര ഹങ്ങളും പ്രാപിക്കുക എന്നത് മതാത്മകജീവിതത്തിന്റെ മുഖ്യ ലക്ഷ്യവും അതിനുള്ള ശ്രമങ്ങൾ മുഖമുദ്രയുമായി പരിഗണിക്ക പ്പെടുന്നു. ഈ ഒരു മനോഭാവമാണ് മിക്കാപ്രവാചകൻ ഇവിടെ വിശകലനം ചെയ്യുന്നത്. എന്തു കാഴ്ചയും കൊടുക്കാൻ സന്നദ്ധ നാണ് ഭക്തൻ. മൃഗബലി, ധാന്യബലി, പാനീയബലി ഇതെല്ലാം എത്രവേണമെങ്കിലും കൊടുക്കാൻ ഒരുക്കമാണ്. ഇതിനേക്കാൾ എല്ലാം ഉപരി, സ്വന്തം പുത്രനെ, അവകാശിയായ ആദ്യജാതനെ ത്തന്നെ, ബലിയർപ്പിക്കാൻ സന്നദ്ധനാണയാൾ. "*എന്റെ ആത്മാ വിന്റെ പാപത്തിനുപകരം ശരീരത്തിന്റെ ഫലം കാഴ്ചവയ്ക്ക ണമോ?*" (മിക്കാ 6,7).

ഇസ്രായേൽക്കാർ കടന്നുവന്നു വാസമാക്കിയ കാനാൻ ദേശത്തെ നിവാസികൾ ബാൽദേവനെ പ്രീതിപ്പെടുത്താനായി നരബലി അർപ്പിക്കുക പതിവായിരുന്നു. ഈ ആചാരം ഇസ്രാ യേൽക്കാരും ചുരുക്കമായെങ്കിലും ഏറ്റെടുത്തതായി ബൈബി ളിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (ജോഷ്വ 6,26, ന്യായാ 11,29-40,

1 രാജാ 16,34). ഈ കാഴ്ചപ്പാടിൽ മിക്കാ അവതരിപ്പിക്കുന്ന ഭക്തന്റെ ചോദ്യം സ്വാഭാവികവും വിശ്വസനീയവുമാണ്.

ഇസ്രായേലിലേക്കും കാനാനിലേക്കും ഒന്നും പോകേണ്ടാ, പഴയനിയമകാലത്തേക്കു മടങ്ങിച്ചെന്ന് അന്വേഷിക്കുകയും വേണ്ടാ, നമ്മുടെ ഈ കൊച്ചുകേരളത്തിൽ ഏതാനും മാസങ്ങൾക്കുമുമ്പ് നാടിനെ ഞെട്ടിച്ച നരബലിയുടെ കഥകൾ മാത്രം പരിഗണിച്ചാൽ മതി. ലഭിക്കാൻ ആഗ്രഹിക്കുന്ന അനുഗ്രഹങ്ങൾക്ക് ആനുപാതികമായ വില നല്കണം എന്ന ഒരു കച്ചവട മനോഭാവം ഈ മതാത്മകതയ്ക്കു പിന്നിൽ കാണാൻ കഴിയും. എന്നാൽ ഇതാണോ യഥാർത്ഥ ദൈവചിത്രം? എന്തു കാഴ്ചയാണ് ദൈവം ആഗ്രഹിക്കുന്നത്?

മിക്കാ തന്നെ നല്കുന്ന ഉത്തരം ശ്രദ്ധിക്കണം. മനുഷ്യൻ നല്കുന്ന എന്തെങ്കിലും വസ്തുവല്ല ദൈവം ആഗ്രഹിക്കുന്നത്, മറിച്ച് മനുഷ്യന്റെ തന്നെ ആത്യന്തികമായ നന്മയും സന്തോഷവും ഒരിക്കലും അസ്തമിക്കാത്ത സമാധാനവുമാണ്. അതിനുവേണ്ടത് മനോഭാവത്തിലും ജീവിതശൈലിയിലുമുള്ള നവീകരണമാണ്. മൂന്നു വാക്കുകളിൽ ഒതുക്കുന്നു പുതിയ ജീവിതശൈലി. നീതി, കാരുണ്യം, വിനയം. ഇതാണ്, ഇതുമാത്രമാണ് ദൈവം മനുഷ്യനിൽനിന്നാഗ്രഹിക്കുന്നത്.

അതു മനുഷ്യന്റെ തന്നെ ശാശ്വതമായ സന്തോഷത്തിനു വേണ്ടിയാണെന്നതും മറക്കാതിരിക്കാം. എന്തെങ്കിലും വലിയ കാഴ്ചകൾക്കായി കാത്തിരിക്കുന്ന ഒരു കിരാതമൂർത്തിയല്ല, മനുഷ്യരെ സ്വന്തം മക്കളായി സ്വീകരിച്ചു സ്നേഹിക്കുന്ന, എല്ലാവർക്കും നന്മമാത്രം ആഗ്രഹിക്കുന്ന സ്നേഹനിധിയായ പിതാവാണ് ദൈവം. ഇതിന്റെ ഏറ്റം വ്യക്തമായ പ്രകടനമാണ് യേശുവിന്റെ പെസഹാ. അതിനുള്ള ഒരുക്കമാണല്ലോ നോമ്പാചരണം.

# 26

## ദൈവം നരഭോജിയോ?

**"നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ട് മോറിയാ ദേശത്തേക്കു പോവുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്കു ഒരു ദഹന ബലിയായി അർപ്പിക്കണം"** (ഉൽപ 22,2).

ദൈവം നരബലിയല്ല, ഒരു ബലിയും ആഗ്രഹിക്കുന്നില്ല, മറിച്ച് നീതി, കാരുണ്യം, വിനയം ഇതുമാത്രമാണ് മനുഷ്യനിൽ നിന്നാവശ്യപ്പെടുന്നത് എന്നു മിക്കാ 6,6-8-ൽ കണ്ടതിനു കടക വിരുദ്ധമല്ലേ ഇവിടെ ഉദ്ധരിച്ച ദൈവകല്പന? മകനെ ദഹന ബലിയായി അർപ്പിക്കണം എന്നു പറയുമ്പോൾ വിജാതീയരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസത്തെയും ആചാരത്തെയും ദൈവവചനത്തിലൂടെ ഉറപ്പിക്കുകയല്ലേ എന്നു തോന്നാം. പക്ഷേ അത് ദൈവവചനത്തിന്റെ ഉപരിപ്ലവമായ വായനയിൽ നിന്നുണ്ടാകുന്ന ഒരു തോന്നൽ മാത്രമാണ് എന്നു വിശദമായ വിശകലനം വ്യക്തമാക്കും.

ഏതു ബൈബിൾ വാക്യവും സാഹചര്യത്തോടു ചേർത്തു വായിക്കണം എന്നത് ബൈബിൾ വ്യാഖ്യാനത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഒന്നാണ്. സാഹചര്യത്തിൽനിന്ന് അടർത്തിയെടു ത്താൽ ദൈവവും വിശുദ്ധ ഗ്രന്ഥകാരനും ഉദ്ദേശിക്കുന്ന അർത്ഥ മായിരിക്കുകയില്ല വാചകത്തിലും വാക്യശകലങ്ങളിലും നിന്നു കിട്ടുക. ബൈബിൾ ഉപയോഗിച്ച് ദൈവത്തിന്റെ അസ്തിത്വം നിഷേധിക്കാൻ ശ്രമിക്കുന്നതുപോലെയാകും. "ദൈവമില്ല" (സങ്കീ 14,1). ഇതു ബൈബിളിന്റെ ഭാഗമാണ്, എന്നാൽ തുടർന്നുവരു ന്നതുംകൂടി വായിക്കുമ്പോഴേ ദൈവം വെളിപ്പെടുത്തുന്ന

അർത്ഥം ഗ്രഹിക്കാൻ കഴിയൂ. "*ദൈവമില്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു*". മൂലഭാഷയായ ഹീബ്രുവിലും ഇംഗ്ലീഷ് വിവർത്തനത്തിലും വാക്കുകളുടെ ക്രമം ഇതിൽനിന്നു വ്യത്യസ്തമാണ്. "*മൂഢൻ തന്റെ ഉള്ളിൽ പറയുന്നു, ദൈവമില്ല*".

ഇതൊരുദാഹരണമാണ്. ചർച്ചാവിഷയമായ അബ്രാഹത്തിന്റെ ബലിയിലേക്കു തിരിച്ചുവരാം. വിവരണം ആരംഭിക്കുന്നതുതന്നെ ശ്രദ്ധിക്കണം. "*പിന്നീടൊരിക്കൽ ദൈവം അബ്രാഹത്തെ പരീക്ഷിച്ചു*" (ഉൽപ 12,1). ദൈവം മനുഷ്യമാംസം ഭക്ഷിക്കുകയോ രക്തം കുടിക്കുകയോ ചെയ്യുകയില്ല. ദൈവത്തിന് അതൊന്നും ആവശ്യമില്ല. അബ്രാഹത്തിന്റെ വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ആഴം അളക്കുക, അതാണ് ഈ കല്പനയുടെ ലക്ഷ്യം. ദൈവം അബ്രാഹത്തെ പരീക്ഷിക്കുകയായിരുന്നു.

എന്നാൽ അബ്രാഹം അതറിഞ്ഞില്ല. സംശയിക്കാതെ, ചോദ്യം ചെയ്യാതെ പുറപ്പെട്ടു. മകനെ ബലിയർപ്പിക്കാൻ കത്തിയെടുത്തു. അപ്പോഴാണ് വീണ്ടും ദൈവസ്വരം "*കുട്ടിയുടെ മേൽ കൈവയ്ക്കരുത്*" (ഉൽപ 22, 12-19). അബ്രാഹത്തിന്റെ വിശ്വാസവും അനുസരണവും പ്രകടമാക്കാൻ ദൈവം ഒരുക്കിയ അവസരമായിരുന്നു അത്. "*അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം*" (1 സാമു 15,22) എന്ന് സാമുവേൽ സാവൂളിനെ ഓർമ്മപ്പെടുത്തിയതും ഇവിടെ ശ്രദ്ധേയമാകുന്നു. ദൈവം ബലിയല്ല സ്നേഹമാണ് ആഗ്രഹിക്കുന്നത് (ഹോസി 6,6). ബലിയല്ല, കരുണയാണ് ദൈവം ആഗ്രഹിക്കുന്നത്, യേശു വ്യാഖ്യാനിച്ചു (മത്താ 9,13). അനുസരണം, സ്നേഹം, കരുണ ഇതൊക്കെയാണാവശ്യം. ഇതായിരിക്കട്ടെ നോമ്പുകാലത്തെ നയിക്കുന്ന ചൈതന്യം.

27

# ബലി - സ്നേഹത്തിന്റെ പാരമ്യം

**"അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിന് തന്റെ ഏകജാതനെ നല്കാൻ മാത്രം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു"** (യോഹ 3.16).

അബ്രാഹത്തോട് തന്റെ ഏകജാതനെ ദഹനബലിയായി അർപ്പിക്കാൻ ആവശ്യപ്പെട്ടതിലൂടെ ദൈവം അയാളുടെ വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ആഴം അളക്കുകയായിരുന്നു, അഥവാ അതിനെക്കുറിച്ച് അബ്രാഹത്തിനു ബോധ്യം നല്കാൻ അവസരം ഒരുക്കുകയായിരുന്നു. പരീക്ഷയിൽ അബ്രാഹം വിജയിച്ചു. തന്റെ ഏകമകനെ ജീവനോടെ തിരിച്ചു കിട്ടി. പകരം ആട്ടിൻകുട്ടിയെ ബലിയർപ്പിച്ചു. ഇതു വരാനിരുന്ന മഹാബലിയുടെ മുന്നോടിയും പ്രതീകവുമായിരുന്നു.

സ്വന്തം ഏകജാതനെ ബലിയർപ്പിക്കാൻ തയ്യാറായ അബ്രാഹം തന്റെ വിശ്വാസവും അനുസരണവും തെളിയിച്ചു. എന്നാൽ തന്റെ ഏകജാതനെ മരണത്തിന് ഏല്പിച്ചുകൊടുത്ത പിതാവ് മനുഷ്യമക്കളോടുള്ള തന്റെ സ്നേഹത്തിന്റെ ആഴമാണ് വെളിപ്പെടുത്തിയത്. സ്വന്തം മകന്റെ രക്തം ചിന്തിയുള്ള മരണം കണ്ടേ തൃപ്തനാകൂ, പാപങ്ങൾ ക്ഷമിക്കൂ എന്ന ശാഠ്യം പിടിക്കുന്ന അതികർക്കശനും കഠിനഹൃദയനുമാണ് ദൈവം എന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. കുരിശിൽ പിടഞ്ഞു നിലവിളിക്കുന്ന പുത്രൻ: "*എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തേ എന്നെ നീ ഉപേക്ഷിച്ചു?*" (മർക്കോ 15,34). നിശ്ശബ്ദത പാലിക്കുന്ന പിതാവ്. ഇവിടെ ദൈവത്തിന്റെ നിസംഗതയും ഹൃദയകാഠിന്യവും കാണുന്നവർക്ക് വിശ്വാസത്തിന്റെ കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു.

കുരിശിലെ ബലിയുടെ അർത്ഥമെന്തെന്ന് ആരംഭത്തിൽ ഉദ്ധരിച്ച ദൈവവചനം വ്യക്തമാക്കുന്നുണ്ട്. ദൈവസ്നേഹത്തിന്റെ ആഴം വ്യക്തമാക്കുന്നതാണ് യേശുവിന്റെ ആത്മബലി. യേശുവിന്റെ മരണം പിതാവായ ദൈവത്തിന് തീർച്ചയായും ഒഴിവാക്കാമായിരുന്നു. മരണം മാത്രമല്ല, ദൈവപുത്രന്റെ മനുഷ്യവതാരവും ദരിദ്രരോടൊത്തുള്ള ക്ലേശപൂർണ്ണമായ ജീവിതവും. അവസാനം അതിക്രൂരമായ പീഡനവും നിന്ദനവും എല്ലാം ഒഴിവാക്കാമായിരുന്നു. പിന്നെ എന്തേ ദൈവം ഇതെല്ലാം അനുവദിച്ചു? എന്തേ യഹൂദനേതാക്കൾ വെല്ലുവിളിച്ചിട്ടും സ്വന്തം ഏകജാതനെ കുരിശിൽനിന്നിറക്കിയില്ല?

അതുതന്നെയാണ് ദൈവസ്നേഹത്തിന്റെ പാരമ്യം പ്രകടമാക്കിയ നിശ്ശബ്ദത. സ്നേഹത്തിന്റെ ആഴം അളക്കാനുള്ള മാനദണ്ഡം സഹനമാണ് എന്ന് യേശു തന്നെ പറഞ്ഞില്ലേ: "*സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല*" (യോഹ 14, 13). ബലിയർപ്പണം എന്നത് ഏതോ കിരാതമൂർത്തിയെ പ്രീതിപ്പെടുത്താനുള്ള കൊലപാതകമല്ല, സ്നേഹത്തിന്റെ പാരമ്യം പ്രകടമാക്കുന്ന ആത്മസമർപ്പണമാണ്. മാതാപിതാക്കൾ മക്കൾക്കുവേണ്ടി, സഹോദരങ്ങൾ പരസ്പരം സഹായിക്കാൻ, ഒരാൾ മറ്റൊരാൾക്കുവേണ്ടി ഏറ്റെടുക്കുന്ന സഹനം തന്നെയാണ് സ്നേഹത്തിന്റെ മാനദണ്ഡവും പ്രകടനവും. യേശുവിന്റെ കുരിശിലെ ബലി ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ ആഴം വെളിവാക്കുന്നു; അതോടൊപ്പം അനുകരണിയമായൊരു മാതൃകയും നല്കുന്നു. "*ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചെങ്കിൽ നാമും പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു*" (1 യോഹ 4,11).

# 28

## സജീവബലി

**"നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികര വുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം യഥാർത്ഥമായ ആരാധന"** (റോമാ, 12,1).

റോമാക്കാർക്കെഴുതിയ ലേഖനത്തിൽ ദൈവശാസ്ത്ര പരമായ പ്രമേയങ്ങളെക്കുറിച്ച് ആഴമേറിയ പ്രബോധനങ്ങൾ നല്കിയതിനുശേഷം അപ്പസ്തോലൻ പ്രായോഗികമായ നിർദ്ദേ ശങ്ങൾ നല്കുന്നതിന്റെ തുടക്കത്തിൽ കാണുന്നതാണ് മേലുദ്ധ രിച്ച തിരുവചനം. "*എന്നെ ആരാധിക്കാൻവേണ്ടി എന്റെ പുത്രനെ വിട്ടയയ്ക്കുക*" (പുറ 4,23) എന്ന കല്പനയുമായാണ് ദൈവം മോശവഴി ഫറവോയെ നേരിട്ടത്. എന്താണ് ആരാധന, എങ്ങനെ യാണ് ദൈവത്തെ ആരാധിക്കേണ്ടത് എന്നതിന്റെ ഒരു ലഘു ചിത്രം അപ്പസ്തോലന്റെ ഉപദേശത്തിൽ കാണാം.

ശരീരം ബലിയായി അർപ്പിക്കണം. കഴുത്തറുത്ത് ബലിപീഠ ത്തിൽ രക്തം ഒഴുക്കണം എന്നല്ല ഇതിനർത്ഥം. എന്റെ ശരീ രത്തെ അതിന്റെ സകല കഴിവുകളോടും ബലഹീനതകളോടും കൂടെ ദൈവത്തിനു സമർപ്പിക്കണം.

ദൈവം വസിക്കുന്ന സജീവമായ ആലയമാണ് ശരീരം. "*നിങ്ങൾ വിലക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വത്തെടുത്തുവിൻ*" (1 കോറി 6,19-20). മഹത്വപ്പെടുത്തുകയെന്നാൽ ദൈവത്തിന്റെ സ്നേഹ ത്തിനും കരുത്തിനും കരുതലിനും സാക്ഷ്യം നല്കുക എന്നാണ് അർത്ഥമാക്കുക. എന്റെ ശരീരം ദൈവമഹത്വം പ്രഘോഷിക്കുന്ന ഉപകരണമാകണം. ഇതുതന്നെയാണ് സജീവ ബലിയായി അർപ്പി ക്കുന്നതും.

പാപത്താൽ ബലഹീനമാക്കപ്പെട്ടതാണ് മനുഷ്യശരീരം. ആഗ്രഹിക്കുന്ന നന്മ ചെയ്യാൻ കഴിയാതെ, ആഗ്രഹിക്കാത്ത തിന്മ ചെയ്യാൻ പ്രേരിപ്പിക്കുന്ന പാപത്തിന്റെ ശക്തിക്ക് അടിമപ്പെട്ടു പോകുന്ന ശരീരം (1 റോമാ 7,15–25). അതിന്റെ പ്രവണതകൾ അപ്പസ്തോലൻ അക്കമിട്ടു നിരത്തുന്നുണ്ട് (ഗലാ 5,18–21). "*അസന്മാർഗ്ഗികത, അശുദ്ധി, മനഃക്ഷോഭം, ദുർവിചാരങ്ങൾ, വിഗ്രഹാരാധന തന്നെയായ ദ്രവ്യാസക്തി*" (കൊളേ 3,5) എന്ന് എടുത്തുകാട്ടുന്ന ശരീരത്തിന്റ ബലഹീനതകളെ ആത്മാവിന്റെ ശക്തിയാൽ കീഴടക്കണം. ശരീരത്തെ സജീവബലിയായി അർപ്പിക്കുന്നതിന്റെ ഒരു മാനം ഇതാണ്.

പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കു പൂർണ്ണമായി സ്വയം വിട്ടുകൊടുത്ത് ജീവിതത്തെ സമഗ്രമായി നവീകരിക്കുന്നതാണ് സജീവബലിയുടെ മറ്റൊരു മാനം. അതിനെ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ്, പുതിയ മനുഷ്യനെ ധരിക്കൽ എന്നാണ് അപ്പസ്തോലൻ വിശേഷിപ്പിക്കുന്നത് (റോമാ 12,9–21; എഫേ 4,20–24; കൊളോ 3,9). ഇവിടെ ഒരു സമൂലപരിവർത്തനം നടക്കുന്നു. പരിശുദ്ധത്മാവാണ് ഈ പുതിയ സൃഷ്ടി നടത്തുന്നത്. അതിന്റെ ഫലമാണ് "*സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം*" (ഗലാ 5,22) എന്നിവ.

ഇപ്രകാരം ആത്മാവിനാൽ നവീകരിക്കപ്പെട്ടവരുടെ ജീവിതം സമൂഹത്തിന് ഒരു സാക്ഷ്യവും പ്രചോദനവും ആകും. അപ്പോൾ എല്ലാവർക്കും സമാധാനത്തിൽ കഴിയാൻ സാധിക്കും. ആരും ആരോടും തിന്മയ്ക്കുപകരം തിന്മ ചെയ്യില്ല. തിന്മയെ നന്മകൊണ്ട് കീഴടക്കും. എപ്പോഴും സന്തോഷത്തോടെ ഇരിക്കാനും ഇടവിടാതെ പ്രാർത്ഥിക്കാനും എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കാനും കഴിയും. ഇതാണ് എല്ലാ മനുഷ്യരെയും സംബന്ധിച്ചുള്ള ദൈവഹിതം (1 തെസ 5,15–21). ഇതൊക്കെയാണ് ശരീരം ദൈവത്തിനു സജീവബലിയായി അർപ്പിക്കുക എന്നതുകൊണ്ടു വിവക്ഷിക്കുന്നത്. ഇക്കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കാൻ നോമ്പുകാലം ആഹ്വാനം ചെയ്യുന്നു. ഓരോ മനുഷ്യന്റെയും ശരീരം ദൈവം വസിക്കുന്ന, സജീവ ദൈവാലയമാണെന്ന കാര്യം പ്രത്യേകം ഓർമ്മിക്കണം. ഈ ദൈവാലയത്തെ പവിത്രമായി കാത്തുസൂക്ഷിക്കണം എന്നും നോമ്പുകാലം അനുസ്മരിപ്പിക്കുന്നു.

29

## ക്ഷമിക്കുന്ന സ്നേഹം

**“ഞാൻ നിങ്ങളോടു പറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ, അങ്ങനെ നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും”** (മത്താ 5, 44).

സമഗ്രമായ ജീവിതനവീകരണത്തിന് പ്രത്യേകമായി ശ്രദ്ധിക്കാൻവേണ്ടി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന ദിവസങ്ങളാണ് നോമ്പുകാലം. നവീകരണത്തിൽ ഏറ്റം പ്രധാനം സ്നേഹമാണ്. യേശു തന്റെ തന്നെ ജീവിതം മാതൃകയായി എടുത്തുകാട്ടിക്കൊണ്ട് പറഞ്ഞതാണ്, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കണം എന്ന്. പരിധിയില്ലാത്ത സ്നേഹത്തിനുള്ള ആഹ്വാനമാണ് മലയിലെ പ്രസംഗമധ്യേ, പുതിയ നിയമമായി യേശു അവതരിപ്പിച്ചത്.

അബ്രാഹത്തിന്റെ മക്കളും സീനായ് ഉടമ്പടിയിലൂടെ ദൈവജനമായി തിരഞ്ഞെടുക്കപ്പെട്ടവരുമാണ് തങ്ങൾ എന്ന് ഇസ്രായേൽക്കാർ ന്യായമായും വിശ്വസിച്ചു, അഭിമാനിച്ചു. ഇസ്രായേൽക്കാരന് ഇസ്രായേൽക്കാരൻ അയല്ക്കാരനാണ്, അവൻ എത്ര അകലെ വസിക്കുന്നവരാണെങ്കിലും. എന്നാൽ തൊട്ടടുത്തു വസിക്കുന്ന അന്യജാതിയിലും മതത്തിലുംപെട്ടവനെ അയല്ക്കാരനായി പരിഗണിക്കുകയില്ല. “*നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കണം*” (ലേവ്യ 19,18) എന്ന കല്പന ഈ അർത്ഥത്തിലാണ് അവർ വ്യാഖ്യാനിച്ചിരുന്നത്. ഇവിടെയാണ് യേശു നല്കുന്ന കല്പനയുടെ പുതുമയും പ്രാധാന്യവും.

എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണ്, അതിനാൽ ത്തന്നെ പരസ്പരം സഹോദരങ്ങളും. ജാതി, മത, വർണ്ണ, വർഗ്ഗ വ്യത്യാസങ്ങളെയെല്ലാം ഉന്മൂലനം ചെയ്യുന്നതാണ് ഈ കല്പന. മനുഷ്യർ തമ്മിൽ ഒരുവിധത്തിലുമുള്ള ചേരിതിരിവും അവഗണ നയും പാടില്ല. ആരും ആരെയും അന്യനായി കാണരുത്. ശത്രു ക്കളെ സ്നേഹിക്കുക എന്നു പറയുമ്പോൾ ഈ കല്പനയ്ക്കാണ് ഊന്നൽ നല്കുന്നത്.

ഈ കല്പന തന്നെ ലൂക്കാ എഴുതിയ സുവിശേഷത്തിൽ കൂടുതൽ വിശദമായി അവതരിപ്പിക്കുന്നുണ്ട് (ലൂക്കാ 6,27-35). നിങ്ങളെ ദ്വേഷിക്കുന്നവർ, ശപിക്കുന്നവർ, അധിക്ഷേപിക്കുന്ന വർ, ചെകിടത്തടിക്കുന്നവർ, പിടിച്ചു പറിക്കുന്നവർ, വേലയ്ക്കു നിർബ്ബന്ധിക്കുന്നവർ, ചുമടെടുപ്പിക്കുന്നവർ എന്നിങ്ങനെ അനു ദിനജീവിതത്തിൽനിന്ന് നിരവധി ഉദാഹരണങ്ങൾ നിരത്തിക്കൊ ണ്ടാണ് ക്ഷമിക്കുന്ന സ്നേഹത്തിന്റെ ആഴവും പരപ്പും വ്യക്ത മാക്കുന്നത്.

ദൈവത്തിന്റെ മക്കൾ എന്ന സ്ഥാനത്തിന് അർഹരാകാൻ ഇതെല്ലാം ആവശ്യമാണ്. പിതാവായ ദൈവത്തെപ്പോലെ പരി പൂർണ്ണരായിരിക്കണം എന്ന ആഹ്വാനം (മത്താ 5,48) പിതാവിനെ പ്പോലെ കരുണയുള്ളവരായിരിക്കണം എന്ന് ലൂക്കാ വ്യാഖ്യാ നിച്ചുതരുന്നു (ലൂക്കാ 6,36). കരുണയാണ് സ്നേഹത്തിന്റെ കാതൽ. എല്ലാവരോടും കരുണ കാട്ടുന്ന പിതാവിന്റെ ക്ഷമിക്കുന്ന സ്നേഹം മക്കൾ അനുകരിക്കണം. ഇന്നു നിലനില്ക്കുന്ന വിവിധങ്ങളായ ചേരിതിരിവുകളും വർഗ്ഗവിദ്വേഷവും സമുദായ ചിന്തകളും ഈ പ്രമാണത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യണം, പൊളിച്ചെഴുതണം. എല്ലാവരെയും സഹോദരങ്ങളായി കാണണം. എല്ലാവരോടും ക്ഷമിക്കുന്ന മനോഭാവവവും അതിൽ നിന്നു രൂപംകൊള്ളുന്ന ജീവിതശൈലിയും അഭ്യസിക്കാൻ നോമ്പുകാലം ആഹ്വാനം ചെയ്യുന്നു. ആരും ശത്രുവല്ല. അടുത്തു നില്ക്കുന്നതു സഹോദരനാണെന്നു തിരിച്ചറിയുക!

30

## ധർമ്മദാനം

**"നീ ധർമ്മദാനം ചെയ്യുമ്പോൾ അതു രഹസ്യമായിരിക്കേണ്ട തിന് നിന്റെ വലത്തുകൈ ചെയ്യുന്നത് ഇടത്തുകൈ അറിയാതിരിക്കട്ടെ. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നല്കും"** (മത്താ 6,2-4).

നോമ്പാചരണത്തിന്റെ മൂന്നു തൂണുകളായി ധർമ്മദാനം, പ്രാർത്ഥന, ഉപവാസം എന്നിവ കത്തോലിക്കാസഭയിൽ പരമ്പരാഗതമായി പരിഗണിക്കപ്പെടുന്നു. അടുത്തകാലത്ത് ഫ്രാൻസിസ് മാർപ്പാപ്പ ഇക്കാര്യം പ്രത്യേകം അനുസ്മരിപ്പിക്കുകയുണ്ടായി. ക്രിയാത്മകമായ സ്നേഹത്തിന്റെ ഒരു പ്രകടനമാണ് ധർമ്മദാനം. ആവശ്യം അനുഭവിക്കുന്നവരുമായി സമ്പത്തു പങ്കുവയ്ക്കുക. ആദിമ ക്രൈസ്തവസമൂഹത്തിന്റെ ഒരു മുഖമുദ്രയായിരുന്നു പങ്കുവയ്ക്കുന്ന സ്നേഹം (അപ്പ 2,43-46;3,32-36).

എല്ലാ മതങ്ങളും നിർദ്ദേശിക്കുന്നതാണ് ധർമ്മദാനം. ഈ പേരുതന്നെ ശ്രദ്ധേയമാണ്. ദാനം ചെയ്യുക എന്നത് ധർമ്മമായി, കടമയായി, പരിഗണിക്കണം എന്നാണല്ലോ അത് അനുസ്മരിപ്പിക്കുന്നത്. ലാഭവിഹിതം ദാനമായി നല്കുന്ന "സക്കാത്ത്" എന്ന നിയമം ഇസ്ലാംമതം കർശനമായി അനുശാസിക്കുന്നുണ്ട്. ദരിദ്രർക്കു ദാനം ചെയ്യുന്നത് ഒരു സൽകൃത്യവും കടമയുമായി പൊതുവേ കരുതപ്പെടുന്നു. യേശു നല്കുന്ന പുതിയ നിയമത്തിൽ ധർമ്മദാനത്തിനു വലിയ പങ്കുണ്ട്. അതേസമയം യേശു അവതരിപ്പിക്കുന്ന നിയമത്തിന്റെ പുതുമ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. അതാണ് ആരംഭത്തിൽ ഉദ്ധരിച്ച തിരുവചനം അനുസ്മരിപ്പിക്കുന്നത്.

സാബത്തിലും മറ്റുചില പ്രധാന തിരുനാളുകളിലും ധനികർ ദരിദ്രർക്കു ദാനം ചെയ്യാറുണ്ടായിരുന്നു. പൊതുസ്ഥലത്തുവച്ചായിരിക്കും ഈ ദാനം നല്കൽ. ദാനം സ്വീകരിക്കാൻ ആവശ്യവും താൽപര്യവുമുള്ളവരെ വിളിച്ചുകൂട്ടാനായി കാഹളം മുഴക്കും. അതുകേട്ട് ഭിക്ഷ സ്വീകരിക്കാൻ വരുന്നവർക്കു ധനികർ ദാനം നല്കുന്നു. ഭിക്ഷ കിട്ടിയവനു സന്തോഷം, ഭിക്ഷകൊടുത്തവന് അഭിമാനം, സല്കീർത്തി. ഇതു നല്ല കാര്യമല്ലേ? പിന്നെ എന്തേ യേശു ഇതിനെ വിലക്കുന്നു?

ദാനം കൊടുക്കുന്നതും സ്വീകരിക്കുന്നതും നല്ലതുതന്നെ. എന്നാൽ കൊടുക്കുന്നവന്റെ മനോഭാവവും സ്വീകരിക്കുന്നവന് ഉണ്ടാകാവുന്ന അഭിമാനക്ഷതവും കാണാതെ പോകരുത്. ദാനം ചെയ്യൽ തന്റെ കീർത്തി വർദ്ധിപ്പിക്കാനായി ചെയ്യുന്ന ഒരു പരസ്യമായി അധഃപതിക്കരുത് എന്ന് അനുസ്മരിപ്പിക്കുകയും അനുശാസിക്കുകയുമാണ് യേശു ചെയ്യുന്നത്. മതാത്മക പ്രവർത്തനങ്ങൾ പര്യപ്പലകകളാകരുത്. ധർമ്മദാനം, പ്രാർത്ഥന, ഉപവാസം എന്നീ മൂന്നുകാര്യങ്ങൾക്കും ഈ താക്കീതു പ്രസക്തമാണ്.

എന്നും പ്രാധാന്യമുള്ളതാണ് ഈ ഓർമ്മപ്പെടുത്തൽ. ആവശ്യക്കാരനെ തിരിച്ചറിഞ്ഞ്, കഴിവിനൊത്ത് സഹായിക്കുക. എന്നാൽ അതു സ്വന്തം കീർത്തി വർദ്ധിപ്പിക്കാനോ സ്വീകരിക്കുന്നവനെ ചെറുതാക്കി കാണിക്കാനോ ഇടയാക്കരുത്. ഇന്നു നിലനില്ക്കുന്ന പല ആചാരങ്ങളും ഈ താക്കീതിന്റെ വെളിച്ചത്തിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്.

പള്ളിപ്പെരുന്നാളുകളോടനുബന്ധിച്ചു നടത്തുന്ന ഊട്ടുനേർച്ചകൾ, വീടുവച്ചുകൊടുക്കൽ, ഭക്ഷണപ്പൊതി വിതരണം, അന്നദാനം, വസ്ത്രദാനം തുടങ്ങി അനേകം ദാനങ്ങൾ - എല്ലാം നല്ലതുതന്നെ. പക്ഷേ അവയ്ക്കുവേണ്ടി പത്രപരസ്യങ്ങളും സപ്ലിമെന്റുകളും, വഴിനീളെ പോസ്റ്ററുകളും ബാനറുകളും ഒക്കെയാകുമ്പോൾ ആവശ്യക്കാരനെ സഹായിക്കുക എന്നതിലുപരി ദാതാവിന്റെ കീർത്തി വർദ്ധിപ്പിക്കലാണോ ലക്ഷ്യം എന്ന സംശയം ഉയരും. മറ്റുള്ളവരെ കാണിച്ചു വലുപ്പം നടിക്കാനുള്ള പ്രവണത ഒഴിവാക്കാൻ ഈ ഗുരുവചനം അനുശാസിക്കുന്നു.

# 31

## പ്രാർത്ഥന പ്രകടനമാകരുത്

**“നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ ആകരുത്. അവർ മറ്റുള്ളവരെ കാണിക്കാൻവേണ്ടി സിനഗോഗുകളിലും തെരുവീഥികളുടെ കോണുകളിലുംനിന്ന് പ്രാർത്ഥിക്കാനാണ് ഇഷ്ടപ്പെടുന്നത്”** (മത്താ 6,5).

മതാത്മകജീവിതത്തെ പ്രശംസയും അംഗീകാരവും പിടിച്ചുപറ്റാനുള്ള പ്രകടനമാക്കുന്നതിനെതിരേ യേശു ശക്തമായ താക്കീതുകൾ നല്കിയിട്ടുണ്ട്. അതിൽ ഒന്നാണ് പ്രാർത്ഥനയെ സംബന്ധിക്കുന്ന താക്കീതും നിർദ്ദേശവും. ഇതിന് ഒരു ചരിത്രപശ്ചാത്തലമുണ്ട്.

യേശുവിന്റെ കാലത്ത് യഹൂദർ പൊതുവേ, ദിവസം മൂന്നുതവണ പ്രാർത്ഥിച്ചിരുന്നു. ഔദ്യോഗികമായ ഈ പ്രാർത്ഥന ഇന്നും അവർ തുടരുന്നു. നിശ്ചിത പ്രാർത്ഥനകൾ ഉരുവിടുകയാണ് ചെയ്യുന്നത്. പ്രഭാതപ്രാർത്ഥന ‘‘ഷഹാരി’’ എന്നും സായാഹ്നപ്രാർത്ഥന ‘‘മിൻഹാ’’ എന്നും രാത്രി പ്രാർത്ഥന ‘‘മാറിവ്’’ അഥവാ ‘‘അർവിത്’’ എന്നും അറിയപ്പെടുന്നു. പൗരസ്ത്യസഭകളിൽ പൊതുവേ “സപ്രാ”, “റംശ”, “ലെലിയാ” എന്ന പേരിൽ അറിയപ്പെടുന്ന പ്രാർത്ഥനകൾ ഈ യഹൂദ പ്രാർത്ഥനക്രമത്തെ അനുസ്മരിപ്പിക്കുന്നു.

പ്രാർത്ഥനാസമയം വിളിച്ചറിയിക്കാനായി ദേവാലയത്തിൽനിന്നും കാഹളം മുഴക്കും. ഇന്നു ക്രിസ്തീയ ദേവാലയങ്ങളിൽനിന്നു മണിയടിയും ക്ഷേത്രങ്ങളിൽനിന്ന് ശംഖുവിളിയും മോസ്കുകളിൽനിന്ന് വാങ്കുവിളിയും ഉയരുന്നതുപോലെ.

പ്രാർത്ഥനയ്ക്കുള്ള കാഹളം വിളി കേൾക്കുമ്പോൾ ആയിരിക്കുന്ന ഇടത്തിൽനിന്ന് പരസ്യമായി, ഉച്ചത്തിൽ പ്രാർത്ഥിക്കുക യഹൂദർക്കു പതിവായിരുന്നു. അതു സിനഗോഗിലോ വഴിക്കവലയിലോ എവിടെ ആയാലും അവർ പ്രാർത്ഥിക്കും. ഈ ആചാരമാണ് യേശുവിന്റെ താക്കീതുകളുടെയും നിർദേശങ്ങളുടെയും ചരിത്രപശ്ചാത്തലം.

ഇതുകൊണ്ട് പരസ്യപ്രാർത്ഥന അരുതെന്നോ അതിന് അർത്ഥമില്ല എന്നോ ഒന്നും ഈ ഗുരുമൊഴികൾ പറയുന്നില്ല, മറിച്ച് എന്തായിരിക്കണം പ്രാർത്ഥനയുടെ ശൈലി, മനോഭാവം എന്നു പഠിപ്പിക്കുക മാത്രമാണ്. മറ്റുള്ളവരെ കാണിക്കാൻവേണ്ടി നടത്തുന്ന ഒരു പ്രകടനമല്ല പ്രാർത്ഥന; ദൈവത്തോടു നടത്തുന്ന സംഭാഷണമാണത്. അതിനു ശാന്തതയും നിശ്ശബ്ദതയും ഏകാഗ്രതയും ആവശ്യമാണ്. മുറിയിൽ കടന്നു കതകടച്ചു രഹസ്യത്തിൽ പിതാവിനോടു പ്രാർത്ഥിക്കണം എന്നതുകൊണ്ട് ഇതാണർത്ഥമാക്കുക.

പ്രാർത്ഥനയിൽ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം "വാചാലത വേണ്ടാ" എന്നതത്രേ. എല്ലാം അറിയുന്ന ദൈവത്തിനു മുമ്പിൽ അധികമൊന്നും പറയേണ്ടതില്ല. ഒരു മകനുവേണ്ടി യാചിച്ച ഹന്നായുടെ ചിത്രം ഇവിടെ മാതൃകയാകുന്നു. അവൾ ഹൃദയത്തിൽ സംസാരിക്കുകയായിരുന്നു. അധരം മാത്രമേ ചലിച്ചിരുന്നുള്ളു (1 സാമു 1,13). ഇവിടെയും തെറ്റിദ്ധാരണയരുത്. വാചിക പ്രാർത്ഥന വേണ്ടെന്നല്ല, വാതോരാതെ ഒരുപാടുകാര്യങ്ങൾ പറഞ്ഞുകൂട്ടുന്നതിലല്ല, എന്നെ പൂർണ്ണമായി അറിയുന്ന പിതാവിനോടാണു ഞാൻ പ്രാർത്ഥിക്കുന്നത് എന്ന ബോധ്യത്തോടെ ഹൃദയം തുറക്കുന്നതിലാണ് ശ്രദ്ധിക്കേണ്ടത്.

ഈ രണ്ട് കാര്യങ്ങളും മുഖ്യമായും വ്യക്തിപരമായ പ്രാർത്ഥനകളെയാണ് ലക്ഷ്യംവയ്ക്കുന്നതെങ്കിലും സമൂഹപ്രാർത്ഥനയിലും ഈ മനോഭാവം കാത്തുസൂക്ഷിക്കണം. ഇതിനെല്ലാം മാതൃകയാണു യേശു പഠിപ്പിച്ച പ്രാർത്ഥന. ദൈവത്തെ "ഞങ്ങളുടെ പിതാവേ" എന്നു വിളിച്ച്, ഏഴു യാചനകളിലൂടെ ഹൃദയം തുറക്കാൻ പഠിപ്പിക്കുന്ന പ്രാർത്ഥന നോമ്പുകാലത്തു മാത്രമല്ല, ഏതുകാലത്തും പ്രസക്തവും അനിവാര്യവുമായ പ്രാർത്ഥനയാണ്.

32

## ഓർമ്മിക്കുക

**"നീ ഏത് അവസ്ഥയിൽനിന്നാണ് വീണതെന്ന് ഓർക്കുക. മാനസാന്തരപ്പെട്ട്, ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക"** (വെളി 2,5).

ബൈബിളിലെ 73-ാമത്തേതും അവസാനത്തേതുമായ പുസ്തകം "യോഹന്നാനു ലഭിച്ച വെളിപാട്" എന്നപേരിൽ അറിയപ്പെടുന്നു. മനസിലാക്കാൻ ഏറെ പ്രയാസമുള്ള, പ്രതീകങ്ങളുടെ ഭാഷ ഉപയോഗിക്കുന്ന, വെളിപാട് സാഹിത്യശൈലിയിലാണ് ഗ്രന്ഥം ഏതാണ്ടു മുഴുവനായും രചിക്കപ്പെട്ടിരിക്കുന്നത്. പാത്മോസ് ദ്വീപിൽ തടവുകാരനായി കഴിഞ്ഞ യോഹന്നാനു ലഭിക്കുന്ന മനുഷ്യപുത്രദർശനത്തോടെ ആരംഭിക്കുന്ന പുസ്തകത്തിന്റെ 2-3 അധ്യായങ്ങൾ ഏഷ്യാമൈനറിലെ ഏഴു സഭകൾക്ക് ക്രിസ്തു നല്കുന്ന സന്ദേശം എന്ന രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. പ്രശംസയും വിമർശനവും താക്കീതും വാഗ്ദാനവും ഉൾക്കൊള്ളുന്ന ഈ ഏഴു ലേഖനങ്ങൾ നോമ്പുകാലചൈതന്യം വ്യക്തവും ശക്തവുമായി അവതരിപ്പിക്കുന്നുണ്ട്.

ഏഷ്യാമൈനർ എന്ന റോമൻ പ്രവിശ്യയുടെ തലസ്ഥാന നഗരിയായ ഏഫേസൂസിലെ സഭയ്ക്കാണ് ആദ്യത്തെ ലേഖനം. മറ്റു സഭകളുടെമേൽ സ്വാധീനമുള്ള തലസ്ഥാനസഭ ആയതിനാലാവാം ആദ്യത്തെ ലേഖനം എഫേസൂസിലെ സഭയ്ക്ക് എഴുതുന്നത്. വിശ്വാസത്തിൽ ഉറച്ചുനില്ക്കാൻവേണ്ടി സഭാസമൂഹം നേരിട്ട ക്ലേശങ്ങൾ, അനുഭവിക്കേണ്ടിവന്ന പീഡനങ്ങൾ, സഭയ്ക്ക് ഉള്ളിൽത്തന്നെ ഉണ്ടായ വിശ്വാസവിരുദ്ധ പ്രവണതകൾക്കെതിരേ എടുത്ത നിലപാടുകൾ. ഇവയെ എല്ലാം പ്രശംസിച്ച

തിനുശേഷം മൂന്നു നിർദ്ദേശങ്ങളാണു മുന്നോട്ടുവയ്ക്കുന്നത്. ഓർമ്മിക്കുക, അനുതപിക്കുക, ആദ്യചൈതന്യം വീണ്ടെടുക്കുക.

**1. ഓർമ്മിക്കുക:** ആദ്യമുണ്ടായിരുന്ന സ്നേഹം കൈവെടിഞ്ഞു എന്ന കുറ്റാരോപണത്തിനുശേഷമാണ് ഈ ആഹ്വാനം. ദൈവ സ്നേഹം തിരിച്ചറിഞ്ഞ ആദ്യകാലാനുഭവങ്ങളെ വീണ്ടും ഓർമ്മ യിൽനിന്നു ചികഞ്ഞെടുക്കണം. യേശുവിനെ ആദ്യമായി കണ്ടു മുട്ടിയപ്പോൾ ഉണ്ടായിരുന്ന സന്തോഷവും തീക്ഷ്ണതയും ത്യാഗ സന്നദ്ധതയും എല്ലാം ഓർക്കണം. അതിനെല്ലാം അടിസ്ഥാനമാ യിരുന്ന ദൈവസ്നേഹത്തിന്റെ അനുഭവം ഓർമ്മിക്കണം. ഇത് എപ്പോഴും ആവശ്യമാണ്. അതിനുവേണ്ടിയാണല്ലോ “എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ” എന്ന ആഹ്വാനവുമായി യേശു വിശുദ്ധ കുർബാന സ്ഥാപിച്ചത്. എന്നാൽ ഓർമ്മയാ ചരണം വെറും ഒരു അനുഷ്ഠാനം മാത്രമായി അധഃപതിക്കരുത്. അതിനാണ് രണ്ടാമത്തെ നിർദ്ദേശം.

**2. അനുതപിക്കുക:** ആദ്യാനുഭവം മറന്ന്, സ്വാർത്ഥത തേടി, തെറ്റായ വഴികളിൽ അലഞ്ഞതിനെ ഓർത്ത് അനുതപിക്കണം. തെറ്റുകൾ തിരുത്താൻ തയ്യാറാകണം. ഓർമ്മ അനുതാപത്തി ലേക്കും അനുതാപം ജീവിതനവീകരണത്തിലേക്കും നയിക്കും. അതാണ് മൂന്നാമത്തെ നിർദ്ദേശം.

**3. ആദ്യചൈതന്യം വീണ്ടെടുക്കുക:** മതാത്മകജീവിതം ആത്മാവു നഷ്ടപ്പെട്ട വെറും ആചാരാനുഷ്ഠാനങ്ങൾ മാത്രമായി അധഃപതിക്കുമ്പോൾ ഈ വീണ്ടുവിചാരവും നവീകരണവും ആവശ്യമാണ്. ഓരോ വ്യക്തിക്കും സമൂഹത്തിനും പ്രസക്തമാണ് ഈ ആഹ്വാനങ്ങൾ. ഞാൻ ആരായിരുന്നു, എന്തൊക്കെ ദൈവാ നുഭവങ്ങളാണ് എനിക്കു ലഭിച്ചത്, ഇന്ന് എവിടെ ചെന്നെത്തി നില്ക്കുന്നു എന്നൊക്കെ ഓർമ്മിക്കണം. വഴിമാറണം. ആദ്യ ചൈതന്യം വീണ്ടെടുക്കണം. അതു സ്നേഹത്തിന്റെ ആഴങ്ങളി ലേക്കു നയിക്കും. നോമ്പാചരണത്തിന്റെ ലക്ഷ്യവും മറ്റൊന്ന ല്ലല്ലോ.

33

## സഹനങ്ങളെ ഭയപ്പെടരുത്

**"നീ ഉടനെ സഹിക്കാനിരിക്കുന്നവയെ ഭയപ്പെടരുത്. നിങ്ങളിൽ ചിലരെ പിശാചു തടവിലിടാനിരിക്കുന്നു. അതു നിങ്ങൾ പരീക്ഷിക്കപ്പെടുന്നതിനുവേണ്ടിയാണ്. പത്തുദിവസത്തേക്കു നിങ്ങൾക്കു ഞെരുക്കമുണ്ടാകും. മരണംവരെ വിശ്വസ്തനായിരിക്കുക. ജീവന്റെ കിരീടം നിനക്കു ഞാൻ നല്കും"** (വെളി 2,8-11).

ഏഷ്യാ മൈനറിലെ മറ്റൊരു സുപ്രധാന തുറമുഖനഗരമായിരുന്ന സ്മിർണാ ഇന്ന് ടർക്കിയിലെ ഇസിമീർ എന്നറിയപ്പെടുന്നു. വളരെ പ്രധാനപ്പെട്ട ഒരു വ്യാപാരകേന്ദ്രമാണ് ഈ പട്ടണം. വെളിപാടുപുസ്തകത്തിൽ പേരെടുത്തു പറയുന്ന ഏഴു നഗരങ്ങളിൽ ഇതു മാത്രമാണ് ഇന്നും ഒരു നഗരമായി നിലനില്ക്കുന്നത്. ബാക്കിയെല്ലാം തകർന്നുകിടക്കുന്നു.

വലിയ നഗരമാണെങ്കിലും ചെറിയ ഒരു ക്രൈസ്തവസമൂഹമായിരുന്നു സ്മിർണായിലേത്. തന്നെയുമല്ല, വലിയ മതപീഡനങ്ങൾക്ക് ഇരയായിത്തീർന്ന ഒരു സമൂഹമായിരുന്നു അത്. ഭൗതികമായി ദരിദ്രരെങ്കിലും ദൈവസ്നേഹം സമൃദ്ധമായി അനുഭവിക്കുന്നതിനാൽ അവർ സമ്പന്നരാണെന്ന് കർത്താവ് അവരെ അനുസ്മരിപ്പിക്കുന്നു.

ഈ ക്രിസ്തീയ സമൂഹത്തിനെതിരേ കൊടിയ മതമർദ്ദനം അഴിച്ചുവിട്ടതിന് മുഖ്യകാരണക്കാർ അവിടെ വസിച്ചിരുന്ന യഹൂദരാണ്. "സാത്താന്റെ സിനഗോഗ്" എന്ന് അവരെ വിശേഷിപ്പിക്കുമ്പോൾ, ക്രിസ്തുവിശ്വാസികളെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്ന അവർ സാത്താന്റെ കൈകളിലെ ഉപകരണങ്ങളാണെന്ന് നാഥൻ

ഓർമ്മിപ്പിക്കുന്നു. ആദിമ ക്രൈസ്തവസമൂഹം യഹൂദരുടെ ഭാഗത്തുനിന്ന് വലിയ പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നു എന്ന് അപ്പസ്തോലപ്രവർത്തനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. യേശുവിനെ തള്ളിപ്പറയുകയും കുരിശിലേറ്റുകയും ചെയ്തവർ അവന്റെ അനുയായികളെ പീഡിപ്പിക്കുകയും ഉന്മൂലനം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നതിൽ അത്ഭുതത്തിനു വകയില്ല. നാഥൻ തന്നെ ഇതിനെക്കുറിച്ചു മുന്നറിയിപ്പുനല്കിയിരുന്നതാണ് (മർക്കോ 13,13; യോഹ 16,1-4).

എന്നാൽ പീഡനങ്ങളിൽ മനംതകരരുത്. വിശ്വാസത്തിൽ ആഴപ്പെടാനുള്ള അവസരമായി മതപീഡനങ്ങളെ കരുതണം. സ്മിർണായിലെ സഭയ്ക്കു നല്കിയ നിർദ്ദേശവും വാഗ്ദാനവും ഇന്നും ഏറെ പ്രസക്തമാണ്. അനേകം രാജ്യങ്ങളിൽ ക്രിസ്ത്യാനികൾ കഠിനമായി മതപീഡനങ്ങൾക്ക് ഇരയായിത്തീരുന്നു. മതസൗഹാർദത്തിനും മതസ്വാതന്ത്ര്യത്തിനും പേരുകേട്ട നമ്മുടെ ഭാരതത്തിൽത്തന്നെ ഇന്ന് ക്രൈസ്തവർക്കെതിരേ ശക്തമായ മതപീഡനം നടക്കുന്നു. പള്ളികൾ തകർക്കപ്പെടുന്നു, ക്രിസ്ത്യാനികൾ കൊല്ലപ്പെടുന്നു. മതവിദ്വേഷത്തിന്റെ വിഷം യുവമനസുകളിൽ കുത്തിവയ്ക്കുന്ന മതതീവ്രവാദികൾക്ക് എളുപ്പം കിട്ടാവുന്ന ഇരകളായി മാറുന്നു ക്രൈസ്തവർ.

ഈ നോമ്പുകാലം സഹനത്തിന്റെ അർത്ഥം ഗ്രഹിക്കാനും യേശുവിലുള്ള വിശ്വാസത്തിന്റെപേരിൽ ഏതു സഹനവും ഏറ്റെടുക്കാനും നമ്മെ ഒരുക്കുന്നതാകണം. കുരിശും എടുത്ത് തന്നെ അനുഗമിക്കാൻ ആഹ്വാനം ചെയ്തത് കുരിശിൽ മരിച്ചവനാണ്. എന്നാൽ കുരിശ് മരണത്തിനപ്പുറം ഉയിർപ്പിലേക്ക് ഉയർത്തുന്ന ഉപകരണമാണ്; കുരിശിന്റെ വഴി ഉത്ഥാനത്തിലേക്ക് നയിക്കുന്നു എന്നതു മറക്കാതിരിക്കാം. സഹനം നമ്മെ യേശുവിനോടടുപ്പിക്കും. "*ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു*" (യോഹ 16,33).

## 34

# ഉണരുക

**"നിന്റെ ചെയ്തികൾ ഞാനറിയുന്നു. ജീവിച്ചിരിക്കുന്നവൻ എന്ന പേര് നിനക്കുണ്ട്. പക്ഷേ, നീ മൃതനാണ്. ഉണർന്നിരിക്കുക. നിന്നിൽ മരണാസന്നമായി അവശേഷിക്കുന്നതിനെ ശക്തിപ്പെടുത്തുക... നീ സ്വീകരിച്ചതും കേട്ടതും എപ്രകാരമാണെന്നനുസ്മരിച്ച് അതു കാത്തുസൂക്ഷിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുക. നീ ഉണർന്നിരിക്കുന്നില്ലെങ്കിൽ ഞാൻ കള്ളനെപ്പോലെ വരും. ഏതു മണിക്കൂറിലാണ് ഞാൻ നിനക്കെതിരേ വരുകയെന്ന് നീ അറിയുകയില്ല"** (വെളി 3,1-3).

1500 അടി ഉയരമുള്ള, കിഴക്കാംതൂക്കായ പാറക്കെട്ടിനുമുകളിൽ പണിയപ്പെട്ട ഏഷ്യാമൈനറിലെ മറ്റൊരു നഗരമായിരുന്നു സാർദിസ്. വളരെ സമ്പന്നവും സുശക്തവുമായ നഗരം. ആർക്കും അതിനെ കീഴടക്കാൻ കഴിയില്ല എന്നു നഗരവാസികൾ വിശ്വസിച്ചു. കാവൽക്കാർ വേണ്ടത്ര ജാഗ്രത പാലിച്ചില്ല. അതിനാൽ ത്തന്നെ രണ്ടുതവണ ഈ നഗരം ശത്രുക്കൾ ആക്രമിച്ചു കീഴടക്കി. ബി.സി 546-ൽ പേർഷ്യൻ ചക്രവർത്തിയായ സൈറസിന്റെ പടയാളികൾ പാറക്കെട്ടിന്റെ വള്ളലിലൂടെ പിടിച്ചുകയറി, പട്ടണം നിഷ്പ്രയാസം കീഴടക്കി. കാവൽക്കാർ ഉറങ്ങുകയായിരുന്നു. ബി.സി. 195-ൽ സിറിയൻ രാജാവായ അന്ത്യയോക്കസ് മൂന്നാമന്റെ സൈന്യം ഇതേവിധത്തിൽ നഗരം കീഴടക്കി. അന്നും കാവൽക്കാർ ഉറങ്ങുകയായിരുന്നു. ഇതാണ് സാർദിസിലെ സഭയ്ക്കുള്ള ഉപദേശങ്ങളുടെയും താക്കീതുകളുടെയും ചരിത്ര പശ്ചാത്തലം.

പുറമെ നിന്നുള്ള മതപീഡനമില്ല; ഉള്ളിൽ നിന്നുവരുന്ന വിഭാ

ഗീയ ചിന്തകളോ അന്തഃഛിദ്രമോ ഈ സഭയെ അലട്ടുന്നില്ല. പൊതുചിന്താധാരകളോടും ജീവിതശൈലിയോടും സമരസപ്പെട്ട്, സ്വസ്ഥമായി, സ്വതന്ത്രമായി കഴിയുന്ന സഭ, എല്ലാം ഭദ്രമെന്ന ധാരണയിൽ, തങ്ങളുടെ വിശ്വാസമഹത്വത്തിൽ ഊറ്റംകൊള്ളുന്ന ഒരു സഭ. അതാണ് വെളിപാടുപുസ്തകത്തിലെ സാർദിസ്.

ഇവിടെ മനുഷ്യപുത്രന്റെ വിലയിരുത്തലും താക്കീതും ആഹ്വാനവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. അവർ ജീവിക്കുന്നത് ഒരു സ്വപ്നലോകത്താണ്. ഏല്പിക്കപ്പെട്ട ദൗത്യം അവർ നിർവ്വഹിച്ചിട്ടില്ല. എല്ലാം ഭദ്രം എന്നത് വെറും മിഥ്യാധാരണയാണ്. യാഥാർത്ഥ്യങ്ങൾക്കു നേരെ കണ്ണടച്ച് ഉറങ്ങുന്ന സഭയ്ക്ക് താൻ ചെന്നെത്തിയിരിക്കുന്ന പ്രതിസന്ധിയെക്കുറിച്ച് ഒട്ടുംതന്നെ അറിവില്ല. അതിനാൽ ഉണരണം, കണ്ണുതുറക്കണം, തന്റെ സ്വത്വവും ദൗത്യവും തിരിച്ചറിയണം. അല്ലെങ്കിൽ സാർദിസ് പട്ടണത്തിനു രണ്ടുതവണ സംഭവിച്ചത് അവിടുത്തെ സഭയ്ക്കും സംഭവിക്കും.

ഉണരാനുള്ള ആഹ്വാനം ആഗോളസഭയ്ക്കും പ്രാദേശിക സഭകൾക്കും സന്യാസസമൂഹങ്ങൾക്കും വ്യക്തികൾക്കും എല്ലാം പ്രസക്തമാണ്. ബാഹ്യമായ കുറെ ആചാരങ്ങൾ മോടിയായി നടക്കുന്നതുകൊണ്ടു മാത്രം കർത്താവിന്റെ ഹിതമനുസരിച്ചാണ് നാം ജീവിക്കുന്നത് എന്നു പറയാനാവില്ല. സമ്പത്തു സ്വരുക്കൂട്ടാനും ആഘോഷങ്ങൾക്ക് മോടിക്കൂട്ടാനും ശ്രമിക്കുമ്പോൾ, ഏതാനും ചില ആചാരങ്ങളുടെ പേരിൽ ഒരു സഭയെത്തന്നെ പിളർപ്പിന്റെ വക്കിലേക്കു വലിച്ചിഴക്കുമ്പോൾ, യേശുവിന്റെ താക്കീതിനു കാതോർക്കണം. ചുറ്റും കനക്കുന്ന മതപീഡനങ്ങളുടെ കാർമേഘങ്ങൾക്കുനേരേ കണ്ണടയ്ക്കരുത്. നോമ്പുകാലം അതിനൊരു താക്കീതായി കരുതണം.

## 35

# ഔദ്ധത്യം വെടിയുക

**"നീ തണുപ്പോ ചൂടോ ഉള്ളവനല്ല, തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. ചൂടോ തണുപ്പോ ഇല്ലാതെ, മന്ദോഷ്ണനാകയാൽ നിന്നെ ഞാൻ എന്റെ വായിൽനിന്നു തുപ്പിക്കളയും. എന്തെന്നാൽ ഞാൻ ധനവാനാണ്, എനിക്കു സമ്പത്തുണ്ട്, ഒന്നിനും കുറവില്ല എന്നു നീ പറയുന്നു. എന്നാൽ നീ നികൃഷ്ടനും ദയനീയനും ദരിദ്രനും അന്ധനും നഗ്നനും ആണെന്നു നീ അറിയുന്നില്ല"** (വെളി 5,15-17).

ഏഷ്യാമൈനറിലെ, ഇന്നത്തെ ടർക്കിയിലുള്ള മറ്റൊരു പട്ടണമാണ് ലാവോദിക്യ. സിറിയൻ ചക്രവർത്തിയായ അന്തിയോക്കസ് രണ്ടാമൻ നിർമ്മിച്ച്, തന്റെ ഭാര്യയായ ലാവോദിക്യായുടെ പേരിട്ട ഒരു സുപ്രധാന നഗരമാണത്. ഈ പട്ടണത്തിനുമുണ്ട് ചില പ്രത്യേകതകൾ. കണ്ണിന്റേയും കാതിന്റെയും ചികിത്സയ്ക്കു ലോകപ്രസിദ്ധിയാർജിച്ച നഗരമായിരുന്നു അത്. അവിടെ ഉൽപാദിപ്പിച്ചിരുന്ന, കണ്ണിനും കാതിനും വേണ്ടിയുള്ള ലേപനങ്ങൾ അനേകം രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. അതുവഴി വലിയ സമ്പത്ത് അവർ നേടിയിരുന്നു. ഇതാണ് ഒരു സവിശേഷത.

രണ്ടാമത്തേത് നഗരം സ്ഥിതി ചെയ്തിരുന്ന സ്ഥലത്തിന്റെ പ്രത്യേകതയാണ്. ലാവോദിക്യായിൽനിന്ന് ഏകദേശം ആറു കിലോമീറ്റർ അകലെ ഹിയെരാപ്പോളിസ് എന്നൊരു പട്ടണമുണ്ട്. അവിടെ തിളച്ചവെള്ളം പുറപ്പെടുവിക്കുന്ന ഉറവകളുണ്ട്. ഈ വെള്ളം പല രോഗങ്ങളും സുഖപ്പെടുത്താൻ കഴിവുള്ളതാണ്. നല്ല ചൂടുള്ള ഈ വെള്ളം ലീക്കസ് നദിയിലൂടെ ഒഴുകി ലാവോദിക്യായിൽ എത്തുമ്പോഴേക്കും ചൂടും തണുപ്പുമില്ലാത്ത

“വാട്ടവെള്ളം” ആകും. ആരെങ്കിലും അപരിചിതർ വായിലൊഴിച്ചാൽ ഉടനെ തുപ്പിക്കളയും, അത്ര അരോചകമായിരുന്നു അത്.

മൂന്നാമതൊരു പ്രത്യേകതകൂടിയുണ്ട് ലാവോദിക്യായ്ക്ക്. കറുത്ത രോമമുള്ള ആടുകളെ വളർത്തിയിരുന്ന ഒരു കേന്ദ്രമായിരുന്നു അത്. അവിടെ നിർമ്മിച്ച കറുത്ത കമ്പിളി ലോകപ്രസിദ്ധമായിരുന്നു. കമ്പിളിവ്യവസായവും നഗരത്തിന് വലിയ സമ്പത്തു നേടിക്കൊടുത്തു.

ഈ മൂന്നു പശ്ചാത്തലങ്ങളുടെ വെളിച്ചത്തിലാണ് ലാവോദിക്യായിലെ സഭയെ അഭിസംബോധന ചെയ്യുന്നത്. കച്ചവടം വഴി വലിയ സമ്പത്തുണ്ടാക്കി, എന്നാൽ ആത്മീയതലത്തിൽ ശൂന്യമാണ് ആ സഭയുടെ അവസ്ഥ. കണ്ണു ചികിത്സ നടത്തുന്നവർക്കു കാഴ്ചയില്ല, കാതു ചികിത്സിക്കുന്നവർക്കു കേൾവിയുമില്ല. വസ്ത്രം കയറ്റുമതി ചെയ്യുന്നവർ ആത്മീയതലത്തിൽ നഗ്നരാണ്. തന്റെ ദയനീയാവസ്ഥ അറിയാതെ ചില മിഥ്യാധാരണകളിൽ അഭിരമിക്കുന്നു സഭ.

ഇന്നത്തെ നമ്മുടെ സഭയുടെ ഒരു നേർക്കാഴ്ചയല്ലേ ഇതെന്നു ചോദിക്കാൻ കാലം വൈകിക്കഴിഞ്ഞു. ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന, മറ്റെല്ലാ സഭകളേക്കാളും ശക്തരും സമ്പന്നരുമാണ് ഞങ്ങൾ എന്നഭിമാനിക്കുമ്പോൾ യേശു എപ്രകാരമാണ് നമ്മെ കാണുന്നത് എന്ന് ആത്മശോധന ചെയ്യാൻ ഈ ലേഖനഭാഗം നിർബന്ധിക്കുന്നു. സഭാസമൂഹങ്ങൾക്കു മാത്രമല്ല, ഓരോ വ്യക്തികൾക്കും പ്രാർത്ഥനാക്കൂട്ടായ്മകൾക്കും എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവർക്കും ഈ താക്കീതുകളും നിർദ്ദേശങ്ങളും പ്രസക്തമാണ്.

കറകളഞ്ഞ വിശ്വാസമായ സ്വർണ്ണവും ജീവിതവിശുദ്ധിയായ ശുഭ്രവസ്ത്രവും കാഴ്ച നല്കുന്ന ദൈവവചനമായ അഞ്ജനവും വാങ്ങാനുള്ള അവസരമാണ് നോമ്പുകാലം. നാഥൻ വാതിലിൽ മുട്ടുന്നു. അകത്തുനിന്നു തുറന്നുകൊടുക്കാനുള്ള അവസരമാണിത്.

## 36

# ക്രൂശിതന്റെ വിലാപം

**"ഏകദേശം ഒമ്പതാം മണിക്കൂർ ആയപ്പോൾ യേശു ഉച്ചത്തിൽ നിലവിളിച്ചു. ഏലി, ഏലി, ല്മാസബഖ്ഥനി! അതായത് എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?"** (മത്താ 27, 46).

യേശു കുരിശിൽനിന്ന് ഉച്ചരിച്ച ഏഴുവാക്യങ്ങൾ സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മത്തായിയും മർക്കോസും രേഖപ്പെടുത്തിയിരിക്കുന്ന ക്രൂശിതന്റെ തിരുമൊഴിയാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ലൂക്കായും യോഹന്നാനും ക്രൂശിതന്റേതായ മൂന്നു തിരുമൊഴികൾ വീതം രേഖപ്പെടുത്തിയിട്ടുണ്ട്. അവസാനമായി മത്തായിയും മർക്കോസും ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്നതാണ് ഉച്ചത്തിലുള്ള, വാക്കുകളില്ലാത്ത നിലവിളി. പെസഹാത്തിരുനാളിനൊരുക്കമായി നടത്തുന്ന നോമ്പുകാല വിചിന്തനങ്ങളിൽ ഈ ഏഴു തിരുമൊഴികൾക്കും നിലവിളിക്കും അതുല്യ പ്രാധാന്യമുണ്ട്. ഓരോന്നും ഹ്രസ്വമായി അപഗ്രഥിച്ചു ധ്യാനിക്കാൻ ശ്രമിക്കുന്നതാണ്. അവയിൽ ആദ്യത്തേതാണ് മത്തായിയും മർക്കോസും ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്ന ക്രൂശിതന്റെ വിലാപം. ഇതിനു സമാനമായി ഒന്നും മറ്റു രണ്ടു സുവിശേഷങ്ങളിലും കാണാനില്ല.

മനസിലാക്കാൻ ഏറെ പ്രയാസമുള്ളതും അവിശ്വസനീയം എന്നു തോന്നാവുന്നതുമാണ് കുരിശിൽനിന്നുയരുന്ന യേശുവിന്റെ ഈ വിലാപം. യേശുവിന്റെ മാതൃഭാഷയായ അരമായയിൽത്തന്നെ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത് ആധികാരികത

യുടെ അടയാളമാണ്. നിരാശയുടെ അടിത്തട്ടിൽനിന്നുയരുന്ന ഒരു ദീനരോദനംപോലെ തോന്നാം ഈ വാക്കുകൾ.

യേശു ദൈവത്തെ എപ്പോഴും അബ്ബാ, പിതാവേ എന്നാണ് വിളിച്ചിരുന്നത്; അങ്ങനെ വിളിക്കാനാണ് ശിഷ്യന്മാരെ പഠിപ്പിച്ചതും. എന്നാൽ ഇപ്പോൾ പതിവിനു വിപരീതമായി, "എന്റെ ദൈവമേ" എന്നു വിളിക്കുന്നു. തുടർന്നുവരുന്ന "എന്തേ എന്നെ ഉപേക്ഷിച്ചു" എന്ന ചോദ്യം വലിയ ദുഃഖത്തിന്റെയും നിരാശയുടെയും പ്രകടനമായി തോന്നാം. എന്താണിതിനർത്ഥം?

ഗദ്സെമെനിലെ പ്രാർത്ഥനയുടെ തുർച്ചയാണിത്. പാനപാത്രം മാറ്റിക്കൊടുക്കാൻ അപേക്ഷിച്ചെങ്കിലും, പിതാവിന്റെ ഇഷ്ടം എന്തായാലും സ്വീകരിക്കാനുള്ള സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടാണ് ആ പ്രാർത്ഥന അവസാനിപ്പിച്ചത്. ആ പാനപാത്രത്തിന്റെ അർത്ഥം ഇപ്പോൾ വ്യക്തമാകുന്നു. "ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടു" എന്ന അവസ്ഥയിലാണ് ഇപ്പോൾ ക്രൂശിതനായ യേശു. ലോകത്തിന്റെ പാപം സ്വന്തം ചുമലിൽ വഹിക്കുന്ന ബലിയാടിനെക്കുറിച്ചുള്ള പ്രവചനങ്ങൾ (ലേവ്യ 16,20-21; യോഹ 1,29-36). ഇപ്പോൾ യേശുവിൽ പൂർത്തിയാകുന്ന "*പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി*" (2 കോറി 5,21) എന്ന് അപ്പസ്തോലൻ എഴുതുന്നത് ഈ നിലവിളിയുടെ അർത്ഥം ഗ്രഹിക്കാൻ സഹായിക്കും.

പാപത്തിന്റെ ഫലം ദൈവത്തിൽനിന്ന് അകറ്റപ്പെടുക എന്നത്രെ. എന്നേക്കുമായി ദൈവത്തിൽനിന്നു വിഛേദിക്കപ്പെടുക, അതാണ് നരകം അഥവാ നിത്യമരണം. ലോകത്തിന്റെ മുഴുവൻ പാപം വഹിക്കുന്നവൻ, പാപത്തിന്റെ മൂർത്തരൂപംപോലെ ആയവൻ, ഇപ്പോൾ നരകത്തിന്റെ വക്കിൽനില്ക്കുന്നതുപോലുള്ള ഒരനുഭവത്തിലൂടെ കടന്നുപോകുന്നു.

പാപത്തിന്റെ കാഠിന്യവും അതു വരുത്തിവയ്ക്കുന്ന ദുരന്തത്തിന്റെ ആഴവും വ്യാപ്തിയും പ്രകടമാക്കുന്നതാണു ക്രൂശിതന്റെ വിലാപം. പരിത്യക്തന്റെ രോദനവും പ്രത്യാശയും അവതരിപ്പിക്കുന്ന 22-ാം സങ്കീർത്തനത്തിന്റെ ആദ്യവാക്യമാണ് ഇവിടെ യേശുവിന്റെ വിലാപമായി അവതരിപ്പിക്കുന്നത്. എന്നാൽ മനഃപാഠമാക്കിയ ഒരു പ്രാർത്ഥന ഉരുവിടുന്നതു മാത്രമായി ഇതിനെ കരുതാനാവില്ല. യേശു താൻ അനുഭവിക്കുന്ന വേദനയുടെയും

ദുഃഖത്തിന്റെയും ആഴം വെളിപ്പെടുത്തുകയാണിവിടെ. അതോടൊപ്പം ദൈവത്തിലുള്ള, ഒരിക്കലും അസ്തമിക്കാത്ത, തന്റെ വിശ്വാസവും പ്രത്യാശയും പ്രകടമാക്കുകയും ചെയ്യുന്നു. ദൈവം കൈവിട്ടാലും താൻ ദൈവത്തിന്റെ കയ്യിലുള്ള പിടിവിടുകയില്ല എന്നു നിലവിളിച്ചു പറയുന്നതാണ് ഈ പ്രാർത്ഥന.

ഇവിടെ യേശുവിന്റെ മാത്രമല്ല, പിതാവിന്റെയും ഹൃദയത്തിലേക്ക് ആഴമേറിയ ഒരുൾക്കാഴ്ച ലഭിക്കുന്നു. പാപിയെ ശപിച്ചു തള്ളുകയല്ല, പാപം സ്വയം ഏറ്റെടുത്ത്, പാപത്തിന്റെ ഫലമായ ദൈവത്തിൽനിന്നു ഒറ്റപ്പെടുക എന്ന ശിക്ഷ ഏറ്റെടുത്ത്, പാപിയായ മനുഷ്യനെ പാപത്തിൽനിന്നും മോചിപ്പിച്ച്, ദൈവത്തോടു രമ്യതപ്പെടുത്തുന്നതിന്റെ വിലയാണ് യേശുവിന്റെ കുരിശും ക്രൂശിതന്റെ വിലാപവും. ദൈവത്തിന് എന്നോടുള്ള സ്നേഹത്തിന്റെ ആഴം വ്യക്തമാക്കുന്നതായി ഈ വിലാപത്തെ മനസിലാക്കണം. അതിനു കാരണമായ പാപം പരിത്യജിക്കാൻ, ദൈവത്തോടു ചേർന്നുനില്ക്കാൻ ഈ വിലാപം നമുക്കു പ്രേരണ നല്കണം.

## 37

# പിതാവേ ക്ഷമിക്കണമേ

**"യേശു പറഞ്ഞു: പിതാവേ അവരോടു ക്ഷമിക്കണമേ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല"** (ലൂക്കാ 23, 34).

ലൂക്കാ മാത്രം രൂപപ്പെടുത്തിയിരിക്കുന്ന ക്രൂശിതന്റെ മൂന്നു തിരുവചനങ്ങളിൽ ആദ്യത്തേതാണിത്. നോമ്പുകാലത്തിന്റെയും പെസഹായുടെയും സന്ദേശം. വ്യക്തമായി പഠിപ്പിക്കുന്ന ഒരു മാതൃക. "ശത്രുക്കളെ സ്നേഹിക്കുവിൻ" എന്ന ഗുരുമൊഴി എപ്രകാരം പ്രാവർത്തികമാക്കണം എന്നു ഗുരുനാഥൻ സ്വന്തം മാതൃകയിലൂടെ പഠിപ്പിക്കുന്നു.

ഇല്ലാത്ത കുറ്റങ്ങൾ ആരോപിച്ച്, ചെയ്യാത്ത തെറ്റുകൾക്കു ശിക്ഷയായി മതകോടതിയും രാഷ്ട്രീയകോടതിയും വധശിക്ഷ വിധിച്ച് കുരിശിൽ തറച്ചവന്റെ അധരങ്ങളിൽനിന്നാണ് ഈ തിരുമൊഴി ഉതിരുന്നത് എന്നതു പ്രത്യേകം ശ്രദ്ധിക്കണം. ദൈവത്തെ പിതാവേ എന്നു വിളിച്ചുകൊണ്ടാണ് യേശു പ്രാർത്ഥിക്കുന്നത്. എല്ലാം അറിയുന്നവൻ, എല്ലാറ്റിനും കഴിവുള്ളവൻ, ആ ദൈവം തന്റെ പിതാവാണ്. പിതാവിന്റെ ഹിതമാണ് ഇവിടെ നിറവേറുന്നത്. ആ പദ്ധതി പൂർത്തിയാക്കാൻ ദൈവം ഉപകരണമാക്കിയവരാണ് ഇവിടെ യേശുവിന്റെ ശത്രുക്കളായി നില്ക്കുന്നത്. അവർക്കുവേണ്ടിയാണ് പ്രാർത്ഥന. അവരോടു ക്ഷമിക്കണം.

അതിനു കാരണമായി ഒരു കാര്യം എടുത്തു പറയുന്നു. അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല. ഇതു സത്യ

മാണോ എന്ന സംശയം തോന്നാം. യേശു നിരപരാധനാണെന്നു മനസിലാക്കി കൈകഴുകിയ പീലാത്തോസിന് അറിയില്ലേ താൻ ചെയ്യുന്നതു തെറ്റാണെന്ന്? അനേകം സാക്ഷികൾ ശ്രമിച്ചിട്ടും ഒരു കുറ്റവും തെളിയിക്കാൻ കഴിഞ്ഞില്ല എന്നു കണ്ട സാൻഹദ്രിൻ സംഘത്തിനറിയില്ലേ യേശു നിരപരാധിയാണെന്ന്? അപ്പോൾ അവർ ചെയ്യുന്നതെന്താണെന്നറിയുന്നില്ല എന്നു പറയുന്നതു ശരിയാണോ? അല്ലെന്നു തോന്നാം. എന്നാൽ ഇതിനൊരു മറുവശമുണ്ട്.

മതാത്മക കോടതിയിൽ യേശുവിനെതിരേ ഉന്നയിച്ചത് ആത്യന്തികമായി ദൈവദൂഷണമാണ്. അവൻ സ്വയം ദൈവതുല്യനായി, ദൈവമായി പ്രഖ്യാപിക്കുന്നു. ഇത് എല്ലാവർക്കും ബോധ്യമായി. ഇതിനെ വധശിക്ഷയർഹിക്കുന്ന കുറ്റമായി അവർ കരുതി. പീലാത്തോസിന്റെ മുമ്പിൽ വച്ച് താൻ രാജാവാണെന്ന് സംശയത്തിനു പഴുതില്ലാതെ യേശു പ്രഖ്യാപിച്ചു. അതും മരണശിക്ഷയർഹിക്കുന്ന രാജദ്രോഹകുറ്റമാണ്. വധശിക്ഷയ്ക്കു കാരണമായി കുരിശിൻമുകളിൽ എഴുതിവച്ച INRI (Iesus Nazarenus Rex Iudeorum) നസ്രായൻ യേശു, യൂദന്മാരുടെ രാജാവ് എന്ന കുറ്റപത്രം ഇതു വ്യക്തമാക്കുന്നു. അതിനാൽ ഈ ശിക്ഷ വിധിച്ചവരെ തെറ്റുകാരെന്നു പറയാൻ കഴിയുമോ? ഇതുതന്നെയാണ് പിതാവിന്റെ മുമ്പിൽ മാപ്പിരക്കുമ്പോൾ യേശു ഉന്നയിക്കുന്ന ന്യായവാദം.

അവർ അറിഞ്ഞില്ല തങ്ങൾ എന്താണ് ചെയ്യുന്നതെന്ന്. ദൈവപുത്രനെ ദൈവദൂഷകനായും മിശിഹാ രാജാവിനെ രാജദ്രോഹിയായും വിധിക്കുന്നതിലെ വൈരുധ്യം അവർ ഗ്രഹിച്ചില്ല. തങ്ങൾക്കു ശരിയെന്നു തോന്നിയത് അവർ ചെയ്തു; അത് ഏറ്റം വലിയ പാപമാണെന്ന് അവർ മനസിലാക്കിയില്ല.

മിക്കവാറും എല്ലാ പാപങ്ങളുടെയും കാര്യത്തിൽ ഇതുതന്നെയല്ലേ സംഭവിക്കുന്നത്? ചെയ്യുന്ന തെറ്റിന്റെ എല്ലാ വശങ്ങളും അറിഞ്ഞുകൊണ്ടായിരിക്കണമെന്നില്ല നാം പ്രവർത്തിക്കുന്നത്. ഓരോ തെറ്റും ചെയ്യുമ്പോൾ അതിലൂടെ ലഭിക്കാവുന്ന നന്മ, ലാഭം മാത്രമായിരിക്കും ചിന്താവിഷയം. ദൈവഹിതത്തിനു വിരുദ്ധമായോ, അയല്ക്കാരനെതിരായോ പ്രവർത്തിക്കുന്നു എന്നതിന് അത്ര പ്രാധാന്യം കല്പിച്ചെന്നുവരില്ല. ആത്മാവിന്റെ

പ്രചോദനങ്ങൾക്കു കാതടയ്ക്കുന്നവർക്ക് ക്രമേണ ആ പ്രചോദനങ്ങൾ കേൾക്കാൻ കഴിയാതെപോകും.

വഴിതെറ്റിയ മതതീക്ഷ്ണതയിലും, രാഷ്ട്രീയ ഭീകരതയിലും, സ്വാർത്ഥലാഭവും സുഖസൗകര്യങ്ങളും തേടുന്ന വ്യക്തികളുടെയും സമൂഹങ്ങളുടെയും ചിന്താഗതിയിലും, അതു രൂപംകൊടുക്കുന്ന ആർത്തിയുടെ സംസ്കാരത്തിലും എല്ലാം ഇതു ബാധകമല്ലേ? കോടിക്കണക്കിനു ഗർഭസ്ഥശിശുക്കളെ വധിക്കുന്ന, ലോകജനസംഖ്യയിൽ പകുതിയോളം പേരെ പട്ടിണിയിലാഴ്ത്തുന്ന ഉപഭോഗ-മരണസംസ്കാരത്തിലും എല്ലാം യേശുവിന്റെ പ്രാർത്ഥന പ്രസക്തമാകുന്നു. അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല.

എന്നാൽ ഇത് തിന്മയിൽ തുടരാൻ അനുവദിക്കുന്നതായി കരുതാൻ പാടില്ല. യേശുവിന്റെ പ്രാർത്ഥന നമുക്കു മാതൃകയും പ്രചോദനവും ആകണം. മറ്റുള്ളവരോടു ക്ഷമിക്കാനും ക്ഷമയ്ക്കായി പിതാവിനോടപേക്ഷിക്കാനും ഇതും പ്രേരകമാകണം. പിതാവു പ്രാർത്ഥന കേൾക്കും; അതേസമയം നാമും ക്ഷമിക്കാൻ തയ്യാറാകണം എന്നതും മറക്കാതിരിക്കാം.

38

## ഇന്ന് പറുദീസായിൽ

**"സത്യമായി ഞാൻ നിന്നോടു പറയുന്നു നീ ഇന്ന് എന്നോടു കൂടെ പറുദീസായിൽ ആയിരിക്കും"** (ലൂക്കാ 23,43).

കുരിശിൽനിന്നുള്ള യേശുവിന്റെ രണ്ടാമത്തെ തിരുവചനമായി ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നത് തന്നോടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ട ഒരു കുറ്റവാളിക്ക് നല്കുന്ന വാഗ്ദാനമാണ്. സെലട്ട് (Zelot) എന്നപേരിൽ അറിയപ്പെട്ടിരുന്ന, റോമാക്കാരെ നാട്ടിൽനിന്നു തുരത്താൻ കച്ചകെട്ടി പുറപ്പെട്ട തീവ്രവാദി സംഘടനയിലെ അംഗങ്ങളായിരുന്നു യേശുവിനോടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ട കുറ്റവാളികൾ എന്നു പൊതുവേ കരുതപ്പെടുന്നു. അവരിൽ ഒരാൾ യേശുവിനെ പരിഹസിക്കുകയും വെല്ലുവിളിക്കുകയും ചെയ്തപ്പോൾ അപരൻ തന്റെ കുറ്റം ഏറ്റുപറഞ്ഞതിനു ശേഷം യോശുവിനോടപേക്ഷിച്ചു: "*യേശുവേ, നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ*" (ലൂക്കാ 23,42). ഈ യാചനയ്ക്കുള്ള മറുപടിയാണ് യേശു നല്കുന്ന വാഗ്ദാനം.

കുറ്റവാളിയുടെ യാചനയിൽ ആഴമേറിയ ഒരു വിശ്വാസം പ്രകടമാക്കുന്നുണ്ട്. നിസ്സഹായനായി കുരിശിൽ തൂങ്ങിക്കിടക്കുന്ന യേശു നിരപരാധനാണ്; മാത്രമല്ല, അവൻ വരാനിരുന്ന മിശിഹാ രാജാവും, ദൈവരാജ്യം സ്ഥാപിക്കുന്ന രക്ഷകനുമാണ്. അവൻ തന്റെ രാജ്യം സ്ഥാപിക്കുക തന്നെ ചെയ്യും. അവൻ മരണത്തെ അതിജീവിക്കും. വീണ്ടും വരും. അന്ന് രാജാവും വിധിയാളനും ആയിട്ടാവും അവൻ വരുക. സാഹചര്യങ്ങൾ

തികച്ചും പ്രതികൂലമായിരുന്നിട്ടും ഇപ്രകാരം ഒരു പ്രഖ്യാപന ത്തിനും യാചനയ്ക്കും അയാളെ പ്രേരിപ്പിച്ച വിശ്വാസത്തിന്റെ ആഴം ശ്രദ്ധിക്കാതെ പോകരുത്.

യേശുവിന്റെ വാഗ്ദാനത്തിലെ മൂന്നു വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കണം.

**1. പറുദീസ:** *പൈരിദേസാ* എന്ന പേർഷ്യൻ പദത്തിൽനിന്ന് രൂപംകൊണ്ട ഗ്രീക്കു വാക്കാണ് *പരദെയ്സോസ്*. അതിൽ നിന്നാണ് ഇംഗ്ലീഷിലെ *പാരഡൈസും* മലയാളത്തിലെ *പറുദീ സായും* ഉത്ഭവിക്കുന്നത്. മതിലുകെട്ടി സുരക്ഷിതമാക്കിയ രാജകീ യോദ്യാനമാണ് പേർഷ്യക്കാരുടെ പൈരിദേസാ. ദൈവത്തോടൊ ന്നിച്ച് ആദിമനുഷ്യൻ വസിച്ച ഇടമായ ഏദേൻതോട്ടവും ഇതേ ആശയം ഉൾക്കൊള്ളുന്നു. പറുദീസാ ദൈവത്തോടൊന്നിച്ച്, എന്നേക്കും സന്തോഷമായി കഴിയുന്ന ഇടമാണ്, അഥവാ അവ സ്ഥയാണ്.

**2. എന്നോടുകൂടെ:** മരണം അവസാനമല്ല മരണത്തിനപ്പുറം നിത്യമായ ഒരു ജീവിതമുണ്ട്. അവിടെ യേശുവിനോടൊപ്പം ആയിരിക്കുക. അതാണ് പറുദീസാവാസം, അതാണ് സ്വർഗ്ഗ ഭാഗ്യം. അതു വാഗ്ദാനം ചെയ്യുന്നത് ദൈവം തന്നെ ആയ ദൈവ പുത്രനാണ്. "സത്യമായും" എന്ന ആമുഖം യേശുവിന്റെ ദൈവി കതയിലേക്കും അധികാരത്തിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.

**3. ഇന്ന്:** സ്വർഗ്ഗഭാഗ്യത്തിനു ലോകാവസാനം വരെ കാത്തിരി ക്കേണ്ടതില്ല. മരണനിമിഷത്തിൽത്തന്നെ നിത്യഭാഗ്യം ആരംഭി ക്കുന്നു. ഇന്നലെയും നാളെയും ഇല്ലാത്ത, ഇന്ന് നിത്യതയെ സൂചിപ്പിക്കുന്നു. മരണത്തോടെ ആരംഭിക്കുന്നു ഈ നിത്യജീവൻ.

ഇത് അനുതപിച്ച ക്രൂശിതനു മാത്രം നല്കുന്ന വാഗ്ദാനമല്ല. സ്വന്തം പാപം ഏറ്റുപറഞ്ഞു മാപ്പിരക്കുന്ന, മാനസാന്തരപ്പെടുന്ന ഏവർക്കും യേശു നല്കുന്ന വാഗ്ദാനമാണിത്. അതിനാൽ നിരാശ വേണ്ടാ. കർത്താവിലേക്കു തിരിയുക. മാപ്പിരക്കുക. ജീവിതം നവീകരിക്കുക. അപ്പോൾ നിനക്കും കേൾക്കാം ഗുരു വചനം: ഇന്ന് നീ എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും.

# 39

## ഇതാ, നിന്റെ അമ്മ

**"യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതുകണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ നിന്റെ മകൻ. അനന്തരം അവൻ ശിഷ്യനോടു പറഞ്ഞു. ഇതാ നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീക രിച്ചു"** (യോഹ 19, 26-27).

യോഹന്നാൻ മാത്രം രേഖപ്പെടുത്തിയിട്ടുള്ള ക്രൂശിതന്റെ മൂന്നു തിരുവചനങ്ങളിൽ ആദ്യത്തേതാണിത്. യേശു തന്റെ ശിഷ്യനെ അമ്മയ്ക്കു മകനായും അമ്മയെ ശിഷ്യന് അമ്മയായും ഏല്പിച്ചുകൊടുക്കുന്നതിന് ആഴമേറിയ അർത്ഥസൂചനകളുണ്ട്. യേശു സ്വന്തം അമ്മയെ "സ്ത്രീയേ" എന്ന് രണ്ടുതവണ വിളിച്ച തായി യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്, കാനായിലും കാൽ വരിയിലും. യേശുവിന്റെ പരസ്യജീവിതത്തിന്റെ തുടക്കമാണ് കാനായിലെ അത്ഭുതം; അവസാനമാണ് കുരിശിലെ മരണം. രണ്ടിടത്തും, അവിടെമാത്രം, അമ്മ സന്നിഹിതയാണ്. രണ്ടു തവ ണയും "സ്ത്രീയേ" എന്ന അഭിസംബോധനയിലൂടെ മറിയത്തെ, പുതിയ ഹവ്വാ ആയി ചിത്രീകരിക്കുന്നു. മനുഷ്യവർഗ്ഗത്തെ പാപ ത്തിലേക്കും നിത്യനാശത്തിലേക്കും നയിച്ച ആദിമാതാവായ ഹവ്വായുടെ തെറ്റു തിരുത്തുന്ന പുതിയ ഹവ്വാ, രക്ഷകന്റെ മാതാവ്. "സ്ത്രീയേ" എന്നു വിളിക്കുന്നതിലൂടെ യേശു ഈ സത്യത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു.

കുരിശിൻചുവട്ടിൽ നില്ക്കുന്ന, യേശു സ്നേഹിച്ച ശിഷ്യൻ യേശുവിന്റെ എല്ലാ ശിഷ്യന്മാരുടെയും പ്രതിനിധിയും പ്രതീകവു

മാണ്. ആ ശിഷ്യനെ തന്റെ അമ്മയ്ക്കു മകനായി നല്കുന്നതിലൂടെ എക്കാലത്തും ജീവിക്കുന്ന എല്ലാ ശിഷ്യന്മാരെയും തന്റെ അമ്മയുടെ മക്കളായി യേശു പ്രഖ്യാപിക്കുന്നു. അതിനാൽ യേശുവിനോടൊപ്പം നാമെല്ലാവരും മറിയത്തിന്റെ മക്കളാണ്, യേശുവിന്റെ സഹോദരരും. "ഇതാ നിന്റെ അമ്മ" എന്ന് ശിഷ്യനോടു പറയുന്നതിലൂടെ യേശുവിന്റെ അമ്മയെ ശിഷ്യരെല്ലാം അമ്മയായി സ്വീകരിക്കണം, ആദരിക്കണം, അനുകരിക്കണം, അനുസരിക്കണം എന്നും അനുശാസിക്കുന്നു. അതാണ് ശിഷ്യൻ ചെയ്തത്. തന്റെ ഭവനത്തിൽ സ്വീകരിച്ചു.

യേശു തന്റെ ശിഷ്യസമൂഹത്തിനു നല്കിയ അവസാനത്തെ സമ്മാനമാണിത്. തന്റെ അമ്മയെ നമുക്കെല്ലാം അമ്മയായി നല്കിയിരിക്കുന്നു. മരിയഭക്തിയുടെ ഉറവിടം ഇവിടെയാണ്. യേശുവിന്റെ അമ്മയെ ആരും ആരാധിക്കുന്നില്ല. ആരാധന ദൈവത്തിനു മാത്രമേ നല്കാവൂ എന്ന കല്പനയ്ക്കു വിരുദ്ധമല്ല മരിയഭക്തി. അമ്മയെ ആദരിക്കുന്നതു വഴി മകനെയും നാം ആദരിക്കുന്നു. മറിയത്തെ മാതൃകയും മധ്യസ്ഥയുമായി യേശു തന്നെയാണു നമുക്കു നല്കിയത്. കാനായിൽവച്ച് യേശുവിന്റെ അടുക്കൽ മാധ്യസ്ഥ്യം വഹിച്ച അമ്മയെ കുരിശിൽവച്ച് നമുക്ക് അമ്മയായി ഏല്പിച്ചു തന്നിരിക്കുന്നു.

ഈ തിരുമൊഴിയിലൂടെ തന്റെ ശിഷ്യസമൂഹത്തെ ഒരു കുടുംബമായി യേശു ചിത്രീകരിക്കുന്നു. യേശുവിന്റെ അമ്മ സഭയുടെ അമ്മയാണ്, ഓരോ വിശ്വാസിയുടെയും അമ്മയും. പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി പ്രാർത്ഥനാനിരതരായി കാത്തിരുന്ന ശിഷ്യഗണത്തിനു നടുവിൽ അമ്മ ഉണ്ടായിരുന്നു (അപ്പ 1,14). ഇന്നും അമ്മ ശിഷ്യസമൂഹത്തിനുവേണ്ടി, നാം ഓരോരുത്തർക്കുംവേണ്ടി, പ്രാർത്ഥിക്കുന്നു, മാധ്യസ്ഥ്യം വഹിക്കുന്നു. യേശു സ്നേഹിച്ച ശിഷ്യൻ ചെയ്തതുപോലെ നാമും അമ്മയെ സ്വന്തം ഭവനത്തിൽ, ഹൃദയത്തിൽ സമൂഹത്തിൽ അമ്മയായി സ്വീകരിക്കണം.

# 40

## എനിക്കു ദാഹിക്കുന്നു

**"അനന്തരം, എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ്, തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടി യേശു പറഞ്ഞു: "എനിക്കു ദാഹിക്കുന്നു"** (യോഹ 19,28).

കുരിശിൽ തൂങ്ങി മരിക്കുന്ന വ്യക്തികൾക്ക് അതികഠിനമായ ദാഹം അനുഭവപ്പെടുക തികച്ചും സ്വാഭാവികം തന്നെ. തലേരാത്രിയിലെ അന്ത്യഅത്താഴത്തിനുശേഷം യേശു ഒന്നും ഭക്ഷിച്ചിട്ടില്ല. കുടിച്ചിട്ടുമില്ല. ചാട്ടയടിയും മുൾമുടിയും ഇരുമ്പാണികളും വഴി രക്തം മുഴുവൻ വാർന്നുപോയി. ഈ സാഹചര്യത്തിൽ "എനിക്കു ദാഹിക്കുന്നു" എന്ന ക്രൂശിതന്റെ വിലാപം അക്ഷരാർത്ഥത്തിൽത്തന്നെ മനസിലാക്കാൻ കഴിയും. വിലാപം കേട്ടു മനസ്സലിഞ്ഞ പടയാളി വിനാഗിരിയിൽ കുതിർത്ത നീർപ്പഞ്ഞി അവന്റെ ചുണ്ടോടടുപ്പിച്ചു; യേശു അതു സ്വീകരിക്കുകയും ചെയ്തു.

എന്നാൽ ഇതുമാത്രമല്ല ഈ ഗുരുമൊഴിയുടെ അർത്ഥസൂചനകൾ. യേശുവിന്റെ ദാഹം കുടിവെള്ളത്തിനു വേണ്ടിയല്ല. നീർപ്പഞ്ഞിയിൽ കിട്ടിയ വിനാഗിരി രുചിച്ചതുകൊണ്ടു ശമിക്കുന്നതുമല്ല. തിരുവെഴുത്തിന്റെ പൂർത്തീകരണത്തിനുവേണ്ടിയാണ് യേശു ഇതു പറഞ്ഞത് എന്നു സുവിശേഷകൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടു സങ്കീർത്തന വാക്യങ്ങളാണ് ഇവിടെ ശ്രദ്ധേയമാകുന്നത്.

പരിത്യക്തന്റെ രോദനവും പ്രത്യാശയും എന്നു വിശേഷിപ്പിക്കുന്ന 22-ാം സങ്കീർത്തനമാണ് ആദ്യത്തേത്. "എന്റേ എന്നെ

ഉപേക്ഷിച്ചു" എന്ന യേശുവിന്റെ വിലാപം ഈ സങ്കീർത്തനത്തിന്റെ ആദ്യ വാക്യമാണ്. പീഡനത്തിന്റെ രൂക്ഷത വിശദീകരിക്കുന്നതാണ് ദാഹത്തെക്കുറിച്ചുള്ള പരാമർശം. "*എന്റെ അണ്ണാക്ക് ഓടിന്റെ കഷണംപോലെ വരണ്ടിരിക്കുന്നു. എന്റെ നാവ് അണ്ണാക്കിൽ ഒട്ടിയിരിക്കുന്നു*" (സങ്കീ 22,15). ദുഃസഹമായ ദാഹത്തിന്റെ വിവരണമാണിത്, യേശു അനുഭവിക്കുന്ന ദാഹത്തിന്റെ നേർചിത്രം. അതോടൊപ്പം "*ദാഹത്തിന് അവർ എന്നെ വിനാഗിരി കുടിപ്പിച്ചു*" (സങ്കീ 69,21) എന്ന സങ്കീർത്തവാക്യവും ഇവിടെ ശ്രദ്ധേയമാകുന്നു. പീഡിതന്റെ വിലാപങ്ങളായി സങ്കീർത്തനങ്ങൾ കണ്ടത് യേശുവിൽ പൂർത്തിയായി. എന്നാൽ യേശുവിന്റെ വിലാപത്തിന് കൂടുതൽ ആഴമേറിയ അർത്ഥമുണ്ട്.

മുമ്പൊരിക്കൽ, സമറിയായിലെ കിണറ്റിൻകരയിൽ ഇരിക്കുമ്പോൾ, വെള്ളം കോരാൻ വന്ന സമറിയാക്കാരിയോട് യേശു കുടിക്കാൻ വെള്ളം ചോദിച്ചു. തീർച്ചയായും ദാഹിച്ചതുകൊണ്ടാണല്ലോ കുടിവെള്ളം ചോദിച്ചത്. എന്നാൽ സംഭാഷണം അവസാനിക്കുമ്പോൾ യേശു ദാഹജലം കുടിക്കുകയല്ല കൊടുക്കുകയാണ് ചെയ്യുന്നത് (യോഹ 4,4-42), ഒരിക്കൽ കുടിച്ചാൽ വീണ്ടും ദാഹിക്കുകയില്ലാത്ത, സംതൃപ്തി നല്കുന്ന ജീവജലം കുടിക്കാനല്ല കൊടുക്കാനാണ് യേശു ദാഹിക്കുന്നത്.

ദാഹിക്കുന്നവൻ "*എന്റെയടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്... ജീവജലത്തിന്റെ അരുവികൾ ഒഴുകും*" (യോഹ 7,38). യേശു നല്കാനിരുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഒരു സൂചനയായിരുന്നു ഇത്. ക്രൂശിതന്റെ പിളർക്കപ്പെട്ട പാർശ്വത്തിൽനിന്ന് രക്തവും വെള്ളവും ഒഴുകിയപ്പോൾ ഈ ദാഹത്തിന്റെ അർത്ഥം വ്യക്തമായി. ആത്മാവിനെ നല്കാൻ, പുതുജീവൻ, രക്ഷ, ദൈവപുത്രസ്ഥാനം നല്കാൻ വേണ്ടിയാണ് യേശുവിന്റെ ദാഹം. ഓരോ മനുഷ്യവ്യക്തിയും ദൈവത്തെ പിതാവായി സ്വീകരിച്ച്, ദൈവമക്കളുടെ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നതുവരെ ഈ ദാഹം തുടരും. ഇതാണ് ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹം. യേശു എനിക്കുവേണ്ടിയും ദാഹിക്കുന്നു. യേശുവിന്റെ ദാഹത്തിൽ നാമും പങ്കുചേരണം. എല്ലാ മനുഷ്യരും ദൈവമക്കളായി അംഗീകരിക്കപ്പെടുന്നതിനു വേണ്ടിയുള്ള ദാഹം.

41

# എല്ലാം പൂർത്തിയായി

**"യേശു വിനാഗിരി സ്വീകരിച്ചിട്ടു പറഞ്ഞു: എല്ലാം പൂർത്തി യായി"** (യോഹ 19, 30).

എനിക്കു ദാഹിക്കുന്നു എന്ന വിലാപം കേട്ട് അലിവു തോന്നിയ പടയാളി ഹിസോപ്പു തണ്ടിൽവച്ചു നീട്ടിയ നിർപ്പഞ്ഞി യിൽനിന്നു വിനാഗിരി രുചിച്ചതിനുശേഷമാണ് ഈ തിരുമൊഴി: "എല്ലാം പൂർത്തിയായി". പിതാവ് തന്നെ ഏല്പിച്ച ദൗത്യം മുഴു വൻ പൂർത്തിയാക്കിയതിലുള്ള സംതൃപ്തി പ്രകടമാക്കുന്നതാണ് യേശുവിന്റെ അവസാനത്തെ വാക്കായി യോഹന്നാൻ രേഖപ്പെ ടുത്തിയിരിക്കുന്ന ഈ ഗുരുമൊഴി. ഇതു പറഞ്ഞതിനുശേഷം അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു.

എളുപ്പമായിരുന്നില്ല പിതാവ് ഏല്പിച്ച ദൗത്യം. അനേകം പ്രതിസന്ധികൾ, അതിരൂക്ഷമായ പ്രലോഭനങ്ങൾ, അതികഠിന മായ പീഡനങ്ങൾ. ജോർദാനിലെ സ്നാനം മുതൽ കുരിശിലെ മരണംവരെ ചുട്ടുപഴുത്ത കനൽവഴിയിലൂടെ ആയിരുന്നു യേശു വിന്റെ യാത്ര. അപ്പം, അധികാരം, അംഗീകാരം. എല്ലാം വാഗ് ദാനം ചെയ്യുന്ന പൈശാചിക പ്രലോഭനങ്ങളുടെ എളുപ്പവഴികൾ. തന്റെ ദൈവപുത്രസ്ഥാനവും രക്ഷകന്റെ ദൗത്യവും അത്ഭുതക രമായ അടയാളങ്ങളിലൂടെ തെളിയിക്കാനുള്ള വെല്ലുവിളികൾ. നേതാക്കന്മാരുടെ ശത്രുത, അധികാരികളുടെ ക്രൂരത, സ്വന്ത ക്കാരുടെ വിശ്വാസരാഹിത്യം, ശിഷ്യന്മാരുടെ ഭീരുത്വം, അധി കാരഭ്രമം, അവിശ്വസ്തത. ഇതിനെല്ലാം ഉപരി നിർണ്ണായക നിമിഷങ്ങളിൽ പിതാവിന്റെ നിശ്ശബ്ദത.

കാനായിൽ തുടങ്ങിയ കുരിശിന്റെ വഴി കാൽവരിയിലാണ് അവസാനിക്കുന്നത്. ഏതു പ്രലോഭനത്തിലും വീഴാതെ, ഏതു സഹനത്തിലും ധൈര്യം നഷ്ടപ്പെടാതെ പിടിച്ചുനിന്നു. പിതാവു തന്നെ കൈവിട്ടു എന്നു തോന്നിയപ്പോഴും പിതാവിന്റെ കൈ വിടാതെ യേശു പിടിച്ചുനിന്നു. ഒഴിഞ്ഞുമാറണം എന്നു പല പ്പോഴും തോന്നിയതാണ്. സഹനത്തിന്റെ തീവ്രതയിൽ ഈ പാന പാത്രം മാറ്റിത്തരണമേ എന്നു ചോര വിയർത്തു പ്രാർത്ഥിച്ചു. അപ്പോഴും കൂട്ടിച്ചേർത്തു, എന്റെ ഇഷ്ടമല്ല, നിന്റെ തിരുഹിതം മാത്രം.

ഈ പ്രലോഭനം യോഹന്നാൻ മറ്റൊരു വിധത്തിലാണ് രേഖ പ്പെടുത്തിയിരിക്കുന്നത്. "*ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥ മായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു? പിതാവേ ഈ മണി ക്കൂറിൽനിന്നു എന്നെ രക്ഷിക്കണമേ! അല്ല, ഇതിനുവേണ്ടിയാ ണല്ലോ ഞാൻ വന്നത്. പിതാവേ അങ്ങയുടെ നാമത്തെ മഹത്വ പ്പെടുത്തണമേ!*" (യോഹ 12,27-28). മറുപടി ഉടനെവന്നു: "*ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും*". യേശു വിന്റെ കുരിശുമരണത്തിലൂടെയാണ് ദൈവത്തിന്റെ മഹത്വം ഏറ്റം ശക്തമായ വിധത്തിൽ പ്രകടമായത്, ഏകജാതനെ നല്കാൻ മാത്രം ലോകത്തെ സ്നേഹിച്ചതിലൂടെ പ്രകടമായ മഹത്വം.

സന്തോഷത്തോടെ, സംതൃപ്തിയോടെ, യേശു പിതാവിന്റെ കരങ്ങളിൽ സ്വന്തം ജീവൻ സമർപ്പിച്ചു. എല്ലാവരുടെയും രക്ഷ യുടെ അടിസ്ഥാനമാണ് ഈ അനുസരണവും സമർപ്പണവും. മരണം അവസാനമല്ല, പിതൃഭവനത്തിൽ, പിതൃഹൃദയത്തിൽ, പ്രവേശിച്ച് എന്നേക്കും ജീവിക്കുന്നതിന്റെ തുടക്കമാണത്. അതിന് ആവശ്യം ഒന്നുമാത്രം. പിതാവ് ഏല്പിച്ചിരിക്കുന്ന ദൗത്യം പൂർത്തിയാക്കുക. പ്രലോഭനങ്ങളിൽപ്പെട്ടു വഴിതെറ്റാ തിരിക്കുക. അതിനുള്ള ശക്തിയാർജിക്കാൻ നോമ്പുകാലം സഹായിക്കുന്നു. യേശുവിന്റെ മാതൃകയും ആത്മാവിന്റെ ശക്തിയും സഹായത്തിനുണ്ട്. മറക്കാതിരിക്കാം.

42

# അങ്ങയുടെ കരങ്ങളിൽ

**"യേശു ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു: പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതു പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു"** (ലൂക്കാ 23,46).

കുരിശിൽനിന്നുള്ള യേശുവിന്റെ ഏഴാമത്തേതും അവസാനത്തേതുമായ തിരുമൊഴിയാണിത്. "ഉച്ചത്തിൽ നിലവിളിച്ച് ജീവൻ വെടിഞ്ഞു" എന്നു മത്തായിയും മർക്കോസും, "എല്ലാം പൂർത്തിയായി" എന്നു യോഹന്നാനും യേശുവിന്റെ അന്ത്യമൊഴിയായി അവതരിപ്പിക്കുമ്പോൾ ലൂക്കാ യേശുവിന്റെ മരണത്തിന്റെ മറ്റൊരു മാനം വ്യക്തമാക്കുന്ന ഗുരുമൊഴി രേഖപ്പെടുത്തുന്നു. യേശുവിന്റെ മരണം ആത്മസമർപ്പണമാണ്. ആഴമേറിയ ധ്വനികളുണ്ട് ഈ തിരുവചനങ്ങൾക്ക്.

കർത്താവിലുള്ള ആശ്രയം ഏറ്റു പറയുന്ന, കർത്താവിനെ അഭയശിലയും ശക്തിദുർഗവുമായി ചിത്രീകരിക്കുന്ന 31-ാം സങ്കീർത്തനത്തിൽനിന്ന് ഒരു വാക്യം (31,5) ഉദ്ധരിച്ചുകൊണ്ടാണ് യേശു പ്രാർത്ഥിക്കുന്നത്. സങ്കീ 22,1 ഉദ്ധരിച്ചുകൊണ്ടു തുടങ്ങിയ കുരിശിലെ തിരുമൊഴികളിൽ അവസാനത്തേതും ഒരു സങ്കീർത്തനം ഉദ്ധരിക്കുന്നതു ശ്രദ്ധേയമാണ്. എല്ലാം തല്ലിത്തകർക്കുന്ന പ്രലോഭനങ്ങളുടെ രൂക്ഷതയും, ചുട്ടുചാമ്പലാക്കുന്ന പീഡനങ്ങളുടെ ഭീകരതയും യേശു വിജയകരമായി തരണം ചെയ്തു. പിതാവ് ഏല്പിച്ച ദൗത്യം പൂർത്തിയാക്കി. പിതാവിൽനിന്നു വന്നവൻ പിതാവിലേക്കുതന്നെ മടങ്ങുന്നു. യേശുവിന്റെ മരണത്തിനു നല്കുന്ന ഹൃദയഹാരിയും ഏവർക്കും അനുകരണീയവുമായൊരു ചിത്രം.

അമ്മയുടെ മടിയിൽ ഇരിക്കുന്ന ശിശുവിനെപ്പോലെ, പിതാവിന്റെ നീട്ടിയ കരങ്ങളിലേക്ക് സന്തോഷത്തോടെ ഓടിയടുക്കുന്ന ബാലനെപ്പോലെയാണ് യേശു തന്റെ മരണത്തെ കാണുന്നത്. ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ആദ്യത്തെ വചനവും പിതാവുമായി ബന്ധപ്പെട്ടതായിരുന്നു. ഉൽക്കണ്ഠാകുലരായിതന്നെ തേടിവന്ന മാതാപിതാക്കൾക്കു നല്കിയ മറുപടിയാണ് ആദ്യവചനം. "*എന്തിനാണ് നിങ്ങൾ എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?*" (ലൂക്കാ 2,49). പിതാവ് ഏല്പിച്ച ദൗത്യം പൂർത്തിയാക്കി ഇപ്പോൾ പിതാവിന്റെ കരങ്ങളിലേക്കു മടങ്ങുന്നു.

ഓരോ വ്യക്തിക്കും ഇതുപോലെ പറയാൻ കഴിയണം. മരണം ശൂന്യതയിലേക്കുള്ള വീഴ്ചയല്ല, പിതാവിന്റെ കരങ്ങളിലേക്കു നടത്തുന്ന സമർപ്പണമാണ്. നമ്മെ സ്വീകരിക്കാൻ നീട്ടിയ കരവുമായി കാത്തുനില്ക്കുന്ന ഒരു പിതാവുണ്ട് എന്ന് യേശു നമുക്ക് ഉറപ്പു നല്കിയിട്ടുണ്ട്, ധൂർത്തപുത്രന്റെ മടങ്ങിവരവിൽ സന്തോഷിച്ച് വിരുന്നൊരുക്കുന്ന പിതാവിന്റെ കഥയിലൂടെ.

രക്ഷാചരിത്രത്തെ മൂന്നു ഘട്ടങ്ങളായി തിരിച്ചാണ് ബൈബിൾ അവതരിപ്പിക്കുന്നത്. ദൈവപുത്രന്റെ മനുഷ്യവതാരം വരെയുള്ളത് ഒരുക്കത്തിന്റെ കാലമാണ്. പഴയനിയമം മുഴുവൻ ഈ കാലഘട്ടത്തിൽപ്പെടുന്നു. വചനം മാംസമായതുമുതൽ യേശുവിന്റെ മഹത്വീകരണംവരെ പൂർത്തീകരണത്തിന്റെ കാലം. യേശുവാണിവിടെ ശ്രദ്ധാകേന്ദ്രം. സുവിശേഷങ്ങൾ ഇതു രേഖപ്പെടുത്തുന്നു. തുടർന്നു വരുന്നത് പ്രഘോഷണത്തിന്റെ കാലഘട്ടമാണ്. പ്രാർത്ഥനാനിരതരായി കാത്തിരുന്ന അപ്പസ്തോല സമൂഹത്തിന്മേൽ പരിശുദ്ധാത്മാവ് ആവസിച്ചതോടെ ഈ മൂന്നാംഘട്ടം ആരംഭിക്കുന്നു. പുതിയ നിയമത്തിലെ മറ്റുള്ള പുസ്തകങ്ങൾ ഇതു വിവരിക്കുന്നു.

യേശുവിന്റെ മരണത്തിലൂടെയാണ് പരിശുദ്ധാത്മാവു നല്കപ്പെട്ടത്. പിതാവിന്റെ കരങ്ങളിൽ ഏല്പിച്ച പരിശുദ്ധാത്മാവ് ഇന്നു സഭയിൽ പ്രവർത്തിക്കുന്നു, ഓരോ വ്യക്തിയിലും. ആത്മാവിന്റെ പ്രചോദനങ്ങൾക്കു കാതോർക്കാം.

# 43

## രാജകീയ നഗരപ്രവേശം

**"അവന്റെ മുമ്പിലും പിമ്പിലും നടന്നിരുന്നവർ വിളിച്ചു പറഞ്ഞു ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ! നമ്മുടെ പിതാവായ ദാവീദിന്റെ സമാഗതമാകുന്ന രാജ്യം അനുഗൃഹീതം! ഉന്നതങ്ങളിൽ ഹോസാന!"** (മർക്കോ 11, 9-10).

നോമ്പുകാലത്തിന്റെ ഏഴാമത്തേതും അവസാനത്തേതുമായ ആഴ്ച "വലിയ ആഴ്ച" എന്നും "വിശുദ്ധവാരം" എന്നും അറിയപ്പെടുന്നു. യേശു ജറുസലെം നഗരത്തിലേക്ക്, അനേകായിരങ്ങളുടെ അകമ്പടിയോടെ, ഹോസാന വിളികളുടെ മധ്യേ, കഴുതപ്പുറത്ത്, പ്രവേശിച്ചതിന്റെ ഓർമ്മ ആചരിച്ചുകൊണ്ടു തുടങ്ങുന്ന വിശുദ്ധവാരം യേശുവിന്റെ ഉത്ഥാനം ആഘോഷിക്കുന്ന ഉയിർപ്പു തിരുനാളോടെയാണ് സമാപിക്കുന്നത്. ഈ രണ്ടു ഞായറാഴ്ചകൾക്കു മധ്യേ യേശുവിന്റെ ജറുസലെമിലെ സുവിശേഷപ്രഘോഷണം, യഹൂദനേതൃത്വവുമായുള്ള അതിരൂക്ഷമായ സംഘട്ടനം, പെസഹാ ആചരണം, പിഡാനുഭവം, കുരിശുമരണം എന്നിവ അനുസ്മരിക്കുന്നു.

വലിയ ആഴ്ച, അഥവാ പീഡാനുഭവവാരം, ആരംഭിക്കുന്ന ഞായറാഴ്ച ഓശാന ഞായർ എന്നും കുരുത്തോലത്തിരുനാൾ എന്നും അറിയപ്പെടുന്നു. തന്റെ അത്ഭുതപ്രവൃത്തികളും അതുവഴി വെളിപ്പെടുന്ന വ്യക്തിത്വവും ആരെയും അറിയിക്കാതെ രഹസ്യമായി സൂക്ഷിക്കണം എന്നു നിർബ്ബന്ധമായും ആവശ്യപ്പെട്ടിരുന്ന യേശു ഇപ്പോൾ പതിവിനു വിരുദ്ധമായി, മുൻകൈ എടുത്ത് തലസ്ഥാനനഗരിയായ ജറുസലെമിലേക്ക് രാജകീയമായി പ്രവേ

ശിക്കുന്നു. ഇതോടെ യേശുവിന്റെ പരസ്യജീവിതത്തിലെ ഏറ്റം നിർണ്ണായകമായ സംഭവപരമ്പരകൾ തുടങ്ങുകയായി. നാലു സുവിശേഷങ്ങളും ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. പഴയ നിയമത്തിലെ അനേകം പ്രവചനങ്ങളുടെയും പ്രതീകങ്ങളുടെയും പൂർത്തീകരണം ഇവിടെ കാണാൻ കഴിയും. അവയിൽ ചിലതുമാത്രം എടുത്തുകാട്ടട്ടെ.

**1. കഴുത:** വിനയത്തിന്റെ മാതൃകയായിട്ടാണ് കഴുത ബൈബിളിൽ പരിഗണിക്കപ്പെടുന്നത്. യുദ്ധം ചെയ്യാൻ പോകുന്ന രാജാവ് കുതിരപ്പുറത്തു യാത്ര ചെയ്യുന്നു. എന്നാൽ യുദ്ധം ജയിച്ച് നഗരത്തിലേക്കു മടങ്ങിവരുന്നത് കഴുതപ്പുറത്തായിരിക്കും. സമാധാനം പുനഃസ്ഥാപിച്ചതിന്റെ അടയാളം കൂടിയാണ് കഴുത. യേശു കഴുതപ്പുറത്ത് യാത്രചെയ്ത് നഗരത്തിൽ പ്രവേശിക്കുമ്പോൾ ഈ സന്ദേശമാണ് ലഭിക്കുന്നത്. ഇത് ഒരു പ്രവചനത്തിന്റെ പൂർത്തീകരണവുമാണ്. "*അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി കഴുതപ്പുറത്ത്... കയറിവരുന്നു*" (സഖ 9, 8). വിജയം, വിനയം, സമാധാന സംസ്ഥാപനം ഇതെല്ലാം കഴുതയുടെ പ്രതീകം സൂചിപ്പിക്കുന്നു.

**2. ഹോസാന:** ജനക്കൂട്ടം ആർപ്പുവിളിക്കുന്ന "ഹോസാന" എന്ന വാക്ക് ഒരു പ്രാർത്ഥനയും ഒപ്പം ജയ്‌വിളിയുമാണ്. "കർത്താവേ രക്ഷിക്കണേ" എന്നർത്ഥമുള്ള "ഹേഷെയാ നാ" എന്ന രണ്ടു ഹീബ്രുവാക്കുകൾ ലോപിച്ചതാണ് ഹോസാനാ. മിശിഹാ രാജാവിനെ അയച്ച് ഞങ്ങളെ രക്ഷിക്കണമേ എന്ന പ്രാർത്ഥന ആയിരുന്നു ഇത്. പിന്നീട് രാജാവിനെ എതിരേൽക്കുന്ന ജയ്‌വിളിയായി.

**3. കർത്താവിന്റെ നാമത്തിൽ വരുന്നവൻ:** ജനത്തെ രക്ഷിക്കാനായി ദൈവം അയയ്ക്കുന്ന മിശിഹാ രാജാവാണ് ഇവിടെ വിവക്ഷ. ഹോസാന വിളിയും ഈ ഉദ്ഘോഷണവും ജനം കൈകളിൽ ഏന്തുന്ന ഈന്തപ്പനയോലയും (യോഹ 12,13) എല്ലാം 118-ാം സങ്കീർത്തനത്തിൽ കാണുന്നവയാണ്.

**4. ദാവീദിന്റെ രാജ്യം:** നാഥാന്റെ പ്രവചനത്തെ (2 സാമു 7,6-17) അടിസ്ഥാനമാക്കി ദാവീദിന്റെ രാജ്യം എന്നേക്കും നിലനില്ക്കുമെന്നു ജനം പ്രതീക്ഷിച്ചിരുന്നു. എന്നാൽ ബി.സി. 587-ൽ ദാവീദിന്റെ വംശത്തിലെ അവസാനത്തെ രാജാവായ സെദെക്കിയാ ബാസിലോണിലേക്ക് നാടുകടത്തപ്പെട്ടു. അതോടെ ദാവീദിന്റെ

രാജ്യം നാമാവശേഷമായി; സിംഹാസനം ശൂന്യമായി. ഇനിയും ഒരു രാജാവു വരും, ദാവീദിന്റെ രാജ്യം പുനഃസ്ഥാപിക്കും എന്ന പ്രതീക്ഷ ജനം കാത്തുസൂക്ഷിച്ചു. അതിന്റെ പൂർത്തീകരണമായി യേശുവിന്റെ നഗരപ്രവേശനത്തെ അവർ കണ്ടു, ആഹ്ലാദി ച്ചാർത്തുവിളിച്ചു.

യേശു രാജാവാണ്. എന്നാൽ ഇസ്രായേൽ ജനം പ്രതീക്ഷി ച്ചതുപോലൊരു രാജാവല്ല; ദാവീദിന്റെ സാമ്രാജ്യം പുനഃസ്ഥാ പിക്കുന്നവനുമല്ല. യേശു സ്ഥാപിക്കുന്നത് ദൈവത്തിന്റെ രാജ്യ മാണ്. എല്ലാവരെയും ഉൾക്കൊള്ളുന്ന, എല്ലാവരെയും ദൈവ മക്കളും അവകാശികളുമാക്കുന്ന, "*നീതിയും സമാധാനവും പരി ശുദ്ധാത്മാവിലുള്ള സന്തോഷവും*" (റോമാ 14,17) എല്ലാവർക്കും ലഭ്യമാക്കുന്ന ദൈവഭരണമാണ് യേശു സ്ഥാപിക്കുന്ന ദൈവ രാജ്യം.

യേശുവിനെ രാജാവായി പ്രഘോഷിക്കുകയും ഹോസാന വിളിച്ച് പ്രദക്ഷിണം വയ്ക്കുകയും ചെയ്യുന്നവർ ഓർക്കണം, യേശുവിന്റെ രാജത്വത്തിന്റെയും രാജ്യത്തിന്റെയും പ്രത്യേക തകൾ. ആ രാജ്യത്തിലേക്കു പ്രവേശിക്കാൻ ഒന്നേ ആവശ്യമുള്ളൂ. "*ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം*" (യോഹ 13,34). ഏറ്റം ചെറിയവർക്ക് ഈ സ്നേഹം അനുഭവവേദ്യമാകണം (മത്താ 25,31-46). ഓശാന ഞായർ അതിനുള്ള ഒരു ക്ഷണമായി കരുതണം.

# 44

## ദേവാലയ ശുദ്ധീകരണം

**"അവൻ ദേവാലയത്തിൽ പ്രവേശിച്ച്, അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെ പുറത്താക്കാൻ തുടങ്ങി. നാണയ മാറ്റക്കാരുടെ മേശയും പ്രാവുവില്പനക്കാരുടെ ഇരിപ്പിടങ്ങളും അവൻ തട്ടിമറിച്ചു... അവൻ അവരെ പഠിപ്പിച്ചു: എന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിട്ടില്ലേ? നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കി ത്തീർത്തിരിക്കുന്നു"** (മർക്കോ 11,15-17).

ജറുസലെമിലേക്ക് രാജകീയമായി പ്രവേശിച്ച യേശുവിന്റെ ആദ്യത്തെ പ്രവൃത്തിയായി സമാന്തരസുവിശേഷങ്ങൾ അവതരിപ്പിക്കുന്നതാണ് ദേവാലയ ശുദ്ധീകരണം. യോഹന്നാനും ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. അതു പരസ്യജീവിതത്തിന്റെ ആരംഭത്തിൽ, ഒരു പെസഹാത്തിരുനാളിനോടനുബന്ധിച്ചാണ് (യോഹ 2,13-22).

ഇസ്രായേൽക്കാർക്ക് ഒരേ ഒരു ദേവാലയമേ ഉണ്ടായിരുന്നുള്ളു. സിനഗോഗ് എന്ന പേരിൽ അറിയപ്പെടുന്ന അനേകം പ്രാർത്ഥനാലയങ്ങൾ ഉണ്ടായിരുന്നെങ്കിലും ബലിയർപ്പണം നടത്തുന്ന ദേവാലയം ജറുസലെമിൽ മാത്രമായിരുന്നു. ദൈവത്തിന്റെ പാദപീഠവും ഭവനവുമായി കരുതിയിരുന്ന ജറുസലെം ദേവാലയത്തിലേക്ക് തീർത്ഥാടകരായി വരുക എല്ലാ യഹൂദരുടെയും വലിയൊരു ആഗ്രഹവും സ്വപ്നവുമായിരുന്നു. "*സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം! എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിൽ എത്താൻ വാഞ്ഛരിച്ചു തളരുന്നു*" (സങ്കീ 84,1). തീർത്ഥാടകർ ആലപിച്ചിരുന്ന ഈ സങ്കീർത്തനം മുഴുവൻ ദേവാലയത്തിന്റെ പരിശു

ദ്ധിയും പ്രാധാന്യവും വർണ്ണിക്കുന്നു. അവിടേയ്ക്കാണ് യേശു ചാട്ടവാറുമായി കടന്നുവന്നത്.

ഇതു വലിയ അനാചാരവും ദൈവദൂഷണവുമായേ യഹൂദ നേതൃത്വത്തിനു കാണാൻ കഴിയുമായിരുന്നുള്ളു. യേശുവിനെതിരേ അവരുടെ ശത്രുതാമനോഭാവം വർദ്ധിക്കുന്നതിനും വധിക്കാൻ തീരുമാനിക്കുന്നതിനും ഇതു കാരണമായി. എന്താണ് ഇപ്രകാരം ഒരു പ്രവർത്തനത്തിന് യേശുവിനെ പ്രേരിപ്പിച്ചത്? എന്തു സന്ദേശമാണ് നമുക്ക് ഇതിൽനിന്നു ലഭിക്കുന്നത്?

ദേവാലയം തന്റെ പിതാവിന്റെ ഭവനമാണെന്നു യേശു പറയുന്നു. യേശുവിന്റെ ദൈവികതയിലേക്കുള്ള ഒരു സൂചന ഇതിൽ കാണാം. എല്ലാ ജനതകൾക്കും പ്രാർത്ഥിക്കാനുള്ള ഇടമാണ് ദേവാലയം. അതിനെ കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു. ഇതാണ് മുഖ്യആരോപണം. ദേവാലയത്തിൽ ബലിയർപ്പിക്കാനുള്ള മൃഗങ്ങളെ, ദേവാലയത്തിന്റെ ഭാഗമായ, വിജാതീയരുടെ അങ്കണത്തിൽ കച്ചവടം ചെയ്തിരുന്നു. ശുദ്ധമൃഗങ്ങൾ എന്ന് ഉറപ്പുനല്കിയിരുന്നെങ്കിലും പുറത്ത് ചന്തയിൽ കിട്ടുന്നതിന്റെ പലമടങ്ങ് കൂടുതലായിരുന്നു ഇവിടെ മൃഗങ്ങൾക്കു വില. ദേവാലയ ഭണ്ഡാരത്തിൽ നേർച്ചയിടാനായി രാജാക്കന്മാരുടെ ചിത്രവും മുദ്രയും ആലേഖനം ചെയ്ത വിദേശനാണയങ്ങൾ മാറ്റി, ദേവാലയത്തിൽ സ്വീകാര്യമായ ഷെക്കൽ നല്കുന്ന നാണയമാറ്റകടകളും വിജാതീയരുടെ അങ്കണത്തിൽത്തന്നെ പ്രവർത്തിച്ചിരുന്നു. ഇവിടെ നടന്ന വിലപേശലുകൾ ദേവാലയത്തെ ചന്തയാക്കി; കച്ചവടത്തിൽ നേടിയ കൊള്ളലാഭം അതിനെ കൊള്ളക്കാരുടെ താവളമാക്കി. ദൈവത്തിന്റെ ആലയം അശുദ്ധമാക്കുന്ന പ്രവൃത്തികൾക്ക് പുരോഹിതന്മാർ നേതൃത്വം നല്കി. ഇതാണ് യേശുവിന്റെ പ്രവൃത്തിയുടെ പശ്ചാത്തലം. ഇതിൽനിന്ന് സുപ്രധാനമായ ചില പാഠങ്ങൾ നമുക്കു പഠിക്കാനുണ്ട്.

1. ദൈവാരാധനയ്ക്കും പ്രാർത്ഥനയ്ക്കുമായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന സ്ഥലമാണു ദേവാലയം. അതിനെ കച്ചവടകേന്ദ്രമാക്കരുത്. 2. എല്ലാവർക്കും ദൈവികസാന്നിധ്യം അനുഭവിക്കാൻ സഹായിക്കുന്ന ഇടമായിരിക്കണം ദേവാലയം. മനുഷ്യരെ പല തട്ടുകളായി തിരിക്കുന്ന വേർതിരിവുകൾ അവിടെയുണ്ടാകരുത്. ദേവാലയം ഒരു പ്രതീകമാണ്. ജനമധ്യത്തിലുള്ള

ദൈവിക സാന്നിധ്യത്തിന്റെ പ്രതീകം. ദൈവവചനം മാംസം ധരിച്ച്, മനുഷ്യനായി നമ്മുടെ ഇടയിൽ വസിച്ചതോടെ യേശുവിന്റെ ശരീരമായി യഥാർത്ഥ ദൈവാലയം. "*ഈ ആലയം നശിപ്പിക്കുവിൻ, മൂന്നു ദിവസത്തിനകം ഞാനതു പുനരുദ്ധരിക്കും*" (യോഹ 2,20). തന്റെ ശരീരമാകുന്ന ആലയത്തെക്കുറിച്ചാണ് യേശു ഇതു പറഞ്ഞത് എന്നു യോഹന്നാൻ തുടർന്നു വിശദീകരിക്കുന്നതിലൂടെ ദൈവാലയത്തിനു പുതിയൊരു മാനം ലഭിക്കുന്നു. മനുഷ്യനിർമ്മിതമായ ആലയങ്ങൾ ദൈവത്തിന്റെ വാസസ്ഥലമല്ല, വിശ്വാസികൾ ഒരുമിച്ചു പ്രാർത്ഥിക്കാനും ദൈവസാന്നിധ്യം അനുഭവിക്കാനും സഹായിക്കുന്ന ഇടം മാത്രം. യഥാർത്ഥ ദൈവാലയം യേശുവാണ്. 3. ഉത്ഥിതനായ യേശു സ്ഥലകാലങ്ങൾക്ക് അതീതനാണ്. അതിനാൽ ദൈവിക സാന്നിധ്യം തേടിയുള്ള പ്രയാണങ്ങൾ ഏതെങ്കിലും ഇടത്തിലേക്കല്ല, യേശു വസിക്കുന്ന ഹൃദയത്തിലേക്കാണ് നടത്തേണ്ടത്. ഹൃദയത്തിൽ വസിക്കുന്ന യേശുവിനെ കാണാതെ തീർത്ഥാടന കേന്ദ്രങ്ങൾ തേടിയാൽ ദൈവികസാന്നിധ്യം അനുഭവിക്കാൻ കഴിഞ്ഞെന്നു വരില്ല. 4. മനുഷ്യശരീരം ദൈവാലയമാണ്. "*നിങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ?*" (1 കോറി 6,19). ശരീരങ്ങളെ പവിത്രമായി സൂക്ഷിക്കണം. മനുഷ്യശരീരത്തെ അശുദ്ധമാക്കുന്ന പ്രവൃത്തികൾ ദേവാലയത്തെ അശുദ്ധമാക്കുന്നതിനു തുല്യമാണ്. 5. എല്ലാ മനുഷ്യരിലും, പ്രത്യേകിച്ച് ദരിദ്രരും രോഗികളും പീഡിതരുമായ മനുഷ്യരിൽ ദൈവത്തെക്കണ്ട് ശുശ്രൂഷിക്കണം. മറിച്ചായാൽ അത് ദേവാലയം അശുദ്ധമാക്കുന്നതിനു തുല്യമായിരിക്കും. 6. യേശുവിന്റെ ശരീരമായ സഭയും ദൈവത്തിന്റെ ആലയമാണ് (1 കോറി 12,27); ഓരോ വിശ്വാസിയും അതിലെ അവയവങ്ങളും.

ജീവിക്കുന്ന ദൈവാലയങ്ങളായ മനുഷ്യശരീരങ്ങളെ അവഗണിച്ച്, അതിമനോഹരമായ ദേവാലയങ്ങൾ പടുത്തുയർത്തുമ്പോൾ യേശു ഉയർത്തിയ ചാട്ടവാറിന്റെ ശീൽക്കാരം കാതിൽ മുഴങ്ങണം. ഉണങ്ങിനില്ക്കുന്ന അത്തിമരത്തിന്റെ ചിത്രം മനസിൽ തെളിയണം. യഥാർത്ഥ ദൈവാലയങ്ങളെ തിരിച്ചറിയാനും ആദരിക്കാനും അവിടെ യഥാർത്ഥ ദൈവശുശ്രൂഷ നടത്താനും നാഥൻ തന്നെ ഉൾക്കണ്ണുകൾ തുറന്നുതരട്ടെ!

45

## ഫലം തരാത്ത അത്തിവൃക്ഷം

**"അടുത്ത ദിവസം അവർ ബഥാനിയായിൽനിന്നു വരുമ്പോൾ അവനു വിശക്കുന്നുണ്ടായിരുന്നു. അകലെ തളിരിട്ടു നില്ക്കുന്ന ഒരു അത്തിമരം കണ്ട്, അതിൽ എന്തെങ്കിലും ഉണ്ടാകും എന്നു കരുതി അടുത്തുചെന്നു. എന്നാൽ ഇലകളല്ലാതെ മറ്റൊന്നും കണ്ടില്ല. അത് അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു. അവൻ പറഞ്ഞു: ആരും ഇനിയൊരിക്കലും നിന്നിൽനിന്നു പഴം തിന്നാതിരിക്കട്ടെ! അവന്റെ ശിഷ്യന്മാർ അതു കേട്ടു"** (മർക്കോ 11, 12-14).

തികച്ചും ബുദ്ധിശൂന്യവും ക്രൂരവും എന്നു തോന്നാവുന്ന ഒരു പ്രവൃത്തിയാണ് മർക്കോസ് ഇവിടെ വിവരിക്കുന്നത്. മത്തായിയും ഈ സംഭവം വിവരിക്കുന്നുണ്ട്, അല്പം വ്യത്യാസങ്ങളോടെ. മറ്റു സുവിശേഷങ്ങളിൽ ഇതില്ല. എന്നാൽ ഇതിനു സമാനമായ ഒരു സംഭവം ലൂക്കാ വിവരിക്കുന്നുണ്ട്, ഒരു ഉപമയുടെ രൂപത്തിൽ. വിശുദ്ധവാരത്തിന്റെ തുടക്കത്തിൽ, ജറുസലെമിലേക്കു രാജകീയമായി പ്രവേശിച്ചതിന്റെ പിറ്റേന്ന് എന്തേ യേശു ഇങ്ങനെ ഒരു പ്രവൃത്തി ചെയ്തു? അത്തിപ്പഴത്തിന്റെ കാലമല്ലാതിരിക്കെ, പഴമില്ല എന്നതിന്റെ പേരിൽ എന്തേ ആ മരത്തെ ശപിക്കുന്നു? വിശപ്പിന്റെ കാഠിന്യത്താൽ സുബോധം നഷ്ടപ്പെട്ടോ?

മത്തായിയുടെ വിവരണത്തിൽ പഴത്തിന്റെ കാലമല്ലായിരുന്നു എന്ന സൂചനയില്ല. യേശുവിന്റെ വാക്കുകേട്ട ഉടനെ മരം ഉണങ്ങി. എന്നാൽ മർക്കോസിന്റെ വിവരണത്തിൽ പിറ്റേന്നാണ് മരം ഉണങ്ങിപ്പോയതായി കാണുന്നത്. തന്നെയുമല്ല, ശാപത്തിനും ഉണങ്ങലിനും മധ്യേ സുപ്രധാനമായൊരു സംഭവം മർക്കോസ്

രേഖപ്പെടുത്തിയിട്ടുണ്ട്, ദേവാലയ ശുദ്ധീകരണം. ഇതുതന്നെ വിശദീകരണത്തിന് വഴി തുറക്കുന്നു.

ഒരുമിച്ചു പോകേണ്ട ഒരു വിവരണം രണ്ടായി പിളർന്ന്, അതിനു മധ്യേ മറ്റൊരു വിവരണം ചേർക്കുന്നത് ഒരു സാഹിത്യ രൂപമാണ്. സാൻഡ്‌വിച്ച് വിവരണം (Sandwich narrctive) എന്നു പറയും. ഈ രണ്ടു സംഭവങ്ങൾ പരസ്പരം വ്യാഖ്യാനിക്കുന്നു. മധ്യത്തിൽ തിരുകിയതിനു കൂടുതൽ പ്രാധാന്യമുണ്ട്. ഇവിടെ ഫലശൂന്യമായ അത്തിവൃക്ഷം ഫലശൂന്യമായ ദേവാലയത്തിന്റെ പ്രതീകമാകുന്നു. ധാരാളം ഇലകളുള്ള മരത്തിൽ പഴങ്ങൾ ഉണ്ടാകാം എന്ന പ്രതീക്ഷ ഉണർത്തുന്നു. അതുപോലെയാണ് അകലെനിന്നു നോക്കുമ്പോൾ ജനിബിഡമായ ദേവാലയം. ലക്ഷ ക്കണക്കിന് ആളുകൾ, ആഘോഷങ്ങൾ, ബലിയർപ്പണങ്ങൾ. എന്നാൽ അടുത്തു ചെന്നുനോക്കുമ്പോൾ ദേവാലയം ചന്തയായി ത്തീർന്നിരിക്കുന്നു. ജനത്തെ വഞ്ചിക്കുന്ന, അർത്ഥശൂന്യമായ, വെറും പൊള്ളയായ ഒരു അടയാളം. ദൈവം വസിക്കാത്ത ആല യത്തിന് നിലനില്പില്ല. അതിന്റെ നാശം അടുത്തിരിക്കുന്നു. ഈ സന്ദേശമാണ് ഫലശൂന്യമായ അത്തിവൃക്ഷത്തിന്റെ അനുഭവത്തി ലൂടെ സുവിശേഷകൻ രേഖപ്പെടുത്തുന്നത്.

ഇതേ സന്ദേശം ഒരു ഉപമയുടെ രൂപത്തിൽ ലൂക്കാ അവതരി പ്പിക്കുന്നുണ്ട് (13, 6-9). മുന്തിരിത്തോട്ടത്തിൽ നട്ടുവളർത്തിയ അത്തിവൃക്ഷം ഫലശൂന്യമായി നല്ക്കുന്നു. വേലക്കാരന്റെ യാചന മാനിച്ച് അതിന് ഒരു വർഷം കൂടെ നീട്ടിക്കൊടുത്തിരി ക്കുന്നു. എന്നിട്ടും ഫലം കായ്ച്ചില്ലെങ്കിൽ വെട്ടിക്കളയും. ജറു സലെമിലേക്കുള്ള യാത്രാമധ്യേ ആണ് യേശു ഈ ഉപമ പറ ഞ്ഞത് യേശു ജറുസലെമിൽ എത്തിയതോടെ ഈ കാലാവധി കഴിഞ്ഞു.

അത്തിവൃക്ഷവും ദേവാലയവും ജനത്തിന്റെ പ്രതീകമാണ്; ഇസ്രായേലിന്റെ മാത്രമല്ല, നമ്മുടെയും. ബാഹ്യമോടികളിൽ ഭ്രമിക്കുന്നവർക്ക് നീതി, കാരുണ്യം, വിശ്വസ്തത എന്നീ ഫലങ്ങൾ ഇല്ലെങ്കിൽ വെട്ടി തീയിൽ എറിയപ്പെടും. എന്നും പ്രസക്ത മായൊരു താക്കീത്.

46

## അനുകരിക്കേണ്ട മാതൃക

**“നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ഒരു മാതൃക നല്കിയിരിക്കുന്നു”** (യോഹ 13, 14–15).

കത്തോലിക്കാ ദേവാലയങ്ങളിൽ, പെസഹാ ആഘോഷത്തിന്റെ ഭാഗമായി നടത്തുന്ന ഒരാചാരമാണ് കാൽകഴുകൽ ശുശ്രൂഷ. കാർമ്മികൻ, തിരുവസ്ത്രങ്ങൾ മാറ്റിവച്ച്, അരയിൽ ഒരു കച്ചചുറ്റി, പന്ത്രണ്ടുപേരുടെ പാദങ്ങൾ കഴുകി ചുംബിക്കുന്നു. മാർപാപ്പാ മുതൽ ഇടവകവികാരിവരെ എല്ലാവരും അനുഷ്ഠിക്കുന്ന ഈ ആചാരം പെസഹാത്തിരുന്നാളിന്റെ അർത്ഥവും സന്ദേശവും വ്യക്തമാക്കാൻ സഹായിക്കും. യേശുവിന്റെ കല്പനയനുസരിച്ച് ആണ്ടിൽ ഒരിക്കൽ നടത്തുന്ന ഈ ആചാരത്തിന്റെ ആഴമേറിയ അർത്ഥം ഗ്രഹിക്കാൻ യേശുവിന്റെ തന്നെ മാതൃകയിലേക്കു തിരിയണം.

ആസന്നമായിരിക്കുന്ന തന്റെ മരണത്തിനുമുമ്പ്, ശിഷ്യന്മാരോടൊത്ത് യേശു ഭക്ഷിക്കുന്ന അവസാനത്തെ അത്താഴമാണിത്. ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള മോചനത്തിനു വഴിയൊരുക്കിയ പെസഹാക്കുഞ്ഞാടിന്റെ ബലി അനുസ്മരിക്കുന്ന അത്താഴവേളയിലാണ് യേശു അസാധാരണമായൊരു പ്രവൃത്തിയിലൂടെ അവർക്ക് ഒരു പാഠം നല്കുന്നത്.

കഴിഞ്ഞ മൂന്നു വർഷമായി കൂടെ നടന്ന അവർ യേശു

ആരെന്നോ, യേശുവിന്റെ ദൗത്യവും സന്ദേശവും എന്തെന്നോ, ഇനിയും മനസിലാക്കിയിട്ടില്ല. ആസന്നമായിരിക്കുന്ന തന്റെ മരണത്തെക്കുറിച്ചു പറഞ്ഞപ്പോഴൊക്കെ അവർ സിംഹാസനവും അധികാരവുമാണ് സ്വപ്നം കാണുന്നത് (മർക്കോ 10,32-45). ഏതാനും മണിക്കൂറുകൾക്കുള്ളിൽ യേശു അവരിൽനിന്ന് എടുക്കപ്പെടും, അതും അതിക്രൂരമാംവിധം. ശിഷ്യന്മാർ ഭയന്ന്, ചിതറി ഓടും. ഇനി അവരെ നേരിട്ടു പഠിപ്പിക്കാൻ തന്റെ ശാരീരികസാന്നിധ്യം ഉണ്ടായിരിക്കുകയില്ല. ഈ സാഹചര്യത്തിലാണ്, ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു പാഠം സ്വന്തം മാതൃകയിലൂടെ അവർക്കു നല്കിയത്. യോഹന്നാൻ മാത്രമേ ഈ സംഭവം രേഖപ്പെടുത്തിയിട്ടുള്ളു.

"*ഈ ലോകംവിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിന് മുമ്പ് യേശു അറിഞ്ഞു*" (യോഹ 13,1) എന്ന ആമുഖം തന്നെ പ്രവൃത്തിയുടെ പ്രാധാന്യം എടുത്തുകാട്ടുന്നു. പിതാവിന്റെ അടുക്കലേക്കു പോകുന്നതാണ് യേശുവിന്റെ പെസഹാ. അതു കുരിശുമരണത്തിലൂടെ ആയിരിക്കും. അതിനുമുമ്പു നല്കുന്ന നിർണ്ണായകമായൊരു പാഠമാണ് പാദം കഴുകൽ.

വിരുന്നിനു വരുന്നവരുടെ പാദം കഴുകി തുടയ്ക്കുന്നത് വീട്ടിലെ അടിമയുടെ ജോലിയാണ്. ശിഷ്യൻ ഗുരുവിന്റെ പാദവും കഴുകും. എന്നാൽ ഗുരു ശിഷ്യന്റെ പാദം കഴുകുക എന്നത് അവർക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. പത്രോസിന്റെ പ്രതിഷേധത്തിന് യേശു നല്കുന്ന മറുപടിയിൽ ഈ പ്രവൃത്തിയുടെ ഒരു മാനം വ്യക്തമാകുന്നു. "*ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല*" (യോഹ 13,8). പാദം കഴുകൽ ഒരു പ്രതീകമാണ്. യേശു തന്റെ മരണത്തെ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപം കഴുകി ശുദ്ധീകരിക്കുന്ന ബലിയായി കാണുന്നു. "നിന്നെ കഴുകുന്നില്ലെങ്കിൽ" എന്നത് ഈ ബലിയിലേക്കു വിരൽ ചൂണ്ടുന്നു. വെള്ളം കൊണ്ട് പാദം കഴുകുന്നത് രക്തംകൊണ്ടു ഹൃദയം കഴുകുന്നതിന്റെ പ്രതീകമായി കാണണം.

ശിഷ്യത്വത്തെയും അധികാരത്തെയും സംബന്ധിച്ച ഏറ്റം പ്രധാനപ്പെട്ട പാഠമാണിത്. സേവനത്തിനുള്ള അവകാശവും കടമയുമാണ് അധികാരം. ആണ്ടിലൊരിക്കൽ ആവർത്തിക്കുന്ന

ഒരാചാരം മാത്രമായി ഇതിനെ ഒതുക്കരുത്. അധികാരശ്രേണിയെ തലകുത്തിനിർത്തുന്ന ഒരു മാതൃക. ഏറ്റം വലിയ അധികാരി യുടെ സ്ഥാനം ഏറ്റം താഴെ ആയിരിക്കണം. ഈ മാതൃകയും കല്പനയും അനുസരിക്കാനും അനുകരിക്കാനും കഴിയുന്നവർക്കു മാത്രമേ യേശുവിന്റെ ശിഷ്യരാകാൻ കഴിയൂ!

വിജാതീയരിൽനിന്ന് യേശു ശിഷ്യരെ വ്യത്യസ്തരാക്കുന്ന താണ് ഈ മാതൃകയനുസരിച്ചുള്ള ജീവിതം. എന്നാൽ കാലക്ര മത്തിൽ ഈ മാതൃകയുടെ അർത്ഥം മറന്ന് ആണ്ടിലൊരിക്കൽ ആവർത്തിക്കുന്ന ഒരാഘോഷമായി പരിണമിച്ചിട്ടില്ലേ എന്ന സംശയം അനേകർക്കുണ്ടാകാം, സഭാനേതൃത്വത്തിൽപോലും നിലനില്ക്കുന്ന അധികാരമോഹവും വടംവലികളും കാണു മ്പോൾ.

അപ്പംമുറിച്ചു പങ്കുവയ്ക്കുന്നത് യോഹന്നാൻ രേഖപ്പെടുത്തി യിട്ടില്ല. അതിന്റെ അർത്ഥം സൂചിപ്പിക്കുന്നതാണ് ഈ പാദക്ഷാ ളനം. സ്വയം താഴ്ത്തുന്നതിന്റെ, ശൂന്യവൽക്കരണത്തിന്റെ, പങ്കു വയ്ക്കുന്ന സ്നേഹത്തിന്റെ അടയാളമാണത്. എന്നും നിലനിർ ത്തേണ്ട ശിഷ്യത്വത്തിന്റെ ഭാവം.

# 47

## പുതിയ പെസഹാ

**"പിന്നെ അവൻ അപ്പമെടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, മുറിച്ച്, അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: ഇതു നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ. അപ്രകാരം തന്നെ അത്താഴത്തിനുശേഷം അവൻ പാനപാത്രം എടുത്തുകൊണ്ട് അരുളിച്ചെയ്തു: ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്"** (ലൂക്കാ 22,19-20).

ഇസ്രായേൽ ജനം ആണ്ടുതോറും ആഘോഷിച്ചിരുന്ന, ഇന്നും ആഘോഷിക്കുന്ന, ഏറ്റം വലിയ തിരുന്നാളാണ് പെസഹാ. കടന്നുപോകൽ എന്നാണ് പെസഹാ എന്ന ഹീബ്രുവാക്കിന്റെ അർത്ഥം. രണ്ടു കടന്നുപോകലുകൾ ഈ തിരുനാളിൽ അനുസ്മരിക്കുന്നു. ഈജിപ്തുകാരുടെ ആദ്യജാതന്മാരെ വധിച്ച സംഹാരദൂതൻ, ഇസ്രായേൽക്കാരുടെ വീടുകളുടെ വാതിൽപടിയിൽ കുഞ്ഞാടിന്റെ രക്തം കണ്ടതിനാൽ അവരെ ഉപദ്രവിക്കാതെ കടന്നുപോയതാണ് ഒന്ന്. ഈജിപ്തിലെ അടിമത്തത്തിൽനിന്നു വാഗ്ദത്തഭൂമിയുടെ സ്വാതന്ത്ര്യത്തിലേക്ക്, അതും കടലിനുനടുവിൽ തെളിഞ്ഞ വഴിയിലൂടെ, കടന്നുപോന്നതിനെയും പെസഹാത്തിരുനാളിൽ അനുസ്മരിക്കുന്നു, ആഘോഷിക്കുന്നു.

ഈ പെസഹായ്ക്ക് യേശു തന്റെ ജീവിതവും മരണവും വഴി പുതിയ അർത്ഥവും മാനവും നല്കി. യോഹന്നാൻ ഇതു സുവിശേഷത്തിന്റെ രണ്ടാം ഭാഗം ആരംഭിക്കുന്നിടത്ത് വ്യക്തമായി എടുത്തു കാട്ടുന്നുണ്ട്. "*ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാ*

*ത്തിരുന്നാളിനുമുമ്പ് യേശു അറിഞ്ഞു"* (യോഹ 13,1). ഇനി പെഹസാദിനത്തിൽ ആഘോഷിക്കുന്നത് ഈജിപ്തിൽനിന്നു കാനാൻദേശത്തേക്കുള്ള കടന്നുപോകലിന്റെ ഓർമ്മയല്ല, ഈ ലോകത്തിൽനിന്ന് പിതാവിന്റെ അടുക്കലേക്ക് യേശു കടന്നു പോയതിന്റെ ഓർമ്മയാണ്.

കട്ടിളക്കാലിൽ പുരട്ടിയ കുഞ്ഞാടിന്റെ രക്തം സംഹാരദൂത നിൽനിന്നു സംരക്ഷണം നല്കിയെങ്കിൽ, പുതിയ പെസഹാ ക്കുഞ്ഞാടായ യേശുവിന്റെ രക്തം പാപത്തിൽനിന്നും നിത്യമര ണത്തിൽനിന്നും മോചനവും, ദൈവത്തോടൊന്നിച്ചുള്ള നിത്യ ജീവനിൽ പങ്കും നല്കുന്നു. പഴയ പെസഹാക്കുഞ്ഞാടിന്റെ സ്ഥാനത്ത്, മനുഷ്യനായി അവതരിച്ച ദൈവത്തിന്റെ പുത്രൻ തന്നെ ബലിയാടാകുന്നു. സ്നാപകൻ ഇതു ചൂണ്ടിക്കാണിച്ചു: *"ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്"* (യോഹ 1,26). യേശു പെസഹാത്തിരുനാളിൽ, അന്ത്യഅത്താഴ ത്തിന്റെ അവസരത്തിൽ, അപ്പത്തിന്റെയും വീഞ്ഞിന്റെയും പ്രതീ കങ്ങളിലൂടെ പുതിയ ബലി, പാപമോചനത്തിനുള്ള ഏകബലി, അർപ്പിച്ചു. പിറ്റേന്ന് കുരിശിൽ പ്രതീകമില്ലാതെ സ്വന്തം മരണ ത്തിലൂടെ ബലി പൂർത്തിയാക്കി.

ഇതിന്റെ ഓർമ്മ തന്റെ ശിഷ്യർ ആചരിക്കണം എന്ന് യേശു കല്പിച്ചു. മുറിയുന്ന അപ്പവും പങ്കുവയ്ക്കുന്ന പാനപാത്രവും ബലിയുടെ പ്രതീകങ്ങൾ മാത്രമല്ല, യേശുവിന്റെ ബലി യാഥാർ ത്ഥ്യമാക്കുന്ന അടയാളങ്ങളാണ്. ശിഷ്യന്മാർ ഒരുമിച്ചു കൂടുമ്പോൾ തന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യണം. പാദം കഴുകുന്ന വിന യവും സ്വയം മുറിച്ചു പങ്കുവയ്ക്കുന്ന സ്നേഹവും ആയിരിക്കണം ക്രൈസ്തവന്റെ മുഖമുദ്ര. അതാണ് യേശുവിന്റെ പെസഹാ നമ്മെ അനുസ്മരിപ്പിക്കുന്നത്. ഒപ്പം നാമും പിതാവിന്റെ ഭവനത്തിലേക്കു കടന്നുപോകേണ്ടവരാണെന്നും പെസഹാത്തിരുനാൾ ഓർമ്മപ്പെ ടുത്തുന്നു. മറക്കാതിരിക്കാം.

48

# കുരിശിലെ നിലവിളി

**"യേശു ഉച്ചത്തിൽ നിലവിളിച്ച് ജീവൻ വെടിഞ്ഞു. അപ്പോൾ ദേവാലയത്തിലെ തിരശ്ശീല മുകളിൽനിന്നു താഴെവരെ രണ്ടായി കീറി. അവന് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ, അവൻ ഇപ്ര കാരം മരിച്ചതുകണ്ട് പറഞ്ഞു: സത്യമായും ഈ മനുഷ്യൻ ദൈവ പുത്രനായിരുന്നു"** (മർക്കോ 15,38-39).

യേശുവിന്റെ മരണവും അതിനോടുള്ള ശതാധിപന്റെ പ്രതി കരണവും അവതരിപ്പിക്കുന്നതിൽ മർക്കോസിന്റെ വിവരണം വേറിട്ടുനില്ക്കുന്നു. ഉച്ചത്തിലുള്ള നിലവിളി മത്തായിയും രേഖ പ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശതാധിപന്റെ വിശ്വാസപ്രഖ്യാപന ത്തിനു കാരണം യേശുവിന്റെ മരണത്തോടനുബന്ധിച്ചുനടന്ന സംഭവങ്ങളാണ്. ലൂക്കായും യോഹന്നാനും ഈ നിലവിളി രേഖ പ്പെടുത്തിയിട്ടില്ല. രാജദ്രോഹകുറ്റം ചുമത്തി, കുരിശിൽ തറയ്ക്കപ്പെട്ട കുറ്റവാളിയുടെ മരണം ആരാച്ചാരായ ശതാധിപന്റെ മാന സാന്തരത്തിനും വിശ്വാസപ്രഖ്യാപനത്തിനും കാരണമായി എന്നു മർക്കോസ് എഴുതുമ്പോൾ, പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ ആഴമേറിയ അർത്ഥസൂചനകൾ ആ പ്രസ്താവനയിൽ ഒളിപ്പിച്ചു വച്ചിട്ടുണ്ട് എന്നു കരുതണം. എന്താണത്?

യേശുവിന്റെ മരണത്തിന്റെ പ്രത്യേകതയാണ് വിശ്വാസപ്ര ഖ്യാപനത്തിനു വഴിതെളിച്ചത്. ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടു ജീവൻവെടിഞ്ഞു. അതുതന്നെയാണ് പ്രത്യേകത. കാരണം കുരി ശിൽത്തൂങ്ങി മരിക്കുന്ന ഒരാൾക്ക് ഉച്ചത്തിൽ നിലവിളിക്കാൻ എന്നല്ല, ശരിയായി ശ്വസിക്കാൻപോലും കഴിയില്ല. ശ്വസിക്കാനും

സംസാരിക്കാനും ശ്വാസകോശം വികസിക്കണമെങ്കിൽ, ആണിയിൽ തുങ്ങിക്കിടക്കുന്ന കൈകൾ ബലംകൊടുത്ത്, ആണി തറച്ചിരിക്കുന്ന കാലുകളിൽ ക്ലേശിച്ച് ഊന്നിനില്ക്കണം. വേദനയാൽ പുളയുന്ന, ശ്വാസം കിട്ടാതെ ക്ലേശിക്കുന്ന ആ മനുഷ്യനിൽനിന്ന് പുറത്തുവരുന്നത് ഏറിയാൽ ഒരു ഞരക്കമായിരിക്കും. ഇവിടെയാണ് മർക്കോസിന്റെ അവതരണത്തിൽ ശതാധിപൻ കാണുന്ന പ്രത്യേകത. ശ്വാസംമുട്ടി മരിക്കുന്ന ഈ മനുഷ്യൻ ഇത്ര വലിയ ശബ്ദം പുറപ്പെടുവിക്കണമെങ്കിൽ, ഇയാൾ വെറും ഒരു മനുഷ്യനല്ല, സത്യമായും ദൈവപുത്രൻ തന്നെ ആയിരിക്കണം.

"ഉച്ചത്തിൽ നിലവിളിച്ചു" എന്ന വിവർത്തനം തന്നെ പൂർണ്ണമായും ശരിയല്ല. നിലവിളിക്കുക എന്നു പറയുമ്പോൾ ദുഃഖത്തിന്റെയും വേദനയുടെയും നിരാശയുടെയും ഒക്കെ പ്രകടനമായാണ് നാം അതിനെ കാണുന്നത്. "*വലിയൊരു ശബ്ദം പുറപ്പെടുവിച്ചു*" എന്നു മാത്രമേ ഗ്രീക്കുമൂലത്തിലുള്ളു. ആ വലിയ ശബ്ദം ദുഃഖത്തിന്റെ നിലവിളിയല്ല, വിജയിച്ചവന്റെ ആഹ്ലാദാട്ടഹാസമായി ശതാധിപൻ കണ്ടു. അതാണ് പ്രധാനം. തികച്ചും അപ്രതീക്ഷിതമായി, അതിവേഗം യേശു മരിച്ചു. കൂടെ കുരിശിൽ തറയ്ക്കപ്പെട്ടവരുടെ കാലുകൾ തല്ലിയൊടിച്ചു കൊല്ലേണ്ടിവന്നു, പക്ഷേ യേശു അപ്പോഴേക്കും മരിച്ചുകഴിഞ്ഞിരുന്നു (യോഹ 19,31-34).

യേശുവിന്റെ മരണം ഭീരുവായ ഒരു കുറ്റവാളിയുടെ പരാജയമല്ല, ധീരനായ യോദ്ധാവിന്റെ വിജയമായിരുന്നു. തന്നെ ഏല്പിച്ച ദൗത്യം പൂർത്തിയാക്കിയതിലുള്ള സന്തോഷം, തന്റെ മരണത്തിലൂടെ മനുഷ്യരക്ഷ സാധ്യമാക്കിയതിലുള്ള സംതൃപ്തി പ്രകടമാക്കുന്നതാണ് കുരിശിലെ വിജയാട്ടഹാസം. അതിനെ ദീനരോദനമായി കാണരുത്. യേശുവിന്റെ മരണത്തോടെ, ദേവാലയത്തിന്റെ അതിവിശുദ്ധ സ്ഥലത്തെ മറച്ചിരുന്ന വിരി മുകളിൽ നിന്നു താഴേക്കു കീറി; ദൈവം തന്നെ വലിച്ചുകീറിയതാണ്. ഇനി ദൈവത്തെ തേടി വിരിക്കുള്ളിലെ അന്ധകാരത്തിലേക്കല്ല, കാൽവരിയിലെ ക്രൂശിതനിലേക്കാണ് പോകേണ്ടത് എന്നു സുവിശേഷകൻ സൂചിപ്പിക്കുന്നു. ഇതു ദുഃഖവെള്ളിയല്ല; പാപത്തിന്മേൽ വിജയം വരിച്ച സന്തോഷത്തിന്റെ ദിവസമാണ്. നല്ല വെള്ളി അഥവാ Good Friday!

# 49

## ദൈവത്തിന്റെ മൗനം

**"വൈകുന്നേരമായപ്പോൾ അരിമത്തെയക്കാരൻ ജോസഫ് എന്ന ധനികൻ അവിടെയെത്തി. അവനും യേശുവിനു ശിഷ്യപ്പെട്ടിരുന്നു. അവൻ പീലാത്തോസിന്റെ അടുത്തുചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. അത് അവനു വിട്ടുകൊടുക്കാൻ പീലാത്തോസ് കല്പിച്ചു. ജോസഫ് ശരീരമെടുത്ത് ശുചിയായ ഒരു തുണിയിൽ പൊതിഞ്ഞ് പാറയിൽ വെട്ടിയുണ്ടാക്കിയ തന്റെ പുതിയ കല്ലറയിൽ സംസ്കരിച്ചു. കല്ലറയുടെ വാതിൽക്കൽ ഒരു വലിയ കല്ലു രുട്ടിവച്ചിട്ട് അവൻ പോയി"** (മത്താ 27, 57-60).

സമ്പൂർണ്ണ പരാജയത്തിന്റെ മൂർത്തഭാവമായിത്തോന്നാം യേശുവിന്റെ കല്ലറ. ജീവന്റെ ഉറവിടം എന്നു സ്വയം വിശേഷിപ്പിച്ചവൻ ഇപ്പോൾ ചലനമറ്റ്, മറ്റേതു മർത്ത്യനെയുംപോലെ കല്ലറയിൽ ശയിക്കുന്നു. ശിഷ്യന്മാരെല്ലാം ഭയന്ന് ഒളിച്ചു. യേശുവിന്റെ ശത്രുക്കൾ വിജയം ആഘോഷിച്ചു. യേശു പറഞ്ഞതു മുഴുവൻ നുണയായിരുന്നുവെന്ന് അവർ തെളിയിച്ചു. ജീവന്റെമേൽ മരണം, നന്മയുടെമേൽ തിന്മ ആധിപത്യം ഉറപ്പിച്ചതുപോലെ. മരിച്ചവൻ മരിച്ചുതന്നെ കിടക്കണം. ആരും അവന്റെ ശരീരം മോഷ്ടിക്കരുത് എന്നു ഉറപ്പുവരുത്താൻ റോമൻഗവർണറായ പീലാത്തോസിന്റെ അനുവാദത്തോടെ യഹൂദനേതാക്കൾ യേശുവിന്റെ കല്ലറയ്ക്കു മുദ്രവച്ചു, കാവൽ ഏർപ്പെടുത്തി. അവർ വിജയിച്ചു! ഇവിടെ ഏറ്റം ഭയാനകവും നിരാശാജനകവുമാണ് ദൈവത്തിന്റെ മൗനം. യേശുവിനെ ബന്ധിച്ചതുമുതൽ ഇങ്ങോട്ട് ദൈവത്തിന്റെ ഒരു ഇടപെടലും കാണാനില്ല. യേശുവിന്റെ ശത്രുക്കളുടെ വെല്ലുവിളികൾക്കു മറുപടി നല്കിയില്ല. യേശു കുരിശിൽ കിടന്നു നിലവിളിച്ചിട്ടും

യാതൊരു പ്രത്യുത്തരവും നല്കിയില്ല. മനസിലാക്കാൻ കഴി യാത്ത സംഭവപരമ്പരകൾ. ശിഷ്യരുടെ വിശ്വാസത്തെ പിടിച്ചു ലയ്ക്കുന്ന, അവരെ നിരാശയുടെ നീർക്കയത്തിലേക്കു വലിച്ചു താഴ്ത്തുന്ന, ദൈവത്തിന്റെ നിശ്ശബ്ദത. യേശു പറഞ്ഞതെല്ലാം സത്യമാണെങ്കിൽ സർവ്വശക്തനായ ദൈവത്തിന്റെ പുത്രനാണ് യേശുവെങ്കിൽ എന്തേ പിതാവ് ഇപ്രകാരം മൗനം പാലിക്കുന്നു? യേശുവിന്റെ ദൈവപുത്രത്വം മാത്രമല്ല, ദൈവത്തിന്റെ സ്വഭാവവും അസ്തിത്വംപോലും ചോദ്യം ചെയ്യപ്പെടാൻ അവസരം ഒരുക്കു ന്നതാണ് ഈ മൗനം. എന്താണിതിനർത്ഥം? എന്തു സന്ദേശ മാണ് ഇതിലൂടെ ലഭിക്കുക?

ദൈവത്തിന്റെ മൗനം നിത്യമല്ല; കഴിവുകേടിന്റെയോ സ്നേ ഹരാഹിത്യത്തിന്റെയോ അടയാളവുമല്ല. ദൈവം സ്നേഹത്തിന്റെ ആഴം വ്യക്തമാക്കിയ ഒരടയാളമാണിത്. മകനെ മരിക്കാൻ വിട്ടു കൊടുത്തവൻ, കല്ലറയടച്ച് മുദ്രവച്ച് ഭദ്രമാക്കാൻ അനുവദിച്ചവൻ, മനുഷ്യരോടുള്ള തന്റെ സ്നേഹം എത്ര വലുതെന്ന് കാണിച്ചു തരികയാണ്. തന്റെ ഏകജാതനെ നല്കാൻ മാത്രം അത്രയേറെ നമ്മെ സ്നേഹിക്കുന്ന ദൈവം. അത്യാഹിതങ്ങളും നഷ്ടങ്ങളു മായി തോന്നുന്ന സഹാചര്യങ്ങളിൽ എങ്ങനെ പ്രതികരിക്കണം എന്നു നമ്മെ പഠിപ്പിക്കുന്നതാണ് മുദ്രിതമായ കല്ലറയും ദൈവ ത്തിന്റെ മൗനവും.

ദൈവം വീണ്ടും ഇടപെടും. മനുഷ്യൻ വച്ച മുദ്രതകരും. കല്ലറ തുറക്കും. ശവശരീരം അവിടെ ഉണ്ടായിരിക്കില്ല. മരിച്ചവൻ ഉയിർ ക്കും. അതു ദൈവം നിശ്ചയിച്ച സമയത്തായിരിക്കും സംഭവി ക്കുക. അതിനാൽ പ്രത്യാശയോടെ കാത്തിരിക്കുക. സാഹചര്യ ങ്ങൾ എത്ര പ്രതികൂലവും നിരാശാജനകവുമായി തോന്നിയാലും കർത്താവിൽ ആശ്രയിക്കുക. രാത്രി അവസാനിക്കും. നിത്യമായ പ്രകാശം ഉദിക്കും. അതിനുവേണ്ടി കാത്തിരിക്കാൻ പഠിപ്പിക്കു ന്നതാണ്, പ്രേരിപ്പിക്കുന്നതാണ്, ദൈവത്തിന്റെ മൗനം. അതി നാൽ "*നീതിയും സ്നേഹവും മുറുകെപ്പിടിക്കുക. നിന്റെ ദൈവ ത്തിനുവേണ്ടി കാത്തിരിക്കുക*" (ഹോസി 12,6).

## 50

# ക്രിസ്തോസ് അനെസ്തെ!

## (Christos Aneste!)

**"ദൂതൻ സ്ത്രീകളോടു പറഞ്ഞു, ഭയപ്പെടേണ്ടാ. ക്രൂശിക്കപ്പെട്ട യേശുവിനെയാണു നിങ്ങൾ അന്വേഷിക്കുന്നത് എന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല. താൻ അരുളിച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു. അവൻ കിടന്ന സ്ഥലം വന്നു കാണുവിൻ. വേഗം പോയി അവന്റെ ശിഷ്യന്മാരോട്, അവൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടെന്നും നിങ്ങൾക്കുമുമ്പേ ഗലീലിയിലേക്കു പോകുമെന്നും അവിടെവച്ച് നിങ്ങൾ അവനെ കാണുമെന്നും പറയുവിൻ."** (മത്താ 28,5-7).

റോമാസാമ്രാജ്യത്തിൽ മതപീഡനം രൂക്ഷമായിരുന്ന കാലത്ത് ക്രിസ്ത്യാനികൾ പരസ്പരം തിരിച്ചറിയാൻ ഉപയോഗിച്ചിരുന്ന ഒരു കോഡുവാക്യമായിരുന്നു "ക്രിസ്തോസ് അനെസ്തെ" എന്ന രണ്ടു ഗ്രീക്കുവാക്കുകൾ. "ക്രിസ്തു ഉയിർത്തെഴുന്നേറ്റു" എന്നർത്ഥം. കേൾക്കുന്നതു ക്രിസ്ത്യാനിയാണെങ്കിൽ മറുപടി പറയും "അലേഥോസ് അനെസ്തെ". സത്യമായും ഉത്ഥാനം ചെയ്തു എന്നർത്ഥം. ക്രൈസ്തവന്റെ വ്യക്തിത്വം വെളിപ്പെടുന്നതാണ് ഈ വിശ്വാസപ്രഖ്യാപനം.

ദൈവദൂഷകൻ എന്ന് യഹൂദമതത്തിന്റെ സമുന്നതകോടതിയായ സാൻഹദ്രിനും കലാപകാരിയെന്ന് റോമൻ കോടതിയും വിധിച്ച്, കുരിശുമരണത്തിന് ഏല്പിച്ചുകൊടുക്കപ്പെട്ടവൻ, മരണത്തെ കീഴടക്കി, ഉയിർത്തെഴുന്നേറ്റു. കല്ലറയുടെ മുദ്ര തകർന്നു. കാവൽക്കാർ ഭയന്നോടി. മരിച്ചവൻ ജീവനോട് തിരിച്ചുവന്നു. ഇനി മരണത്തിന് അവന്റെമേൽ അധികാരമില്ല. ഇതുവരെ മൗനം

പാലിച്ച ദൈവം പ്രവർത്തിച്ചു. തന്റെ പുത്രന്റെ മരണത്തിലൂടെ പാപത്തെയും അതിനു പ്രേരകമായി നില്ക്കുന്ന പൈശാചിക ശക്തിയെയും ദൈവം കീഴടക്കി. മരണം ജീവനു വഴിമാറി. അതോടെ മരണത്തിന്റെ ശക്തിയും ഭീകരതയും നഷ്ടപ്പെട്ടു (1 കോറി 15,55-57).

ജീവൻ മരണത്തേക്കാൾ, സ്നേഹം വിദ്വേഷത്തേക്കാൾ, ദൈവം സാത്താനേക്കാൾ, നന്മ തിന്മയേക്കാൾ ശക്തമാണെന്നു തെളിയിക്കുന്ന സംഭവമാണ് യേശുവിന്റെ പുനരുത്ഥാനം. ഇതൊരു കെട്ടുകഥയല്ല, ഭീരുവിന്റെ ദിവാസ്വപ്നവുമല്ല. എതിരാളികൾ തന്നെ സാക്ഷ്യപ്പെടുത്തിയ ചരിത്രസത്യമാണ് യേശുവിന്റെ പുനരുത്ഥാനം. മരിച്ചവൻ ഉയിർക്കരുതെന്നു ശഠിച്ച്, കല്ലറയ്ക്കു മുദ്രവച്ച്, കാവൽ ഏർപ്പെടുത്തിയ യഹൂദമതനേതാക്കൾ തന്നെ ഇപ്പോൾ കാവൽക്കാർക്കു കൈക്കൂലികൊടുത്ത്, സത്യം മറച്ചുവയ്ക്കാനായി നുണ പറയാൻ പ്രേരിപ്പിക്കുന്നു (മത്താ 28,11-15). പക്ഷേ ആർക്കും നിഷേധിക്കാനോ മറച്ചുവയ്ക്കാനോ കഴിയില്ല ഈ ചരിത്രസത്യം.

കഴിഞ്ഞ ഇരുപതു നൂറ്റാണ്ടായി കോടാനുകോടി ജനങ്ങൾക്കു പ്രത്യാശയും സമാധാനവും നല്കുന്ന, ലക്ഷോപലക്ഷം രക്തസാക്ഷികൾക്ക് ശക്തിയും ധൈര്യവും നല്കുന്നതാണ് യേശുവിന്റെ ഉത്ഥാനം. ഇതാണ് ക്രിസ്തീയവിശ്വാസത്തിന്റെ അടിത്തറ; ശക്തികേന്ദ്രവും ഇതുതന്നെ. "*ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം*" (1 കോറി 15,14) എന്ന അപ്പസ്തോലന്റെ പ്രഖ്യാപനം ഉത്ഥാനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

യേശുവിന്റെ പുനരുത്ഥാനം നമ്മുടെയും പുനരുത്ഥാനത്തിനുള്ള അച്ചാരമാണ്. മനുഷ്യജീവിതം മരണത്തിൽ അവസാനിക്കുന്നതല്ല. മരണത്തോടെ ദൈവികസാന്നിധ്യത്തിലെത്തുന്ന മനുഷ്യന്റെ ശരീരം ലോകാവസാനത്തിൽ ഉയിർത്തെഴുന്നേല്ക്കും. ദൈവഹിതം അനുസരിച്ചു ജീവിച്ചവർ "*എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കുകയും ചെയ്യും*" (1 തെസ 4,17). ഉത്ഥിതൻ നല്കുന്ന ഏറ്റം വലിയ സമ്മാനമാണ് സമാധാനം (യോഹ 20,19). ലോകത്തിനു തരാനോ എടുത്തുമാറ്റാനോ കഴിയാത്ത ശാശ്വതമായ ശാന്തിയും സന്തോഷവും നല്കുന്ന സമാധാനം.

അതിനാൽ ഭയംവേണ്ടാ, നിരാശയും വേണ്ടാ. "*കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമല്ലെന്നു ബോധ്യപ്പെട്ട്, അവിടുത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച്, സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കുവിൻ*" (1 കോറി 15,55). ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ വസിക്കട്ടെ, സമൂഹങ്ങളെ ഭരിക്കട്ടെ.

❍